SEPTEMBER 2014 VOL :22, ISSUE: 9 ALHAQ

# അൽഹഖ്

തബൂക്ക് 1393 | ശവ്വാൽ–ദുൽഹജ്ജ് 1435 | ചിങ്ങം–കന്നി 1189

## വിശുദ്ധ ഖുർആൻ അതുല്യ ഗ്രന്ഥം

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ് ..)



**വിശുദ്ധ ഖുർആൻ അതുല്യ ഗ്രന്ഥം:**
ഇത് അതുല്യമായതും സകല കാര്യങ്ങളും അടങ്ങിയതും തികവുറ്റതുമായ ഒരു ഗ്രന്ഥമാകുന്നു. ഇതിൽ എല്ലാ കാര്യങ്ങളും സമ്പൂർണമായ നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. മുൻകാല ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ള പാകപ്പിഴകൾ അത് ചൂണ്ടിക്കാണിച്ചു. മുൻകാല ഗ്രന്ഥങ്ങളിലെ എല്ലാ ന്യൂനതകളും അത് നികത്തി.

(ഖുത്വുബ ജുമുഅ: 11.07.14)


പത്തി മടക്കി മാളത്തിലേക്ക് 3

അന്നൊരു ദിവസം സിഡ്നിയിൽ: 7

ഖുർആൻ തന്റെ ദാസർക്കുള്ള അല്ലാഹുവിന്റെ കത്ത് 13

വിശുദ്ധഖുർആന്റെ പത്ത് സവിശേഷതകൾ 16

# ഖാദിയാനിലേക്ക് റെയിൽപാത: ഒരു പ്രവചന സാക്ഷാത്കാരം

ചരിത്രം HISTORY



മസീഹ് മൗഊദ്

**1902** ൽ മസീഹ് മൗഊദ് (അ) ന് ഖാദിയാൻ വലിയൊരു പട്ടണമായതായും നോക്കെത്താ ദൂരം വരെ അങ്ങാടിയുള്ളതായിട്ടും ദർശനത്തിൽ അല്ലാഹു കാണിച്ചു കൊടുത്തു. 1905 ൽ മസീഹ് മൗഊദ് (അ) തന്റെ ഒരു ഒരു സ്വപ്നത്തെ കുറിച്ച് പറയുന്നു,

**"ഞാൻ ഖാദിയാനിലെ അങ്ങാടിയിലാണ്. തീവണ്ടി പോലുള്ള ഒരു വാഹനത്തിലാണ് ഞാൻ ഇരിക്കുന്നത്."**

ഹദ്റത് മസീഹ് മൗഊദ് (അ) താൻ ദൈവത്താൽ നിയോഗിതരാക്കപ്പെട്ടിരിക്കുന്നു എന്നു വാദിച്ച സമയത്ത് ഖാദിയാൻ ആരാലുമറിയപ്പെടാത്ത ഒരു കുഗ്രാമമായിരുന്നു. രണ്ടായിരത്തോളമായിരുന്നു ജനസംഖ്യ. ഖാദി യാന്റെ റെയിൽവേസ്റ്റേഷൻ 12 മൈൽ ദൂരത്തുള്ള ബട്ടാലയായിരുന്നു. ബട്ടാലയ്ക്കും ഖാദിയാനുമിടയിലുള്ളത് പൊട്ടിപ്പൊളിഞ്ഞ കുണ്ടും കുഴിയും നിറഞ്ഞ മൺപാതയായിരുന്നു. കാൽനടക്കാരും വാഹനങ്ങളിലെ യാത്രക്കാരും ഒരു പോലെ തളർന്നുപോകുന്ന വഴിയായിരുന്നു അത്. അക്കാലഘട്ടത്തിൽ ഖാദിയാനിലേക്ക് എത്തിപ്പെടുന്നത് വളരെ ദുഷ്കരമായിരുന്നു. വാഹനങ്ങൾ വളരെ ദുർലഭമായിരുന്നു. സാധാരണയായി ലഭിക്കുന്ന വാഹനങ്ങൾ കാളവണ്ടിയോ, കുതിരവണ്ടിയോ ആയിരുന്നു. ചിലപ്പോൾ മുഴുവൻ ദിവസവും നടന്നാലാണ് ഖാദിയാനിലെത്തുക. മഴ പെയ്താൽ അവസ്ഥ വളരെ പരിതാപകരമാകുമായിരുന്നു.




ബട്ടാല റെയിൽവേ സ്റ്റേഷൻ

**1927** ൽ യാതൊരു പ്രകോപനവുമില്ലാതെ പെട്ടെന്ന് റെയിൽവേ ബോർഡ് ബട്ടാലയിൽ നിന്ന് ബിയാസ് വരെ റെയിൽപാത തയ്യാറാക്കാൻ പദ്ധതിയിടുന്നു. എന്നാൽ ഇത് ഉടൻ നടപ്പിലാവില്ല എന്ന് ബോധ്യം വന്നതിനാൽ അത് ഉപേക്ഷിച്ചു. എന്നാൽ അല്ലാഹുവിന്റെ പദ്ധതി നടപ്പിലാകാൻ തുടങ്ങിയിരുന്നു. 1927 ന്റെ അവസാനത്തിൽ ഖാദിയാനപ്പുറത്തുള്ള ബൂട്ടാരി വരെ റെയിൽപാതയ്ക്കുള്ള അനുമതി ലഭ്യമായി. സർവേയെല്ലാം പെട്ടെന്ന് തന്നെ പൂർത്തിയാക്കി ഉടൻ ജോലി ആരംഭിച്ചു. വളരെ വേഗത്തിലായിരുന്നു നിർമാണപ്രവർത്തനങ്ങൾ നടന്നത്. രാത്രിയും പകലും ജോലി നിർബാധം തുടർന്നു. അവസാനം 1928 നവംബർ 14 ന് ഖാദിയാൻ അതിർത്തി വരെ റെയിൽപാത എത്തി.

അന്ന് സകൂളുൾക്കും കോളേജുകൾക്കും ഓഫീസുകൾക്കും അവധി നൽകി. എല്ലാവരും ഉൽസാഹത്തോടെ റെയിൽ പാത കാണുന്നതിനായി എത്തി. അതേ സമയം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) പറഞ്ഞു, പുതിയ മാർഗങ്ങൾ തുറക്കപ്പെടുമ്പോൾ പല തരത്തിലുള്ള അനിഷ്ടസംഭവങ്ങളും ഉണ്ടാകാം. അതിനാൽ മുഴുവൻ ജമാഅത്തും ഇത് അനുഗൃഹീതമായി ത്തീരുന്നതിനായി ദുആ ചെയ്യേണ്ടതാണ്. സദ്ഖ നൽകേണ്ടതാണ്. അങ്ങനെ പള്ളികളിൽ വിശേഷ ദുആ നടന്നു. സാധുക്കളിലും അഗതികളിലും സദഖ വിതരണം ചെയ്തു. 1928 നവംബർ 16 ന് ജുമുഅ നമസ്കാരം നടന്നു കൊണ്ടിരുന്ന സമയത്ത് റെയിൽവേപാത ഖാദിയാനിലെത്തി. ജുമുഅ നമസ്കാരാനന്തരം എല്ലാവരും സ്റ്റേഷനിലേക്ക് എത്തി. രണ്ടായിരത്തി അഞ്ഞൂറോളം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. റെയിൽവേ പണിക്കാർക്കും തൊഴിലാളികൾക്കും മധുരം വിതരണം ചെയ്തു. പ്രാദേശിക ചന്ദയിൽ നിന്നായിരുന്നു അത് ചെലവഴിച്ചത്. പിന്നീട് പകലും രാത്രിയും ഒരുപോലെ പരിശ്രമിച്ച് റയിൽവേസ്റ്റേഷനും മറ്റും പൂർത്തിയാക്കി. സ്റ്റേഷന്റെ പേര് ഖാദിയാൻ മുഗ്ളാൻ എന്ന് വെച്ചു. നേരത്തേ ബൂട്ടാരി വരെ നീട്ടാൻ ഉദ്ദേശിച്ച പാത ഖാദിയാന് ശേഷം ഉപേക്ഷിച്ചു. അങ്ങനെ അല്ലാഹുവിന്റെ അസാധാരണമായ സഹായത്താൽ ഇത് പൂർത്തിയായി. അതിന് ശേഷം ബന്ധപ്പെട്ട റെയിൽവേഓഫീസർക്ക് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ ഭവനത്തിൽ ഒരു സൽക്കാരം സംഘടിപ്പിക്കുകയുണ്ടായി. അന്നേരം യൂറോപ്യൻ ഓഫീസർ പറഞ്ഞത്, ഇതിന്റെ പൂർത്തീകരണത്തിനായി എന്റെയുള്ളിൽ അസ്വസ്ഥാജനകമായ ഒരു അവസ്ഥ സംജാതമായിരുന്നു. എത്രയും വേഗത്തിൽ ഇത് പൂർത്തിയാക്കുക എന്നത് മാത്രമായിരുന്നു എന്റെ ലക്ഷ്യം. തുടക്കത്തിൽ ബഹിശ്തി മഖ്ബറയുടെ ഭാഗത്തു കൂടിയായിരുന്നു റെയിൽപാത ഉദ്ദേശിച്ചത്. എന്നാൽ ജമാഅത്തിന്റെ ഭാഗത്ത് നിന്ന് അതിനെതിരിൽ ശ്രമം ഉണ്ടാകുകയും അവസാനം അത് വിജയിക്കുകയും ചെയ്തു.





ഖാദിയാൻ റെയിൽവേ സ്റ്റേഷൻ





*(താരീഖെ അഹ്മദിയ്യത്ത്: വാല്യം 9)*

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)



وَمَا تَسْـَٔلُهُمْ عَلَيْهِ مِنْ أَجْرٍ ۚ إِنْ هُوَ إِلَّا
ذِكْرٌ لِّلْعَٰلَمِينَ ﴿١٠٥﴾ (12: 105)



# വിശുദ്ധ ഖുർആൻ മുഴുലോകത്തിനും ദിക്ർ

ഓ പ്രവാചകാ, നീ നിഷേധികൾക്ക് തബ്ലീഗ് ചെയ്തു കൊണ്ടിരിക്കുന്നു, അവർക്ക് അല്ലാഹുവിന്റെ സന്ദേശം എത്തിച്ചു കൊണ്ടിരിക്കുന്നു. അതിനവരോട് നീ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. മറിച്ച് യഥാർഥത്തിൽ ഈ ഖുർആൻ മുഴുവൻ ലോകത്തിനും മഹത്ത്വത്തിന് കാരണമാകുന്ന ഗ്രന്ഥമാകുന്നു. എപ്രകാരം നബി തിരുമേനി (സ) മുഴുവൻ ലോകത്തിനും കാരുണ്യമാകുന്നുവോ അതേ പ്രകാരം വിശുദ്ധഖുർആനും മുഴുവൻ ലോകത്തിനും ദിക്റ് ആണെന്നാണ് ഈ വചനത്തിൽ പ്രഖ്യാപിച്ചിരുക്കുന്നത്.

അറബി ഭാഷയിൽ ദിക്റ് പല അർഥങ്ങളിലും പ്രയുക്തമാകാറുണ്ട്. ഇവിടെ ദിക്റ് എന്നതിന്റെ നാല് അർഥങ്ങളാണ് യോജിക്കുക.

**1. അൽ കിതാബു ഫീഹി തഫ്സീലുദ്ദീനി വ വള്ഉൽ മിലലി.** ദീനിന്റെ വിശദീകരണങ്ങളും മതശാസനകളും പൂർണമായും പരാമർശിക്കപ്പെട്ട ഗ്രന്ഥം.

പറയുന്നു, വിശുദ്ധഖുർആൻ മതശാസനകളുടെ ഒരു പരിപൂർണ ഗ്രന്ഥമാകുന്നു. ഇതിൽ പരാമർശവിധേയമാകാത്ത ഒരു മതശാസനയും ഇല്ലതന്നെ. ദീനിനെയും മതത്തിനെയും സംബന്ധിച്ച് മനുഷ്യന് അനിവാര്യമായിട്ടുള്ള സർവ വിശദീകരണങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനാൽ ഇതിനെ പിൻപറ്റുക എന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള മാർഗമാകുന്നു.

**2. അശ്ശർഫി.** ഉന്നതപദവി, ഔന്നിത്യം, മഹത്വം പറയുന്നു, വിശുദ്ധഖുർആനിൽ പരാമർശിച്ചിട്ടുള്ള മതശാസനകളെ നിങ്ങൾ മനസിലാക്കുകയും അതിനെ പ്രാവർത്തികമാക്കുകയും ചെയ്യുകാണെങ്കിൽ തത്ഫലമായി അല്ലാഹു നിങ്ങൾക്ക് ഉന്നത പദവിയും മഹത്ത്വവും നൽകുന്നതാണ്. ഖുർആനെ പിൻപറ്റുന്നതിലൂടെ ദൈവിക സാമീപ്യം അന്വേഷിക്കുന്നവർക്കായി തുറക്കപ്പെടുന്ന ആകാശീയ(ആത്മീയ) ഔന്നിത്യങ്ങളുടെ കവാടങ്ങൾ നിങ്ങൾക്കായും തുറക്കപ്പെടുന്നതാണ്.

**3. അസ്സനാഅ്.** സ്തുതി, പ്രശംസ

അല്ലാഹു പറയുന്നു, വിശുദ്ധഖുർആനെ പിൻപറ്റുന്നതിലൂടെ നിങ്ങൾ ആത്മീയ ഔന്നിത്യങ്ങൾ കരസ്ഥമാക്കുമ്പോൾ നിങ്ങൾക്ക് സ്തുതിയും പ്രശംസയും ലഭിക്കുന്നതാണ്. സനാഅ് എന്ന പദം സൂചിപ്പിക്കുന്നത്, ഏതെങ്കിലും പരിപൂർണ വ്യക്തിയുടെ പ്രതിരൂപമാകുക. അതായത് അതിന്റെ സ്വഭാവ സവിശേഷതകളെ പിൻപറ്റി അതിന്റെ നിറം സ്വായത്തമാക്കാൻ ശ്രമിക്കുക.

വിശുദ്ധഖുർആൻ നിങ്ങളുടെ മുന്നിൽ സമർപിക്കുന്ന അദ്ധ്യാപനങ്ങളുടെ സാരം **തഖല്ലഖു ബി അഖ്‌ലാഖില്ലാഹ്** കരസ്ഥമാക്കുക എന്നതാണ്. അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളുടെ പ്രതിപുരുഷനാകുന്നതിനായിട്ടാണ്. നിങ്ങൾ അല്ലാഹുവിന്റെ സ്വഭാവഗുണങ്ങളുടെ പ്രതിരൂപമായി മാറുമ്പോൾ വിവേകമുള്ളവർ നിങ്ങളെ സ്തുതിക്കാനും, നിങ്ങളെ പ്രശംസിക്കാനും നിർബന്ധിതരായിത്തീരുന്നതാണ്.

**4. അസ്വീത്ത്.** സദ്സ്മരണ.

അല്ലാഹു പറയുന്നു, ഖുർആനിക കല്പനകളെ പ്രാവർത്തികമാക്കികൊണ്ട് മഹത്ത്വവും ഉന്നതിയും കരസ്ഥമാക്കുമ്പോൾ, മനുഷ്യൻ അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളുടെ പ്രതിരൂപമായി മാറുമ്പോൾ ഒരു ലോകം അത്തരക്കാരിൽ നിന്നും പ്രയോജനം കരസ്ഥമാക്കുന്നു. തങ്ങളുടെ തലമുറയ്ക്ക് മാത്രമല്ല മറിച്ച്, ഭാവി തലമുറകളിലും അത്തരക്കാരുടെ ഔദാര്യം പ്രകടമാകുന്നു. തത്ഫലമായി അവരുടെ സദ്സ്മരണകൾ നിലനിൽക്കുന്നു. കാരണം സൽ സ്മരണകൾ നിലനിൽക്കുന്നത് ഒരു വ്യക്തിയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ അല്ലെങ്കിൽ പ്രസ്ഥാനത്തിന്റെ ഔദാര്യങ്ങൾ ഭാവി തലമ്മുറകളിലും ഉണ്ടാകുമ്പോഴാണ്. അങ്ങനെ ഭാവി തലമുറകൾ ആ വ്യക്തി, സമൂഹം, പ്രസ്ഥാനത്തെ സ്മരിച്ചു കൊണ്ടിരിക്കുന്നു. പൂർവികർ തങ്ങളിൽ വലിയ ഔദാര്യം ചെയ്തു അത് മറക്കാൻ പാടില്ല എന്നവർ കരുതുന്നു. ഉദാഹരണമായി ഹദീസിനെ സ്വരുക്കൂട്ടിയ മഹാന്മാരെ നാം ആദരിക്കുകയും ബഹുമാനിക്കുകയും അവർക്കായി ദുആ ചെ യ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സ്വന്തം ജീവിതം നമ്മുടെ നന്മയ്ക്കായി ചിലവഴിച്ച കാരണത്താലാണ് അവരുടെ സദ്സ്മരണകൾ നിലനിൽക്കുന്നത്. അവർ നബി (സ)യുടെ വചനങ്ങൾ സ്വരുക്കൂട്ടി. അതിനെ നല്ലപോലെ പരിശോധിച്ചു. പിന്നീട് അതിനെ നമ്മിലേക്ക് എത്തിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കി. പ്രസ്തുത ഔദാര്യത്തിന്റെ ഫലമായി അവരുടെ സദ്സ്മരണ തലമുറതലമുറകളായി നമ്മിലേക്ക് എത്തിയിരിക്കുന്നു. തുടർന്നും നിലനിന്നു കൊണ്ടിരിക്കുന്നതാണ്.

അല്ലാഹു പറയുന്നു, വിശുദ്ധഖുർആൻ എല്ലാ നിലയിലും പരിപൂർണ ഗ്രന്ഥമാണെന്നത് കൂടാതെ മറ്റൊരു സവിശേഷതയും ഉണ്ട്. അ തായത് ഇതിനെ പ്രാവർത്തികമാക്കുന്ന ഒരു വ്യക്തി തന്റെ അധീനതയിലുള്ള തലമുറയ്ക്ക് മാത്രമല്ല ഔദാര്യം ചെയ്യുന്നത് മറിച്ച്, ഭാവി തലമുറകളിലും ഔദാര്യം ഉണ്ടാകുന്ന തരത്തിലുള്ള നന്മകളെയും സദ്പ്രവർത്തനങ്ങളെയും അല്ലാഹു ആ വ്യക്തിയിലൂടെ വെളിപ്പെടുത്തുന്നു. അവരും ആ വ്യക്തിയുടെ ഔദാര്യത്തെ തിരിച്ചറിയുന്നു. തദ്ഫലമായി ആ വ്യക്തിയോട് നന്ദിയുള്ളവരായി മാറുന്നു. ഇതും വിശുദ്ധഖുർആന്റെ ഒരു സവിശേഷതയാണ്. ആ നിലയിൽ വിശുദ്ധഖുർആൻ ആ വ്യക്തിക്കായി അസ്വീത്ത് അതായത് സദ്സ്മരണ നിലനിർത്തുന്നതിന് കാരണമായിത്തീരുന്നു.

അല്ലാഹു വിശുദ്ധഖുർആനെ സംബന്ധിച്ച് ധാരാളം സ്തുതികൾ സ്വയം ഇതിൽ പരാമർശിച്ചിട്ടുണ്ട്. ഈ ചെറിയ വചനത്തിലും ധാരാളം വസ്തുതകൾ പരാമർശിച്ചിരിക്കുന്നു...

ഇതിൽ നിന്നും വ്യക്തിമാകുന്ന കാര്യം, നാം ഈ ലോകത്ത് ആദരവും മാന്യതയും കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു ഭാഗത്ത് നമ്മുടെ ദൈവം നമ്മോട് തൃപ്തനാകുകയും മറുഭാഗത്ത് ഭാവി തലമുറകൾ നമ്മെ നല്ല നിലയിൽ ഓർക്കുകയും, നമുക്കായി ദുആ ചെയ്യുകയും, അല്ലാഹുവിന്റെ സവിധത്തിൽ വിലപിച്ചുകൊണ്ട് അല്ലാഹുവേ! അവർക്ക് മേൽ കൂടുതൽ കൂടുതൽ കാരുണ്യങ്ങൾ വർഷിച്ചു കൊണ്ടിരിക്കണമേ എന്ന് പ്രാർഥിക്കുന്നവരാകണമെന്ന ആഗ്രഹമുണ്ടെങ്കിൽ വിശുദ്ധഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും അതിനെ പിൻപറ്റുകയും എപ്പോഴും അതിനെ പരിഗണിക്കുകയും ചെയ്യേണ്ടത് നമുക്ക് അനിവാര്യമാകുന്നു. (ജുമുആ ഖുത്വുബ: 01.07.1966)

- ഇബ്നു അശ്റഫ്


ദഅ്‌വത്തെ ഇലല്ലാഹ്



മുജീബ്

# പത്തി മടക്കി മാളത്തിലേക്ക്

മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് മർഹൂം



ഇന്ത്യാപാക്ക് വിഭജനത്തിനു ശേഷം, എന്റെ ആദ്യത്തെതും അവസാനത്തെതുമായി പൊതുജനങ്ങൾക്ക് മുന്നിൽ നടന്ന വാദപ്രതിവാദം 1951 ലായിരുന്നു. അന്ന് എന്റെ പ്രായം ഏകദേശം 24 വയസായിരുന്നു. ബേദാർപൂർ എന്ന സ്ഥലത്തായിരുന്നു അത്. എതിരാളികളുടെ നേതാവ് ഹകീം മുഹമ്മദ് ഇസ്ഹാക് സാഹിബായിരുന്നു. അയാളുടെ ശരീരം ഭാരിച്ചതായിരുന്നു. ഒരു വലിയ ബംഗ്ലാവ് സംവാദത്തിനായി തയ്യാറാക്കിയിരുന്നു. ആ ഗ്രാമത്തിൽ സുന്നികളായിരുന്നു ഭൂരിഭാഗവും. പുറപ്പെടുന്നതിന് മുമ്പ് എന്റെ ഉസ്താദായ മൗലാനാ അബുൽ അത്വാ ജാലാന്തരി സാഹിബിന്റെ നിർദേശത്താൽ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ഒരു കവിതാ ശകലം ഉരുവിടുകയും ളുഹർ അസ്ർ നമസ്കാരത്തിൽ കരഞ്ഞ് സഹായത്തിനായി ദുആ ചെയ്യുകയും ചെയ്തു. അങ്ങനെ ദുആ ചെയ്തു കൊണ്ട് ഞാൻ ഏതാനും അഹ്മദികളുടെ കൂടെ നിർദിഷ്ട കസേരയിൽ ചെന്നിരുന്നു.

ബംഗ്ലാവ് ശ്രോതാക്കളാൽ നിറഞ്ഞിരുന്നു. എന്നെ കണ്ടയുടൻ ഹകിം മുഹമ്മദ് ഇസ്ഹാക് സാഹിബ് പരിഹസിച്ചു കൊണ്ട് പറഞ്ഞു, ഖാദിയാനികളേ! എനിക്കെതിരിൽ ഒരു മനുഷ്യനെ നിങ്ങൾക്ക് കൊണ്ടുവരാമായിരുന്നു. നിങ്ങളുടെ വലിയ വലിയ പണ്ഡിതന്മാരെ ഞാൻ പരാജയപ്പെടുത്തിയിട്ടുണ്ട്. അത് കേട്ടപ്പോൾ എന്നിൽ ഒരു അദൃശ്യ ആവേശവും ഉൽസാഹവും സംജാതമായി. ഞാൻ പെട്ടെന്ന് എഴുന്നേറ്റ് നിന്ന് കൊണ്ട് ഉച്ചത്തിൽ പറഞ്ഞു, മൗലാനാ! സംവാദം തുടങ്ങിയിട്ടില്ലല്ലോ? ഇൻശാഅല്ലാഹ് ആരാണ് അസ്ഹാബുൽ ഫീൽ ആരാണ് അബാബീൽ എന്നുള്ളത് ഇപ്പോളറിയാൻ കഴിയും. ഇത് കേട്ടപ്പോൾ മുഴുവൻ സദസും നിശ്ശബ്ദമായി. അത് കേട്ടപ്പോൾ എന്നെ ഇവിടേക്ക് വരുത്തിയ ആത്മാർഥരായ അഹ്മദികൾക്കും ജീവൻ വന്നു. അവർ ഒരു പ്രശസ്തനായ പണ്ഡിതനെയായിരുന്നു പ്രതീക്ഷിച്ചിരുന്നത്. ഏതായാലും എന്റെ ആ പ്രഖ്യാപനം ഈ ചെറുക്കൻ അത്ര മോശക്കാരനല്ല എന്ന വിശ്വാസം അവരിൽ ഉളവാക്കി.

ഞാൻ ജനാബ് ഹകീം സാഹിബിനോട് ചോദിച്ചു, ജനാബ് ഏത് വിഷയത്തിലാണ് ചർച്ച ചെയ്യേണ്ടത്? അയാൾ പെട്ടെന്ന് തന്നെ പറഞ്ഞു, മസീഹിന്റെ ജീവിത മരണ വിഷയത്തിൽ. ഞാൻ വളരെ ആവേശത്തിൽ പറഞ്ഞു, ദീനീ ആലിമും പകരക്കാരനില്ലാത്ത സംവാദകനുമായ താങ്കളെ പോലുള്ള ഉറച്ച വാദങ്ങൾ പുറപ്പെടുവിക്കുന്ന വ്യക്തിക്ക് ഇതൊരു ഭിന്നാഭിപ്രായമില്ലാത്ത കാര്യമാണെന്നത് അറിവില്ല എന്നതിൽ എനിക്ക് അൽഭുതം തോന്നുന്നു. ഞാൻ അയാളോട് ചോദിച്ചു, താങ്കൾക്ക് എപ്പോഴെങ്കിലും ആകാശത്ത് പോകുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ടോ? പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു, ഇല്ല. ഞാൻ പറഞ്ഞു, എനിക്കും അവസരം കിട്ടിയിട്ടില്ല.

അപ്പോൾ ഞാൻ ആ സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു, ആകാശത്തേക്ക് പോയിട്ടുള്ള ഒരേയൊരു വ്യക്തിത്വമേ ഉള്ളു. അത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയാകുന്നു. നബി (സ) മിഅ്റാജിന്റെ രാത്രിയിൽ ഏഴാകാശവും കടന്ന് ദൈവീക സിംഹാസനം വരെ എത്തിയിരുന്നു. അവിടെ എല്ലാ നബിമാർക്കും ദർശനത്തിനുള്ള അവസരം നൽകുക മാത്രമല്ല അവർക്ക് ഇമാമായി നിന്ന് നമസ്കരിപ്പിക്കുകയും ചെയ്തു. ഞാൻ അഹ്മദികളോട് ചോദിച്ചു, എല്ലാ നബിമാരും ആകാശത്തിൽ ജീവനോടെ ഉണ്ടായിരുന്നു എന്ന നബി (സ) യുടെ അദൃശ്യസാക്ഷ്യത്തിൽ നിങ്ങൾക്ക് പൂർണ വിശ്വാസം ഉണ്ടോ? എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു, നബി (സ) യുടെ സാക്ഷ്യം സത്യമാണെന്ന് ഞങ്ങൾ പൂർണമായും വിശ്വസിക്കുന്നു.ഞാൻ സദസ്യരോട് പറഞ്ഞു, അഹ്മദിയ്യാ ജമാഅത്ത് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം നബിമാരെയും ആകാശത്ത് ജീവനോടെയുള്ളതായി വിശ്വസിക്കുന്നു. അതിൽ ഹദ്റത് ഈസാ മസീഹ്(അ) ഉം ഉണ്ട്. അതിനാൽ ഇതൊരു ഭിന്നതയുള്ള വിഷയമാണെന്ന് പറയാൻ കഴിയില്ല. യഥാർഥ ഭിന്നതയുള്ള വിഷയം എന്തെന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ അഭിപ്രായത്തിൽ എല്ലാ പ്രവാചകന്മാരും തങ്ങളുടെ ഭൗതീക ശരീരം ഭൂമിയിൽ ഉപേക്ഷിച്ചു കൊണ്ടാണ് ആകാശത്തേക്ക് എത്തിയത്. എന്നാൽ ജനാബ് ഹകിം സാഹിബിന്റെയും അദ്ദേഹത്തിന്റെ അനുചരന്മാരും പറയുന്നത് ആകാശത്ത് മറ്റ് നബിമാരുടെ ആത്മാക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഹദ്റത് മസീഹ്(അ) ന്റെ ഭൗതീക ശരീരവും ഉണ്ടായിരുന്നു എന്നാണ്. ഇനി ഇതിന്റെ തീരുമാനം നബി (സ) തിരുമേനിയിൽ നിന്നു മാത്രമേ ലഭിക്കുകയുള്ളു. കാരണം നബി തിരുമേനി (സ) മാത്രമാണ് അത് കണ്ടിട്ടുള്ളു. അദ്ദേഹം മാത്രമേ ആകാശത്ത് പോയിട്ടുള്ളു. അതിനാൽ ഞാൻ ഹകീം സാഹിബിനെ വെല്ലുവിളിച്ചുകൊണ്ട് പറയുന്നു, നബി തിരുമേനി (സ) സ്വയം ആകാശത്ത് ഞാൻ എല്ലാ പ്രവാചകന്മാരുടെയും ആത്മാക്കളെയാണ് നമസ്കരിപ്പിച്ചത്. എന്നാൽ ഹദ്റത് ഈസാ(അ) ഭൗതീക ശരീരത്തോടു കൂടിയായിരുന്നു എന്ന് നബി (സ) തിരുമേനി പറയുന്ന ഏതെങ്കിലും വിഭാഗക്കാർ പ്രസിദ്ധീകരിച്ച ഹദീസ് ഗ്രന്ഥത്തിൽ നിന്ന് ഒരു യഥാർഥ ഹദീസെങ്കിലും കാണിച്ചു തരാൻ കഴിയുമോ? എന്നിട്ട് മസീഹ് മൗഊദ് (അ) ന്റെ ഒരു കവിതാശകലം പറഞ്ഞു കൊണ്ട് ഞാൻ കസേരയിൽ ഇരുന്നു. വെല്ലുവിളി കേട്ട് എതിരാളികളുടെ സംവാദകൻ പറഞ്ഞു, എനിക്ക് സുഖമില്ല. അപ്പോൾ അയാളെ കൊണ്ടു വന്നവർ അ യാളെ ശകാരിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു. അയാളെ ഇപ്പോൾ നിർബന്ധിക്കണ്ട. ഞാനേതായാലും രണ്ടുദിവസം ഇവിടെ ഉണ്ടാകും. അതിനിടയിൽ അദ്ദേഹത്തിന്റെ ആരോഗ്യം ഭേദമായാൽ വിനീതൻ എത്തിക്കോളാം. എന്നാൽ ഞാനവിടെ തങ്ങിയ ദിവസങ്ങളിൽ അയാളുടെ രോഗം ഭേദമായില്ല. അയാൾ വസീറാബേദിലേക്കും ഞാൻ റബ്‌വയിലേക്കും മടങ്ങി.

(ദിൽ ചസ്പ് ഇൽമി വാഖിആത്ത് വ മുശാഹിദാത്ത്)






# വിശുദ്ധ ഖുർആൻ ആത്മീയ രോഗങ്ങൾക്കുള്ള കുറിപ്പടി

## *അൽ ഇൽമു ഇൽമാനി, ഇൽമുൽ അബ്ദാൻ വ ഇൽമുൽ അദ്‌യാൻ*


ശാരീരികമായ അവസ്ഥകൾ ആത്മാവിനെയും സ്വാധീനിക്കും എന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. ഒരുവന്റെ തലയ്ക്ക് എവിടെയെങ്കിലും പരിക്കേറ്റാൽ അവന്റെ ഓർമ്മശക്തിയേയോ ചിന്താശക്തിയേയോ അത് ബാധിച്ചേക്കാം. മനുഷ്യൻ തന്റെ ചുറ്റുപാടുമുള്ള സംഭവങ്ങളാൽ സ്വാധീനിക്കപ്പെടുന്നത് പോലെ തന്നെ അവന്റെ ആത്മാവിനേയും സ്വാധീനിക്കുന്നുണ്ട്. അവന്റെ ഹൃദയത്തിലും അത് സ്വാധീനം ചെലുത്തുന്നുണ്ട്. ഇതിന് ഉദാഹരണങ്ങൾ ഒരുപാടുണ്ട്. ഇതൊരു സർവ്വാംഗീകൃത കാര്യമായതിനാൽ അതിലെ നീണ്ട ചർച്ചയിലേക്ക് ഞാൻ കടക്കുന്നില്ല.

ശാരീരിക രോഗങ്ങളെപ്പോലെ തന്നെ ആത്മീയ രോഗങ്ങളും ഒരുപാട് ഉണ്ട്. ഓരോ അംഗത്തിന്റെയും ശക്തിയുടെയും രോഗങ്ങൾ വ്യത്യസ്ഥങ്ങളാണ്. പല രോഗങ്ങളെയും മനുഷ്യൻ നിസ്സാരമെന്ന് ഗണിക്കുന്നു. എന്നാൽ ആത്മീയമായി അവ മനുഷ്യനെ നശിപ്പിച്ചു കളയുന്നു. ഒരു ശാരീരിക രോഗത്തെയും നിസ്സാരമെന്ന് ഗണിക്കരുത്; അതെത്ര നിസ്സാരമാണെങ്കിലും ശരി. പരിചയസമ്പന്നനായ ഒരു ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് ചികിത്സ നടത്തേണ്ടതാണ്. ഇതേപോലെയാണ് ആത്മീയ രോഗങ്ങളെയും ചികിത്സിക്കേണ്ടത്. ശാരീരിക രോഗങ്ങളെ ചികിത്സിക്കുന്നത് പോലെ തന്നെയാണ് ആത്മീയ രോഗങ്ങളെയും ചികിത്സിക്കേണ്ടത്. അതിൽ ദുർഭാവന വെച്ച് പുലർത്തുകയോ വർജ്ജിക്കേണ്ടത് വർജ്ജിക്കാതിരിക്കുകയോ ഡോക്ടറുടെ നിർദ്ദേശങ്ങൾക്ക് മേൽ മറ്റാരെയും വകവെക്കുകയോ അരുത്. അങ്ങനെയുള്ള രോഗിക്ക് ഗുണമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. പ്രയോജനം ഉൾക്കൊള്ളുകയും ചെയ്യും. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ് എനിക്ക് ഈ അവസരം ലഭിച്ചിരിക്കുന്നത്. രോഗങ്ങളെയും അവയുടെ ചികിത്സയെയും സംബന്ധിച്ച അറിവ് അവൻ എനിക്ക് പ്രദാനം നൽകിയിരിക്കുന്നു. പരിചയസമ്പത്തും അവൻ എനിക്ക് തന്നരുളുകയുണ്ടായി. ഭിക്ഷക്കാർ തൊട്ട് ഭരണാധികാരികൾ വരെ, വിഡ്ഢികൾ തൊട്ട് വിവേകികൾ വരെയുള്ള സമൂഹത്തിലെ എല്ലാ തട്ടിലെയും എല്ലാ പ്രായത്തിലുമുള്ളവരുടെ രോഗങ്ങളും അവരുടെ ചികിത്സാരീതികളും ഞാൻ പഠിച്ചു. ശാരീരികവും ആത്മീയവുമായ രോഗങ്ങളുടെ സിദ്ധാന്തങ്ങൾ ഒന്നു തന്നെ ആയതിനാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ സൂക്ഷ്മമായ ആത്മീയ രോഗങ്ങളുടെ അറിവും അല്ലാഹു തന്നനുഗ്രഹിച്ചിട്ടുണ്ട്. ഞാൻ അല്ലാഹുവിനെ സ്തുതിക്കുകയും അവനു നന്ദി പറയുകയും ചെയ്യുകയുന്നു. എനിക്ക് അവൻ രോഗങ്ങളെ സംബന്ധിച്ച ജ്ഞാനം നൽകിയതു പോലെ തന്നെ അതിന്റെ ചികിത്സയിലേക്കും എന്റെ ശ്രദ്ധ തിരിച്ചിരിക്കുന്നു. എല്ലാ ആത്മീയ രോഗങ്ങളുടെയും പരീക്ഷിക്കപ്പെട്ട കുറിപ്പടി ഞാൻ നേടി. ആ കുറിപ്പടി അല്ലാഹുവിന്റെ കിതാബായ ഖുർആനാണ്. റഹ്മത്ത്, ഹിദായത്ത്, ശിഫാ,നൂർ, ഫുർഖാൻ, കിതാബു മുനീർ എന്നൊക്കെയാണ് അതിന്റെ പേർ. ആ കുറിപ്പടിയോടുള്ള സ്നേഹം എന്റെ ഹൃദയത്തിൽ ഇട്ടത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. റഹ്മത്തും ശിഫായുമായ ആ ഗ്രന്ഥം എന്റെ ആത്മീയ ഭക്ഷണമാക്കി തന്നിരിക്കുന്നു. സത്യം പറയാല്ലോ അതില്ലാതെ ജിവിക്കാൻ എനിക്ക് സാധ്യമല്ല.

വിശുദ്ധഖുർആനിലും ഈ ലോകത്തെ അവസ്ഥയിലും വിചിന്തനം ചെയ്തതിനു ശേഷം ഞാൻ എത്തിച്ചേർന്നിരിക്കുന്നത് വിശുദ്ധ ഖുർആൻ എന്ന ഈ കുറിപ്പടി പ്രയോഗവത്കരിച്ചാൽ ലോകത്ത് ഒരു ആത്മീയരോഗവും, അതു ശാരീരികമായാലും ഞാൻ ദൃഢമായും വിശ്വസിക്കുന്നത്, ഉണ്ടാവുകയില്ല എന്നാണ്. ഇനി ആത്മീയ രോഗം ഉണ്ടായിട്ടുള്ളവർക്കും അതുപയോഗിക്കുക വഴി സുഖപ്പെടുന്നതാണ്. എന്നാൽ ഇതിന് സത്യസന്ധതയുടെ ആവശ്യകതയുണ്ട്. സ്ഥിരചിത്തതയുടെയും സഹനത്തിന്റെയും സദ്ഭാവനയുടെയും ആവശ്യകതയുണ്ട്.

(ഖുതുബാത്തെ നൂർ, വാള്യം.1, പേജ്. 36)

*സമ്പാ: ആരിഫ് മുഹമ്മദ്*




# അൽഹഖ്
വാർത്താപത്രിക
2014 സെപ്റ്റംബർ
പുസ്തകം 22 ലക്കം 9




# വിശുദ്ധ ഖുർആൻ ഒരു ജീവൽ ഗ്രന്ഥം

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച ലക്ഷ്യമായിക്കൊണ്ട് ഖുർആൻ പറയുന്നത്, അല്ലാഹുവിനെ തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ അവനെ ആരാധിക്കുകയും, അവന്റെ തൃപ്തിയും സാമീപ്യവും കരഗതമാക്കുകയും ചെയ്യുക എന്നതാണ്. ഇതി നായിട്ടാണ് യഥാസമയങ്ങളിൽ പ്രവാചകന്മാരായി തന്റെ വരിഷ്ഠദാസരെ തിരഞ്ഞെടുത്ത് മനുഷ്യരിലേക്കായി നിയോഗി ക്കുന്നത്. ഇങ്ങനെ ആഗതരാവുന്ന പ്രവാചകന്മാർക്ക് ലഭിക്കുന്ന വഹ്‌യുകൾ അക്കാലത്തെ മനുഷ്യർക്കാവശ്യമായ നിർദ്ദേശങ്ങൾ ഉൾകൊള്ളുന്നവയായിരുന്നു. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ആദം നബി(അ) മുതൽ മനുഷ്യർക്ക് അവരുടെ പുരോഗതിക്കനുസരിച്ച് ലഭിച്ചു കൊണ്ടിരുന്നു. ഏറ്റവും ഒടുവിൽ സർവലോക ശ്രേഷ്ഠനായ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി മുഖേന മനുഷ്യകുലത്തിന് ദൈവത്തിന്റെ സമ്പൂർണമായതും ഒടുവിലത്തേതുമായ നിർദേശ ങ്ങളും കല്പനകളും അടങ്ങിയ ഖുർആൻ ലഭിച്ചു. ഇനി എത്ര കണ്ട് മനുഷ്യൻ പുരോഗതി പ്രാപിച്ചാലും ഏത് കാലഘട്ടത്തിലേക്കും ഈ ഖുർആൻ പര്യാപ്തമാണ്. അത് ഖാത്തമുൽ കുതുബ് ആണ്. മുൻപ്രവാചകന്മാരുടെ വൃത്താന്തങ്ങളെ അത് എടുത്ത് പറയുമ്പോൾ തന്നെ, അതിലെ യഥാർഥ്യം മനസ്സിലാക്കിത്തരികയും മുൻഗ്രന്ഥങ്ങളിൽ പരാമർശിക്കാത്ത പലതും ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരികയും ചെയ്യുന്നു എന്നതും ഖുർആന്റെ ഒരു പ്രത്യേകത തന്നെയാണ്. അന്ത്യനാൾ വരേക്കും സംരക്ഷണം ദൈവം സ്വയം ഏറ്റെടുത്ത ഏക ഗ്രന്ഥമായ ഖുർആനിൽ ആ കാലം വരെയുള്ള എല്ലാ കാര്യങ്ങളും എല്ലാ നിർദ്ദേശങ്ങളും ഉൾകൊണ്ടിരിക്കുന്നു. നമുക്ക് ആവശ്യമായ ഏത് കാര്യമായിക്കൊള്ളട്ടെ. അതെല്ലാം തന്നെ ഖുർആനിലുണ്ട്. മാത്രമല്ല, മനുഷ്യന്റെ പല പ്രശ്നങ്ങളും അത് ആത്മീയമോ ഭൗതികമോ ആവട്ടെ അതിന്റെ പരിഹാരവും ഖുർആനിലൂടെ ലഭിച്ചു കൊണ്ടിരിക്കുന്നു എന്ന് അത് ഒരു ജീവനുള്ള ഗ്രന്ഥമാണെന്നതിന് തെളിവ് നൽകുന്നതാണ്. ഇക്കാലത്ത് നമുക്ക് അല്ലാഹുവിലെത്താൻ, അവന്റെ സാമീപ്യം കരസ്ഥമാക്കാൻ ഈ ഖുർആനെ പിൻപറ്റുന്നതിലൂടെയല്ലാതെ സാധ്യമല്ല. ഇന്ന് മുസ്‌ലിം ലോകം പല പരീക്ഷണങ്ങളിലും അകപ്പെട്ടിരിക്കുന്നത് കാണുകയും ഇക്കാലത്തെ പറ്റി ഖുർആൻ മുസ്‌ലീംകൾ അതിനെ പിൻപുറം തള്ളിക്കളയുമെന്ന പ്രവചനം സൂറ: ഫുർഖാനിൽ വായിക്കുകയും ചെയ്യുമ്പോൾ സംശയംവിനാ നമുക്ക് മനസ്സിലാക്കാം ഈ ഖുർആനെ ഉപേക്ഷിക്കുന്നവരുടെ അവസ്ഥ ഇത് തന്നെയായിരിക്കും എന്ന്. ഇക്കാലത്ത് ഖുർആന്റെ യഥാർത്ഥ അറിവുകൾ ലോകത്തിന് വിവരിച്ചു കൊടുത്ത വാഗ്ദത്ത മസീഹിനെ അംഗീകരിക്കാൻ കഴിഞ്ഞ അഹ്മദികളായ നമ്മൾ എത്ര ഭാഗ്യവാന്മാരാണ്. നമുക്ക് ശരിയായ രീതിയിൽ ഖുർആനെ പിൻപറ്റുന്നതിനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ. ആമീൻ

- ടി.ജംശാദ് മുക്കം

## യുഗനാദം

ഹദ്റത് അഹ്മദ്(അ)

## വിശുദ്ധഖുർആൻ സമ്പൂർണ ഗ്രന്ഥം

വിശുദ്ധഖുർആനു ശേഷം മറ്റൊരു ഗ്രന്ഥത്തിനും കാൽ വെക്കാൻ ഇടമില്ല. കാരണം, മനുഷ്യന് ആവശ്യമുണ്ടായിരുന്നതെല്ലാം വിശുദ്ധഖുർആൻ വിവരിച്ചിരിക്കുകയാണ്. ഇനി ദൈവിക ഭാഷണത്തിന്റെ കവാടം മാത്രമാണ് തുറന്നിരിക്കുന്നത്. അതും സ്വയമായിട്ടല്ല മറിച്ച്, ദൈവീക സഹായത്തിന്റെ പരമാർഥവും പരിശുദ്ധവുമായ വചനങ്ങൾ ദൈവികരഹസ്യങ്ങളെന്നോണം വിശുദ്ധഖുർആനെയും തിരുനബി(സ)യെയും പിൻപറ്റിയതിന്റെ ഫലമായി ലഭിക്കുന്നതാണിത്. (ചശ്മയെ മഅ്‌രിഫത്ത്)

## ആത്മീയജ്ഞാനങ്ങൾ നിറഞ്ഞ ഗ്രന്ഥം

ഖുർആൻ എന്നു പേരുള്ള ഈ ഗ്രന്ഥത്തെ അങ്ങേയറ്റം പരിശുദ്ധവും ആത്മീയ ജ്ഞാനങ്ങളാൽ നിറഞ്ഞതുമായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. ഏതെങ്കിലും മനുഷ്യനെ അത് ദൈവമാക്കുകയോ ആത്മാവിനെയും ശരീരത്തെയും തന്റെ സൃഷ്ടിയിൽ നിന്ന് മാറ്റി നിർത്തി ക്കൊണ്ട് അതിനെ ആക്ഷേപിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നില്ല. മതം സ്വീകരിക്കു ന്നതിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളെല്ലാം ഈ വചനങ്ങൾ മനുഷ്യന്റെ ഹൃദയത്തിൽ നിറക്കുന്നു. അത് അവനെ ദൈവികാനുഗ്രഹങ്ങളുടെ ഉടമസ്ഥനാക്കി മാറ്റുന്നു. വെളിച്ചം കിട്ടിയതിനുശേഷം ഇരുട്ടിലേക്ക് നാം എന്തിനു വരണം? (സനാതനധർമ്മം)

## സ്ഥായിയായ മതസംഹിത

വിശുദ്ധഖുർആൻ തത്ത്വോപദേശങ്ങളാകുന്നു. സ്ഥായിയായ മതസംഹിതയാകുന്നു. സകല അറിവുകളുടെയും സമാഹാരമാകുന്നു. അങ്ങനെ വിശുദ്ധഖുർആന്റെ ആദ്യ ദൃഷ്ടാന്തം ഉന്നത നിലവാരത്തിലുള്ള അധ്യാപനമാകുന്നു. പിന്നീട് രണ്ടാമത്തെ ദൃഷ്ടാന്തം വിശുദ്ധഖുർആനിലുള്ള അതി മഹത്തായ പ്രവചനങ്ങളാകുന്നു. (മൽഫൂസാത്ത് വാള്യം,3)

## വിശുദ്ധഖുർആൻ ഒരു പൂന്തോപ്പ്

ഹൃദയം കഠിനമാണെങ്കിൽ അതിനെ മൃദുലമാക്കുന്നതിനുള്ള ഒരേയൊരു മാർഗം വിശുദ്ധഖുർആനെ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്തു കൊണ്ടിരിക്കുക എന്നതാണ്. ദുആ ഉള്ള സ്ഥലങ്ങളിൽ എത്തുമ്പോൾ ദൈവീക കാരുണ്യം തനിക്കും ലഭിച്ചെങ്കിൽ എന്ന് വിശ്വാസികളുടെ മനം ആഗ്രഹിക്കുന്നു. വിശുദ്ധഖുർആന്റെ ഒരു പൂന്തോപ്പിനെ പോലെയാകുന്നു. അതിലെ ഒരിടത്തു നിന്ന് മനുഷ്യൻ ഒരു പൂ പറിക്കുന്നു. പിന്നീട് മുന്നോട്ട് പോയി മറ്റൊരു പൂ പറിക്കുന്നു. അതിനാൽ ഓരോന്നിന്റെയും അനുഗുണമായ പ്രയോജനം എടുക്കേണ്ടതാണ്. (മൽഫൂസാത്ത്, വാള്യം 6)

## ഖുർആന്റെ പരിഷ്കരണം

മനുഷ്യൻ തിന്മകളെ ഉപേക്ഷിച്ചു കൊണ്ട് ഞാൻ പരിപൂർണനായി എന്ന് കരുതുന്നവനാകണമെന്നല്ല വിശുദ്ധഖുർആൻ ആഗ്രഹിക്കുന്നത്. മറിച്ച് അത് മനുഷ്യനെ ഉന്നത നിലവാരത്തിലുള്ള ശ്രേഷ്ഠതകളും ധാർമിക ഗുണങ്ങളും ഉള്ളവനാക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ അവനിൽ നിന്ന് മനുഷ്യകുലത്തിന്റെ നന്മയാലും അനുകമ്പയാലും ഭരിതമായ കർമങ്ങളും പ്രവർത്തനങ്ങളും വെളിപ്പെടാൻ ആഗ്രഹിക്കുന്നു. തത്ഫലമായി അല്ലാഹു അവരിൽ തൃപ്തിപ്പെടുന്നു. (മൽഫൂസാത്ത് വാള്യം, 7)

# അന്നൊരു ദിവസം സിഡ്നിയിൽ:

- ഇബ്നു മമ്മു

അന്നത്തെ ദിവസം പതിവ് ജോലികളെല്ലാം കഴിഞ്ഞപ്പോൾ പെട്ടെന്ന് ഓർമ വന്ന ഒരു കാര്യമാണ് കാസർക്കോട്ടുകാരൻ ജാക്കുമായുള്ള മീറ്റിംഗ് (കാസർക്കോട്ടുകാരൻ അബ്ദുൽ നിസാർ ആസ്ത്രേലിയയിൽ എത്തിയപ്പോൾ എങ്ങനെ ജാക്ക് ആയി എന്നത് ഞാനിപ്പോഴും അന്വേഷിക്കുന്ന മറ്റൊരു കാര്യം.) പതിവ് പോലെ പറഞ്ഞ സമയത്ത് തന്നെ ഞാൻ അദ്ദേഹത്തിന്റെ ഓഫീസിൽ എത്തി. സിഡ്നിയിൽ നിന്നും ഉള്ളോട്ടു മാറി ഏകദേശം 40 കി.മീ. ദൂരെയുള്ള ബ്ലാക്ക് ടൗൺ എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ ഓഫീസ്. ബ്ലാക്ക് ടൗൺ എന്നു പേരുള്ളത് കൊണ്ടാകാം മറ്റു സിറ്റികളിൽ നിന്നും വ്യത്യസ്തമായി കറുത്ത വർഗക്കാർ കൂടുതൽ കാണുന്ന ഒരു സ്ഥലവും ആണിത്. ഇവിടെ നിന്നും ഏകദേശം 12 കി.മീ അകലെ മാർസ്ഡെൻ പാർക്കിലാണ് സിഡ്നിയിലെ നമ്മുടെ പള്ളി. ആസ്ത്രേലിയയിലെ നമ്മുടെ ആദ്യത്തെ പള്ളിയും.

ജാക്ക് പൊതുവെ വലിയ സമയനിഷ്ഠ ഇല്ലാത്ത ആളായത് കൊണ്ട് കൃത്യസമയത്ത് എത്തുന്നതിൽ എനിക്ക് വലിയ ആവേശം ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും സമയത്ത് തന്നെ ഞാൻ ഓഫീസിൽ എത്തി. ഇവിടുത്തെ പേര് കേട്ട ഒരു ബാങ്കിന്റെ മോർട്ട്ഗേജ് (വീട് വാങ്ങുന്നതിന് തവണ വ്യവസ്ഥയിൽ പലിശക്ക് കടം കൊടുക്കുന്ന വ്യവസ്ഥ) മാനേജർ ആണ് നമ്മുടെ ജാക്ക്. ആസ്ത്രേലിയയിൽ വീട് വാങ്ങാൻ താത്പര്യം എടുക്കുന്നവർ കൂടുതലും ഇന്ത്യക്കാരായത് കൊണ്ട് ജാക്കിന്റെ ബിസിനസ് പെട്ടെന്ന് വളർന്നു. ഇന്ത്യൻ കമ്മ്യൂണിറ്റിയിൽ അത്യാവശ്യം പേര് കേട്ട ഒരദ്ദേഹം ആണ് ഇദ്ദേഹം.

ഞാൻ എത്തിയപ്പോൾ തന്നെ 2,3 ഫാമിലികൾ ജാക്കിനു വേണ്ടി കാത്തിരിക്കുന്നുണ്ട്. അവിടെ ജാക്കിന്റെ അസിസ്റ്റന്റ് ബഷീർ (മലേഷ്യക്കാരൻ) നേരത്തെ തന്നെ എത്തിയിരുന്നു. പൊതുവെ സംസാരം കുറവുള്ള എന്നാൽ ജോലിയിൽ അതീവ നിമഗ്നനായ ഒരു പ്രകൃതക്കാരനാണ് ബഷീർ. എന്നെ കണ്ടപ്പോൾ തന്നെ ഇരിക്കാൻ പറഞ്ഞു, ബഷീർ വീണ്ടും ജോലിയിൽ മുഴുകി.

ഞാനവിടെ ഇരുന്നു ബാങ്കിന്റെ മാഗസിൻ മറിച്ചു നോക്കാൻ തുടങ്ങി. അപ്പോഴേക്കും നമ്മുടെ ജാക്ക് സുസ്മേരവദനനായി വന്നെത്തി. തന്റെ സ്വതസിദ്ധശൈലിയിൽ എല്ലാവരേയും സംബോധനം ചെയ്ത ജാക്ക് അല്പ സമയത്തിന് ശേഷം എന്നെ അകത്തേക്ക് വിളിച്ചു. സിഡ്നിയിൽ താൽക്കാലികമായി ഞാൻ ആരംഭിച്ച മാർക്കറ്റിംഗ് ബിസിനസ്സിന്റെ സ്ഥിരം കസ്റ്റമർ ആണ് ജാക്ക്. താനാരംഭിച്ച ഒരു PIZZA(പിസ്സ) ബ്രാന്റിന്റെ എല്ലാ പ്രിന്റ് വർക്കുകളും എന്നെയാണ് ഏൽപ്പിക്കാറ്. ഒരു പുതിയ ബിസിനസ് സംരംഭം തുടങ്ങാനും PIZZA (പിസ്സ) ഷോപ്പിന്റെ മാർക്കറ്റിംഗിനെ കുറിച്ച് ചർച്ച ചെയ്യാനും ആണ് എന്നെ വിളിപ്പിച്ചത്.

എന്ത് ബിസിനസ് ആയിരിക്കും ജാക്ക് ഉദ്ദേശിച്ചത് എന്ന് അറിയാനുള്ള ആകാംക്ഷയും, ഇനി ചെയ്തുകൊണ്ടിരിക്കുന്ന ജോലിയുടെ ഗുണനിലവാരം കുറഞ്ഞത് പറയാനാണോ എന്ന ആധിയും, ഇനി അതുമല്ല ഇപ്പോൾ കൊടുക്കുന്ന റേറ്റ് കുറച്ചു കൊടുക്കാൻ ആയിരിക്കുമോ പുള്ളി പ്ലാൻ ചെയ്തത് എന്നും ആലോചിച്ച് ഇരിക്കുമ്പോഴാണ് പൊടുന്നനെ ജാക്ക് ആ ചോദ്യം ഇട്ടത്......

"എടാ നീ ഏതാ വിഭാഗം?"

കഴിഞ്ഞ 5,6 മാസത്തെ പരിചയത്തിനിടയിൽ ഒരിക്കൽ പോലും ഉണ്ടാകാത്ത ഒരു ചോദ്യം എങ്ങനെ ഇപ്പോൾ വന്നു എന്ന് ചിന്തിക്കുമ്പോഴാണ് അടുത്ത ചോദ്യം വന്നത് .... "നീ കാദിയാനി ആണോ"

അപ്പോൾ തന്നെ ഞാൻ ഉറപ്പിച്ചു..... ഇത് ഗുരുവായൂർക്കാരൻ ഫൈസൽ തന്നെ......

ജാക്കിനെ പരിചയപ്പെടുന്നതിനു മുൻപ് ഞാൻ സിഡ്നിയിൽ കണ്ടെത്തിയ മറ്റൊരു മലയാളിമുസ്‌ലിം ആണ് ഗുരുവായൂർകാരൻ ഫൈസൽ. മുസ്‌ലിം മലയാളികൾ വിരളമായതുകൊണ്ട് ഇങ്ങനെ പരിചയപ്പെടുന്നവരെ പ്രത്യേകസ്നേഹത്തോടെ ഓർമ്മിച്ചു വെക്കാറുണ്ട്. ഫൈസലിനെ പെട്ടെന്നു ഓർമിക്കാൻ കാരണം ഞാൻ അഹ്മദി ആണെന്നറിയുന്ന ചുരുക്കം ചിലരിൽ ഒരാളാണ് ഫൈസൽ. കൂടാതെ ജാക്കിനെയും എന്നെയും തമ്മിൽ അറിയുന്ന ഒരേയൊരു വ്യക്തിയും ഫൈസൽ തന്നെ. ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് ഞാനും ഭാര്യയും കൂടി അദ്ദേഹവുമായി ജമാഅത്തിനെ കുറിച്ച് ഒരു ചെറിയ ചർച്ച തന്നെ നടത്തുകയുണ്ടായി. അന്ന് കൂടുതലും സംസാരിച്ചത് ഫൈസലിന്റെ ഭാര്യയായിരുന്നു. നാട്ടിലെ അറബിക്കോളേജിൽ നിന്നും പഠിച്ചിറങ്ങിയ ഓസ്ട്രേലിയയിലെ മുസ്‌ലിം കുടുംബ സംഗമങ്ങളിൽ ഒരു സ്ഥിരം പ്രഭാഷകയും കൂടിയാണ് ഫൈസലിന്റെ ഭാര്യ....

അപ്പോൾ നിങ്ങൾക്ക് നിസ്കാരം എല്ലാം 5 തന്നെ? നോമ്പും സകാത്തും ഒക്കെ? പിന്നെ വേറെ എന്തെല്ലാമാണ് വ്യത്യാസം?. ജാക്ക് ചോദ്യങ്ങൾ ഓരോന്നായി ചോദിക്കാൻ തുടങ്ങി.

"എല്ലാം ഒന്ന് തന്നെ ജാക്ക്", ഞാൻ മെല്ലെ തുടങ്ങി. കലിമയും, ഖുർആനും നിസ്കാരവും, ഹജ്ജും, നോമ്പും സകാത്തും എല്ലാം ഒന്ന് തന്നെ. പിന്നെ ചുരുക്കം ചില കാര്യങ്ങളിലാണ് വിയോജിപ്പ്.... ഞങ്ങൾക്കൊരു ഖലീഫയുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹമായ പ്രവാചക ത്വം റസൂൽ (സ) യിലൂടെ അവസാനിച്ചിട്ടില്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അത് മാത്രമല്ല റസൂൽ (സ) പ്രവചനം ചെയ്ത മഹ്ദി ഇമാം ആഗതരായി എന്നും ഈസ(അ) മരിച്ചു പോയി എന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ങേ?! ഈസ(അ) പിന്നെ മരിച്ചിട്ടില്ലേ? ആര് പറഞ്ഞു. ഞങ്ങളെല്ലാവരും ഈസ(അ) മരിച്ചു എന്നല്ലേ വിശ്വസിക്കുന്നത്...... അല്ലെ ബഷീറേ......... മലേഷ്യക്കാരൻ ബഷീറിനെ നോക്കി ജാക്ക് ഉച്ചത്തിൽ ചോദിച്ചു .... ഞാൻ ആകെ ആശയകുഴപ്പത്തിലായി. അല്ല ജാക്ക്, ഈസ(അ) ജീവിച്ചിരിക്കുന്നു എന്നാണ് അഹ്മദികളൊഴികെ എല്ലാവരും വിശ്വസിക്കുന്നത്.... കൂടാതെ ഈസാ (അ) രണ്ടാമതും ഇറങ്ങി വരുമെന്നും വിശ്വാസമുണ്ട്.

ജാക്ക് എന്നെ ഒരു വല്ലാത്ത നോട്ടം നോക്കി. ഇവനിതെന്തൊക്കെയാമാണ് പറയുന്നതെന്ന മട്ടിൽ. ഇല്ല ബഷീർ...... ഞാനിതു വരെ കേട്ടിട്ടില്ലല്ലോ... ഈസ (അ) ഇപ്പോഴും എങ്ങനെ ജീവിച്ചിരിക്കാനാ........ പടച്ചോനെ




ജാക്കിനെ ഞാനിതെങ്ങനെ ബോധിപ്പിക്കും. ജാക്ക് നാട്ടിലെ വയള് ഒന്നും കേൾക്കാറുണ്ടായിരുന്നില്ലേ? മുമ്പൊക്കെ വയള് പരമ്പരകളിൽ ഈസ(അ) ന്റെ ആകാശകയറ്റവും രണ്ടാം വരവും, പന്നിയെ കൊല്ലലും കുരിശുടക്കലും എല്ലാം പ്രധാന വിഷയങ്ങളായിരുന്നു. ഇപ്പോ വരേണ്ട സമയം കഴിഞ്ഞതു കൊണ്ട് ആരും ആ വിഷയം സംസാരിക്കാറില്ല.

ജാക്കിന് അത്ര വിശ്വാസം വന്നില്ല. മലേഷ്യക്കാരൻ ബഷീർ താനൊന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ ജോലി എടുക്കാനെന്ന മട്ടിൽ പോകുമ്പോൾ എന്നെ ഒരു വല്ലാത്ത നോട്ടവും നോക്കി!

ഞാൻ ഉടനെ തന്നെ എന്റെ മൊബൈൽ ഫോൺ എടുത്തു സെർച്ച് ചെയ്യാൻ തുടങ്ങി.......

"സെക്കന്റ് കമ്മിംഗ് ഓഫ് ഈസാ" എന്നടിച്ചപ്പോൾ തന്നെ കുറേ ലിങ്ക്സ് കിട്ടി.... ആധികാരികമായതു തന്നെ കിടക്കട്ടെ എന്ന് കരുതി വിക്കീപീഡിയ എടുത്തു നോക്കി. വളരെ വിശദമായി തന്നെ കാര്യങ്ങൾ കിടപ്പുണ്ട്. മുസ്‌ലിം ഭൂരിപക്ഷത്തിന്റെ വിശ്വാസം ഈസ (അ) ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നതാണെന്നും അവസാന കാലത്ത് ഇനി രണ്ടാമതും ഇറങ്ങി വരുമെന്നതാണെന്നും ഞാൻ ജാക്കിന് വായിച്ചു കേൾപ്പിച്ചു. ജാക്കിന്റെ മുഖത്തെ ആശ്ചര്യം ഇപ്പോഴും മാറിയിട്ടില്ല. അങ്ങനെ നീണ്ടുപോയ ചർച്ചയിൽ തൊട്ടാൽ കിട്ടാവുന്ന മൊബൈൽ വിവരങ്ങളും വച്ച് ഞാൻ ആദ്യം ഈസാ (അ) നെ ജീവിപ്പിച്ചു. പിന്നീട് അവിടെ വച്ചു തന്നെ ഖുർആനിലെ തെളിവുകൾ നിരത്തി ഈസ(അ) നെ എനിക്ക് മരിപ്പിക്കേണ്ടിയും വന്നു. അത് കഴിഞ്ഞപ്പോഴാണ് എനിക്കാശ്വാസമായത്.

കൂടുതൽ ചർച്ചകൾ പിന്നീടൊരിക്കൽ ആകാമെന്നു ഉറപ്പ് നല്കി അവിടെ നിന്നും ഇറങ്ങുമ്പോൾ മസീഹ് മൗഊദ്(അ) ചെയ്ത പ്രവചനമാണ് എനിക്കോർമവന്നത്. "നിങ്ങളിൽ ഒരു കാലം വരും, അന്ന് ഈസാ നബിയെ കാത്തു നിന്ന നിങ്ങളുടെ കണ്ണുകൾ ക്ഷീണിക്കുകയും പിന്നെ ഈ വിശ്വാസം കൈ വെടിയുകയും ചെയ്യും" എന്ന പ്രവചനം.

ഈ ചർച്ചക്കിടയിൽ ഞാൻ പോയ കാര്യം മറന്നു പോയി. എങ്കിലും ബിസിനസ്സിനേക്കാളും ഇന്നത്തെ ദിവസം മസീഹ് മൗഊദ് (അ) ചെയ്ത പ്രവചനം പുലർന്ന സന്തോഷത്താലും, ഈസാനബിയെ ജീവിപ്പിച്ചു മരിപ്പിച്ചു എന്ന സംതൃപ്തിയോടെയും ബ്ലാക്ക് ടൗൺ സ്റ്റേഷൻ ലക്ഷ്യമാക്കി ഞാൻ നടന്നു.

# ഹദ്റത് അംറ് (റ) ഇബ്നു ജമൂഹ് അൻസ്വാരി

### വംശാവലി

അൻസാർ ഗോത്രമായ ബനീ ജസം ഇബ്നു ഖദ്റജുമായിട്ടാണ് ബന്ധം. ഉഖ്ബയുടെ അവസരത്തിലാണ് ബയ്അത്തിനുള്ള അവസരം ലഭിച്ചത്. ഒരിക്കൽ നബി(സ) തിരുമേനി അദ്ദേഹത്തെ അൻസ്വാർ ഗോത്രമായ ബനൂ സൽമയുടെ നേതാവായി നിയമിച്ചിരുന്നു. അദ്ദേഹം വളരെയധികം ദയാലുവായിരുന്നു എന്നതാണ് അതിനു കാരണം.

### പുത്രന്റെ തബ്‌ലീഗ്

തുടക്കത്തിൽ അദ്ദേഹം ബഹുദൈവാരാധകനും വിഗ്രഹാരാധകനുമായിരുന്നു. തന്റെ വീട്ടിൽ അദ്ദേഹം തടി കൊണ്ടുള്ള വിഗ്രഹത്തെ അലങ്കരിച്ചു വെച്ചിരുന്നു. 'മനാത്' എന്നായിരുന്നു അതിന് പേരിട്ടത്. അതിനെ വളരെ ആദരിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്തിരുന്നു. രണ്ടാം ഉഖ്ബയുടെ അവസരത്തിൽ ബനൂ സൽമയിലെ ഏതാനും യുവാക്കൾ ബയ്അത്ത് ചെയ്തു. അതിൽ ഹദ്റത് അംറ്(റ) ന്റെ മകനായ മആസ് (റ) വും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ പിതാവിനെ തബ്‌ലീഗ് ചെയ്യുന്നതിനായി വിചിത്രമായ ഒരു മാർഗം അവലംബിച്ചു. ഹദ്റത് അംറ്(റ) പൂജിച്ച് ആദരിച്ച് പോന്ന വിഗ്രഹത്തെ അദ്ദേഹം രാത്രിയിൽ എടുത്ത് അടുത്തുള്ള കുപ്പത്തൊട്ടിയിൽ കൊണ്ടുപോയി ഇടാൻ തുടങ്ങി. രാവിലെ അംറ്(റ) അതിനെ അന്വേഷിച്ച് കണ്ടു പിടിച്ച് വൃത്തിയാക്കി കൊണ്ടു വന്ന് വെക്കും. അടുത്ത ദിവസവും അതാവർത്തിച്ചു. അപ്പോൾ അദ്ദേഹം കോപിഷ്ഠനായി ഇത് ചെയ്യുന്നവനെ പിടിച്ച് ശിക്ഷിക്കുന്നതാണ് എന്ന് പറയുന്നു. വീണ്ടും അതാവർത്തിക്കുന്നു. അപ്പോൾ അദ്ദേഹം രാത്രി തന്റെ വാളെടുത്ത് വിഗ്രഹത്തിനടുത്ത് വെച്ചിട്ട് പറഞ്ഞു, ആരാണോ ഇത് ചെയ്യുന്നത് അവനെ നീ തന്നെ ശിക്ഷിക്കുക. എന്നാൽ രാവിലെ വന്ന് നോക്കിയപ്പോൾ വിഗ്രഹമില്ല വാള് മാത്രമേ അവിടെ കണ്ടുള്ളു. അന്വേഷിച്ചപ്പോൾ ഒരു ഓടയിൽ ചത്ത നായയുടെ കഴുത്തിൽ ബന്ധിച്ച നിലയിൽ അത് കണ്ടുകിട്ടി. ഈ സംഭവം ചിന്തിക്കുന്നതിനായി അദ്ദേഹത്തെ പ്രേരിപ്പിച്ചു. അരികിൽ വാളുണ്ടായിരുന്നിട്ടും സ്വയം തന്നെ രക്ഷിക്കാൻ സാധിക്കാത്ത വിഗ്രഹത്തേയാണോ താൻ ദൈവമായി കരുതുന്നത്. ഇത് ഇസ്‌ലാം സ്വീകരിക്കുന്നതിന് കാരണമായിത്തീർന്നു.

### പിന്നിൽ വന്നു മുന്നിൽ കടന്നു പോയി

അൻസ്വാരികളിൽ ഏറ്റവും അവസാനമായിട്ടാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതെങ്കിലും പല കാര്യങ്ങളിലും അദ്ദേഹം മറ്റുള്ളവരേക്കാൾ മുന്നേറുകയുണ്ടായി. നബി(സ) യോടും ഇസ്‌ലാമിനോടും അദ്ദേഹത്തിന് അതിയായ സ്നേഹമായിരുന്നു. നബി(സ)യോട് അനുരക്തിയായിരുന്നു. നബി(സ)ക്ക് വ്യക്തിപരമായ സേവനങ്ങളും അദ്ദേഹം ചെയ്ത് കൊടുത്തിരുന്നു. മദീനയിലെ പ്രാരംഭഘട്ടത്തിലുള്ള നബി(സ)യുടെ വിവാഹങ്ങളുടെ അവസരത്തിൽ ആത്മാർഥതയോടെ അദ്ദേഹം നബി(സ)യുടെ വലീമ സൽക്കാരത്തിനുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കിയിരുന്നു. ജിഹാദിനോട് ഒരു പ്രത്യേക മമത തന്നെയായിരുന്നു അദ്ദേഹത്തിന്.

### ശഹാദത്തിനുള്ള ആഗ്രഹം

ശഹാദത്ത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. അദ്ദേഹത്തിന്റെ കാലിൽ ചില ബുദ്ധിമുട്ടുകൾ ഉള്ള കാരണത്താൽ അദ്ദേഹം മുടന്തിയാണ് നടന്നിരുന്നത്. ഒരിക്കൽ അദ്ദേഹം നബി(സ) യുടെ സവിധത്തിൽ എത്തിക്കൊണ്ട് ചോദിച്ചു, അല്ലാഹുവിന്റെ ദൂതരേ! അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദായാൽ ഈ മുടന്തുള്ള കാല് കൊണ്ട് എനിക്ക് സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുമോ? പറഞ്ഞു, അല്ലാഹു നിന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

### അനുമതി കരസ്ഥമാക്കുന്നു

ബദ്ർ യുദ്ധത്തിന്റെ സമയത്ത് കാലിലെ ബുദ്ധിമുട്ട് കാരണം മക്കൾ അദ്ദേഹത്തെ യുദ്ധത്തിന് പോകാൻ അനുവദിച്ചില്ല. പിന്നീട് ഉഹദിന്റെ സന്ദർഭത്തിൽ അദ്ദേഹം തന്റെ മക്കളോട് പറഞ്ഞു, ബദ്ർ യുദ്ധത്തിൽ നിന്ന് നിങ്ങൾ എന്നെ തടഞ്ഞു. എന്നാൽ ഉഹദിന്റെ അവസരത്തിൽ നിങ്ങൾക്കെന്നെ തടയാൻ കഴിയില്ല. അദ്ദേഹം നേരെ നബി(സ)യുടെ അടുക്കലേക്ക് പോകുകയും നബി(സ) അദ്ദേഹത്തിന് അനുമതി നൽകുകയും ചെയ്തു. തടയാനാഗ്രഹിച്ച അദ്ദേഹത്തിന്റെ മക്കളോട് നബി(സ) പറഞ്ഞു, നന്മയിൽ നിന്ന് അദ്ദേഹത്തെ തടയേണ്ട. ആഗ്രഹം പൂർത്തിയാക്കട്ടെ. ഒരു പക്ഷേ അല്ലാഹു അദ്ദേഹത്തിന് ശഹാദത്ത് നൽകുമായിരിക്കും.

### ആഗ്രഹം സഫലീകരിക്കുന്നു

അനുവാദം ലഭിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ ദുആ ചെയ്തുകൊണ്ട് യുദ്ധത്തിനായി പുറപ്പെട്ടു, അല്ലാഹുവേ! ഇനി എനിക്ക് ശഹാദത്ത് നൽകേണമെ.



**നുറുങ്ങുകൾ**

ടി.എം

# പ്രായശ്ചിത്തം

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**

ഹദ്റത് ഉമർ (റ) പ്രാരംഭത്തിൽ നടപ്പിലാക്കിയ തീരുമാനങ്ങളിൽ മുലകുടിക്കുന്ന കുട്ടികളെ പരിഗണിച്ചിരുന്നില്ല. മുലകുടി മാറ്റിയ ശേഷമാണ് ആ കുട്ടികൾക്കായി ധാന്യങ്ങളും മറ്റു സഹായങ്ങളും അനുവദിച്ചിരുന്നത്.

ഒരിക്കൽ രാത്രി ഹദ്റത് ഉമർ (റ) ജനങ്ങളുടെ അവസ്ഥകൾ മനസ്സിലാക്കുന്നതിനായി റോന്ത് ചുറ്റുകയായിരുന്നു. അപ്പോൾ ഒരു കുടിലിൽ നിന്ന് ഒരു കുട്ടി കരയുന്ന ശബ്ദം കേട്ടു. ഹദ്റത് ഉമർ(റ) അല്പനേരം അവിടെ തങ്ങി. എന്നാൽ കുട്ടി കരച്ചിൽ നിർത്തുന്നുണ്ടായിരുന്നില്ല. മാതാവ് കുട്ടിയ ഉറക്കുവാനായി ശ്രമിക്കുകയായിരുന്നു. കുറേ നേരം അവിടെ നിന്നതിനു ശേഷം അദ്ദേഹം കുടിലിനുള്ളിലേക്ക് ചെന്നിട്ട് ആ സ്ത്രീയോട് പറഞ്ഞു, നീ നിന്റെ കുട്ടിക്ക് പാല് എന്ത്കൊണ്ട് കൊടുക്കുന്നില്ല. എത്ര നേരമായി കുഞ്ഞ് കരയാൻ തുടങ്ങിയിട്ട്? ആ സ്ത്രീ ഉമർ (റ)നെ തിരിച്ചറിഞ്ഞില്ല. ഏതെങ്കിലും സാധാരണ ആളായിരിക്കും എന്ന് കരുതി ആ സ്ത്രീ പറഞ്ഞു, നിങ്ങൾക്കറിയാമോ മുലകുടിക്കുന്ന കുട്ടികൾക്ക് ധാന്യം ലഭിക്കുന്നതല്ല എന്ന് ഉമർ തീരുമാനം എടുത്തിരിക്കുന്നു. ഞങ്ങൾ ദരിദ്രരാണ്. വളരെ ബുദ്ധമുട്ടിയാണ് ഞങ്ങൾ കഴിഞ്ഞു പോകുന്നത്. ബയ്ത്തുൽ മാലിൽ നിന്ന് ഇവന്റെ ധാന്യവും കൂടി ലഭിക്കുന്നതിനായി ഞാനിവന്റെ മുലകുടി നിർത്തിയിരിക്കുന്നു. ഇനി ഇവൻ കരയുന്നെങ്കിൽ ഈ നിയമമുണ്ടാക്കിയ ഉമർ(റ) ന്റെ ജീവനു വേണ്ടിയാണ് കരയുന്നത്.

ഹദ്റത് ഉമർ (റ) ആ നിമിഷം തന്നെ അവിടെ നിന്ന് മടങ്ങി. വഴിയിൽ വളരെ ദു:ഖിതനായി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു, ഓ ഉമർ, ആ നിയമം നടപ്പിലാക്കി നീ എത്ര ദരിദ്രകുട്ടികളുടെ പാലുകുടി നിർത്തിച്ചിരിക്കും? അങ്ങനെ ഭാവിതലമുറയെ നീ ബലഹീനരാക്കിയില്ലേ? ഇതിന്റെയെല്ലാം ഉത്തരവാദിത്വം നിന്റെ ചുമലിലാണ്. അങ്ങ നെ അദ്ദേഹം നേരെ സ്റ്റോറിലേക്ക് ചെന്നു. വാതിൽ തുറന്ന് ഒരു ചാക്ക് ധാന്യം എടുത്ത് സ്വന്തം ചുമലിൽ ഉയർത്തി. ഞാനെടുക്കാം എന്ന് ആരോ പറഞ്ഞെങ്കിലും തെറ്റ് ചെയ്തത് ഞാനാണ് ശിക്ഷയും എനിക്ക് തന്നെ ലഭിക്കണം എന്ന് പറഞ്ഞ് കൊണ്ട് സ്വയം അത് ഉയർത്തി നടന്നു. അങ്ങനെ ആ ധാന്യ ചാക്ക് ആ സ്ത്രീക്ക് എത്തിച്ചു.

അടുത്ത ദിവസം പുതിയ കല്പന നൽകി കൊണ്ട് പറഞ്ഞു, കുട്ടി ജനിക്കുന്ന ദിവസം മുതൽ അവനായി ധാന്യത്തിന്റെ വിഹിതം ഉണ്ടായിരിക്കുന്നതാണ്. കാരണം അവനെ മുലകുടിപ്പിക്കുന്ന മാതാവ് കൂടുതൽ പോഷകാഹാരത്തിന് അർഹയാണ്.

(ഇസ്‌ലാം കാ ഇഖ്തിസാദി നിസാം)

---

എനിക്ക് എന്റെ വീട്ടിലേക്ക് പരാജിതനായി മടങ്ങുന്നതിനുള്ള അവസരം നൽകരുതെ.

അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തിയാക്കി. ഉഹദ് മൈതാനത്തു നിന്ന് അദ്ദേഹം ജീവനോടെ മടങ്ങിയില്ല. ആ യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ശഹീദായി കിടന്നിരുന്ന അദ്ദേഹത്തിനടുത്തു കൂടി നബി(സ) കടന്നു പോയപ്പോൾ അദ്ദേഹത്തെ കണ്ട് നബി (സ) പറഞ്ഞു, അല്ലയോ അംറ്(റ), ഞാൻ താങ്കളെ സ്വർഗത്തിൽ നല്ല കാലോടുകൂടി നടക്കുന്നതായി കാണുന്നു. അദ്ദേഹത്തിന്റെ പത്നി ഹദ്റത് ഹിന്ദ്(റ) അദ്ദേഹത്തിന്റെയും തന്റെ മകൻ ഖലാദ് (റ)ന്റെയും ജനാസയെ ഒട്ടകത്തിൽ എടുത്ത് വെച്ച് മദീനയിലേക്ക് കൊണ്ടു വന്നു. മദീനയിലെത്തിയപ്പോൾ നബി (സ) പറഞ്ഞു, ഉഹദിലെ ശുഹദാക്കളെ അവിടെ തന്നെയാണ് മറവടക്കുന്നത്. അങ്ങനെ ആ മഹതി വീണ്ടും ജനാസയെ ഉഹദ് മൈതാനത്തേക്ക് കൊണ്ടു പോയി.

### പരസ്പര സ്നേഹത്തിന്റെ ദിവ്യാടയാളം

അദ്ദേഹത്തെയും സഹോദരനായ ഹദ്റത് അബ്ദുല്ലാഹ് ഇബ്നു അംറ്(റ) നേയും അവരുടെ ആത്മാർഥതയും കൂറും പരസ്പര സ്നേഹവും കണ്ട് നബി (സ) ഒരേ ഖബറിൽ അടക്കുന്നതിനായി നിർദേശിച്ചു. അങ്ങനെ രണ്ടു പേരും ഒരേ ഖബറിൽ അടക്കപ്പെട്ടു. പിന്നീട് അവരുടെ ഖബർ പരസ്പര സ്നേഹത്തിന്റെ ഒരു അടയാളമായി മാറുകയുണ്ടായി. രിവായത്തിൽ പറയുന്നു, ഏകദേശം അര നൂറ്റാണ്ടിനു ശേഷം പ്രളയം വന്നപ്പോൾ ആ മഹാത്മാക്കളുടെ മൃതശരീരങ്ങൾ ഭൂമിക്ക് വെളിയിലേക്ക് വന്നു. സഹാബാക്കൾ പറയുന്നു, ആ ശുഹദാക്കളുടെ മൃതശരീരങ്ങൾ ഒരു പ്രത്യേക സംരക്ഷണത്തിലായിരുന്നു. അവരുടെ ശരീരത്തിന് യാതൊരു കേടുപാടും പറ്റിയിരുന്നില്ല. അല്ലാഹു ചില പ്രത്യക്ഷ അടയാളങ്ങൾ തന്റെ പ്രിയർക്കും ഔലിയാക്കൾക്കുമായി വെളിപ്പെടുത്താറുണ്ടെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

പുണ്യാത്മാക്കൾ

# ഹദ്റത് ഡോക്ടർ ഇത്വ്റുദ്ദീൻ സാഹിബ് (റ) ശക്കർഗഡ്

## കുടുംബ പശ്ചാത്തലം

പിതാവ് : മിയാൻ ഭോലാ, മാതാവ്: മായി കാകു. സ്വദേശം: ശക്കർഗഡ് തഹ്സീലിലെ ഛമാൽ. ഗോത്രം: ഭട്ടി. ജനനം: 1888.

## മസീഹ് മൗഊദ്(അ) ന്റെ ദർശനം

പ്രാരംഭ വിദ്യാഭ്യാസത്തിനു ശേഷം അമൃത്സറിലെ എം.ഒ ഹൈസ്കൂളിൽ വിദ്യാഭ്യസം കരസ്ഥമാക്കിയിരുന്ന സമയത്ത് 1898 ൽ ഹദ്റത് മസീഹ് മൗഊദ് (അ) അമൃത്സറിലൂടെ ട്രെയിനിൽ കടന്നു പോകുന്നതായി അദ്ദേഹം അറിയാനിടയായി. വളരെ ആകാംക്ഷയോടെ അദ്ദേഹം സ്റ്റേഷനിൽ എത്തിച്ചേർന്നു. ട്രെയിൻ സ്റ്റേഷനിൽ എത്തിയപ്പോൾ അദ്ദേഹം ട്രെയിനിലേക്ക് എത്തി നോക്കി. അന്നേരം ഹദ്റത് മസീഹ് മൗഊദ് (അ) ഇരിപ്പിടത്തിൽ കിടക്കുന്നതായി കണ്ടു. അദ്ദേഹത്തിന്റെ തലയ്ക്കൽ ഖാജാ കമാലുദ്ദീൻ സാഹിബും ഇരിക്കുന്നുണ്ടായിരുന്നു. മസീഹ് മൗഊദ്(അ) നെ കാണുന്നതിനായി അദ്ദേ ഹം ജനലിലൂടെ അകത്തേക്ക് നോക്കിയപ്പോൾ ഖാജാ സാഹിബ് അദ്ദേഹത്തോട് പുറകോട്ട് മാറുന്നതിനായി പറഞ്ഞു. എന്നാൽ അപ്പോഴേക്കും ഹുസൂർ (അ) എഴുന്നേറ്റിരുന്നിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞു, തടയണ്ട. അല്ലാഹുവിന്റെ കല്പനയാലാണ് വന്നിട്ടുള്ളത്. ഡോക്ടർ സാഹിബ് പ്രകാശഭരിതമായ ആ മുഖം ദർശിച്ചപ്പോൾ തന്നെ ഇത് സത്യവാന്റെ മുഖമാണെന്ന് മനസ്സിൽ ആത്മഗതം ചെയ്തു. അങ്ങനെ ട്രെയിൽ സ്റ്റേഷൻ വിടുന്നതുവരെ അവിടെ തന്നെ നിന്നു.

## ദൈവഭക്തന്റെ സാക്ഷ്യപത്രം

അന്നാളുകളിൽ മിസ്രി ശാഹ് എന്ന പേരുള്ള ഒരു ദൈവഭക്തൻ അമൃത്സറിൽ എത്തിച്ചേരുകയും വളരെ വേഗത്തിൽ പ്രശസ്തനാകുകയും ചെയ്തു. ഡോക്ടർ സാഹിബും അയാളുടെ പ്രശസ്തി കണ്ട് അയാളുടെ സവിധത്തിൽ എത്തി. അദ്ദേഹത്തെ കണ്ടപ്പോൾ തന്നെ അയാൾ പറഞ്ഞു, ആർക്കാണോ വലിയാകേണ്ടത് അവർ ഖാദിയാനിലേക്ക് പോകട്ടെ.

## ബയ്അത്ത്

അതിനു ശേഷം ഉടൻ തന്നെ അദ്ദേഹം 1899 ൽ ബയ്അത്തിന്റെ കത്തെഴുതി ഖാദിയാനിലേക്ക് അയച്ചു. പിന്നീട് 1900 ന്റെ അവസാനത്തിൽ സ്വയം ഖാദിയാനിൽ എത്തി നേരിട്ട് ബയ്അത്ത് ചെയ്തു. പിന്നീട് സ്ഥിരമായി ഖാദിയാനിൽ തന്നെ തങ്ങി. അവിടെ മറ്റ് വിദ്യാഭ്യാസം കൂടാതെ മതവിജ്ഞാനവും കരസ്ഥമാക്കി.

## ഡോക്ടറാകുന്നു

ഹദ്റത് ഡോക്ടർ സാഹിബ് 1906ൽ ലാഹോറിലെ വെറ്റിനറി കോളേജിൽ പ്രവേശനം കരസ്ഥമാക്കുകയും 1910 ൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് ഇന്ത്യയിലെ വിവിധ പട്ടണങ്ങൾ കൂടാതെ മുസ്ഖിത്, ബസറ, ബഗ്ദാദ്, ബർമ എന്നിവിടങ്ങളിൽ നിയമിതനായി അവസാനം ഖാദിയാനിൽ മടങ്ങിയെത്തി.

## ദീനീ ആത്മാർഥത

ജോലിക്കിടയിലും ഹദ്റത് ഡോക്ടർ സാഹിബ്(റ) മതവികാരഭരിതനായിരുന്നു. മുംബെയിൽ 3 വർഷത്തോളം സദ്ർ ജമാഅത്തായിരുന്നു. ഡോക്ടർ സാഹിബ്(റ)ന്റെ വസതിയിലായിരുന്നു ജുമുആ നമസ്കാരം നടന്നിരുന്നത്. അത്പോലെ ബഗ്ദാദിലെ സൈനീക ക്യാമ്പിൽ ഏതാനും അഹ്മദികൾ ഉണ്ടായിരുന്നു. അവരുടെ ഇമാമും ഡോക്ടർ സാഹിബ് തന്നെയായിരുന്നു.

## സേവനങ്ങൾ

ഇന്ത്യാ പാക്ക് വിഭജന സമയത്ത് ഖാദിയാന്റെ സംരക്ഷണാർഥം 35 ആത്മാർഥ അഹ്മദികളുടെ സംഘം രണ്ട് ട്രക്കുകളിലായി പുറപ്പെട്ടിരുന്നു. പ്രസ്തുത സംഘത്തിൽ ഹദ്റത് ഡോക്ടർ സാഹിബ് (റ) ഉം ഉൾപ്പെട്ടിരുന്നു. അടുത്തുള്ള ഗ്രാമവാസികൾ ചികിത്സയ്ക്കായി അദ്ദേഹത്തിന്റെ അടുക്കൽ എത്തുമായിരുന്നു. കൂടാതെ അദ്ദേഹം യാതൊരു ഭയവുമില്ലാതെ മൈലുകളോളം പോകുകയും സൗജന്യമായി സേവനം നൽകുകയും ചെയ്യുമായിരുന്നു. ഇത് മാനുഷിക സേവനപ്രവർത്തനങ്ങളിൽ വളരെ സ്വാധീനം ചെലുത്തിയിരുന്നു.

## കുടുംബം

ഹദ്റത് ഡോക്ടർ സാഹിബ് (റ) ന്റെ ആദ്യ വിവാഹം 1907 ൽ അമൃത്സറിൽ വെച്ചാണ് നടന്നത്. ഭാര്യയുടെ പേര് ഫദ്ലുന്നിസാ സാഹിബ എന്നായിരുന്നു. പിന്നീട് അവർ വഫാത്തായി. പ്രസ്തുത ബന്ധത്തിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. പിന്നീട് ഹദ്റത് ഡോക്ടർ സാഹിബ്(റ) ന്റെ രണ്ടാം വിവാഹം ഹദ്റത് സയ്യിദ് അസീസുർ റഹ്മാൻ സാഹിബ് ബരേലവി സാഹിബിന്റെ പുത്രി സയ്യിദ നുസ്റത് ബാനു സാഹിബയുമായി നടന്നു. അതിൽ അവർക്ക് രണ്ട് ആൺമക്കൾ ജനിച്ചു.

## സൗഭാഗ്യവാൻ

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വഫാത്ത് സമയത്ത് ഹദ്റത് ഡോക്ടർ സാഹിബ് (റ) വെറ്റിനറി കോളേജ് ലാഹോറിൽ വിദ്യാർഥിയായിരുന്നു. മരണവിവരം അറിഞ്ഞ് അദ്ദേഹം അഹ്മദിയ്യ ബിൽഡിങ്ങിൽ എത്തി. ദർശനം കരസ്ഥമാക്കുകയും പരിശുദ്ധ നെറ്റിയിൽ ചുംബനം അർപിക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു. പിന്നീട് ജനാസയോടൊപ്പം ഖാദിയാനിൽ എത്തി. പരിശുദ്ധ ജനാസയെ ചുമലിലേറ്റുന്നതിനുള്ള സൗഭാഗ്യവും കരസ്ഥമാക്കി.

## മൂസിയാകുന്നു

1920 ൽ അദ്ദേഹം അനുഗൃഹീത വസിയ്യത്ത് പദ്ധതിയിൽ അംഗമായി. പിന്നീട് വസിയ്യത്ത് ഭാഗത്തിൽ വർദ്ധനവ് നടത്തി ഒൻപതിലൊന്നാക്കി മാറ്റി.

## വഫാത്ത്

1974 ഡിസംബർ 14 ന് 85 -ാം വയസിൽ ഹദ്റത് ഡോക്ടർ ഇത്വ്റുദ്ദീൻ സാഹിബ് (റ) ഇഹലോകവാസം വെടിഞ്ഞു. ബഹിശ്തി മഖ്ബറ ഖാദിയാനിലാണ് അദ്ദേഹത്തെ മറവടക്കിയിരിക്കുന്നത്.

(അൽഫദ്ൽ ഇന്റർനാഷണൽ, 24.12.2010)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്

# മതപരമായ സേവനങ്ങൾക്ക് സമയം

**ജോലിത്തിരക്കുള്ള ഒരാൾക്ക് മതപരമായ സേവനങ്ങൾക്കായി എങ്ങനെ സമയം കണ്ടെത്താൻ കഴിയും?**

സമയം കണ്ടെത്തേണ്ടതാണ്. ഒരാൾ മുഴുവൻ സമയവും പഠനത്തിനായി വിനിയോഗിക്കുന്നുവെങ്കിലും ഒഴിവു സമയം കണ്ടെത്താറുണ്ട്. എന്നാൽ അത് വ്യർഥമായി പോകുന്നു എന്നതാണ് വാസ്തവം. ഇങ്ങനെ നാം പാഴാക്കുന്ന സമയം ക്രിയാത്മകമായ രീതിയിൽ ചെലവഴിച്ചാലും നാം പ്രതീക്ഷിക്കുന്ന ആശ്വാസം (റിലാക്സേഷൻ) ലഭിക്കുന്നതാണ്. എന്തെന്നാൽ ആശ്വാസം/ വിശ്രമം (റിലാക്സേഷൻ) എന്നാൽ മാറ്റമാണ്. നില്ക്കുന്ന നില്പ്പിൽ ക്ഷീണം അനുഭവിച്ചാൽ നിൽക്കുന്ന രീതി നാം മാറ്റുന്നു. അപ്പോഴും നില്ക്കുക തന്നെയായിരിക്കും. ഭാരം അതുതന്നെയാണ് എന്നാൽ അംഗ വിത്യാസം മാറ്റുക വഴി സുഖം ലഭിക്കുന്നു. ഇങ്ങനെ വിശ്രമം നല്കുന്ന പ്രവൃത്തികളെ നാം ഹോബി എന്ന് വിളിക്കുന്നു. എല്ലാവർക്കും ഹോബികളുണ്ടാകും. ശാസ്ത്രജ്ഞർക്കും ഹോബികളുണ്ട്. ഐൻസ്റ്റീന് സംഗീതം ഇഷ്ടമായിരുന്നു. തന്റെ സംഗീത പാഠങ്ങൾക്കായി അദ്ദേഹം സമയം കണ്ടെത്തി. മരണശയ്യയിൽ പോലും.

പുസ്തക വിവരണം കേൾക്കുകയായിരുന്നു ആൽബർട്ട് ഐൻസ്റ്റീന്റെ ഹോബി. ചർച്ചിലിന്റെ ഹോബി ആശാരി പണിയായിരുന്നു. യുദ്ധത്തിന്റെ പിരിമുറുക്കത്തിലും തന്റെ ഹോബിക്ക് അദ്ദേഹം സമയം കണ്ടെത്തി. ഹോബി അദ്ദേഹത്തിന്റെ സഹായത്തിനെത്തി. നേരത്തെ പറഞ്ഞതു പോലെ.

ഏർപ്പെട്ട വിഷയത്തിൽ മാറ്റം വരുത്തുമ്പോൾ വിരസത ഇല്ലാതാവുന്നു. നിങ്ങളുടെ ചുറ്റുമുള്ള യുവാക്കളുടെ ഉന്നമനത്തിനായി, അഹ്മദി കുട്ടികളുടെ ക്ഷേമത്തിനായി സമയം കണ്ടെത്തുമ്പോൾ ഇത്തരം മാറ്റം കാര്യക്ഷമമായും കൂടുതൽ സന്തോഷത്തിലും പ്രയോഗവത്ക്കരിക്കാവുന്നതാണ്.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## കടം മഹാവിപത്താകുന്നു

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുഹിബ്ബീ അസീസീ നവാബ് സാഹിബ് സല്ലമഹു

السلام علیکم ورحمۃ اللہ وبرکاتہ

ബുദ്ധിമുട്ടിക്കാനുള്ള കാരണമിതാണ്, വിനീതന് താങ്കളുടെ 500 രൂപ കടം തിരിച്ചു നൽകാനുണ്ട്. അതിന്റെ കാലാവധി എത്ര ബാക്കിയുണ്ടെന്നത് ഓർമയില്ല. കടം എന്നുള്ളത് വളരെ സങ്കീർണവും അപകടകരവുമായ കാര്യമാണ്. എന്റെ ഓർമശക്തി ശരിയല്ല. അഞ്ച് വർഷം കൊണ്ട് നൽകാമെന്നാണ് പറഞ്ഞതെന്ന് തോന്നുന്നു. എത്ര വർഷം കഴിഞ്ഞു എന്നറിയില്ല. ആയുസ്സിന്റെ ഒരു ഉറപ്പും ഇല്ല. എത്ര കാലാവധി ബാക്കിയുണ്ടെന്നത് ദയവായി അറിയിച്ചാലും. അങ്ങനെയെങ്കിൽ കഴിയുന്നത്ര അതിനെ സംബന്ധിച്ച് ചിന്തിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മടക്കി നൽകാൻ സാധിക്കുന്നതാണ്. ഒന്നിച്ച് അയക്കാൻ കഴിഞ്ഞില്ലെങ്കിൽ പല തവണയായി അയക്കുന്നതാണ്. അതിനെ കുറിച്ച് ആലോചിക്കുന്നതിനായി പെട്ടെന്ന് തന്നെ അറിയിപ്പ് നൽകുമെന്ന് കരുതുന്നു. കാരണം ലോകത്തുള്ള വിപത്തുകളിൽ പെട്ട ഒന്നാണ് കടം. അതിൽ നിന്ന് ഒഴിവാകുന്നതിലാണ് സമാധാനം.

മറ്റൊരു കാര്യം പറയാനുള്ളത്, മുകർറമീ അഖ്വീം മൗലവി സയ്യദ് മുഹമ്മദ് അഹ്സൻ സാഹിബ് ഏകദേശം രണ്ട് ആഴ്ചയായി ഖാദിയാനിൽ എത്തിയിട്ടുണ്ട്. വിനീതനെ കുറിച്ച് താങ്കൾക്ക് സദ്ഭാവനയുടെ ബന്ധമുണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ മാസം 20 രൂപ ഈ ജമാഅത്തിന്റെ പ്രചാരകനും ഉപദേശകനും എന്ന നിലയിൽ അദ്ദേഹത്തിന് നൽകുന്നതാണെന്ന് തീരുമാനിച്ചിരുന്നു. അങ്ങനെ താങ്കൾ കുറച്ച് കാലം അദ്ദേഹത്തിനത് നൽകി. അതിന്റെ പ്രതിഫലം നിശ്ചയമായും താങ്കൾക്ക് ലഭിച്ചിട്ടുണ്ടാകും എന്ന് വിശ്വസിക്കുന്നു. എന്നാൽ ഏതാനും മാസങ്ങളായി അദ്ദേഹത്തിന് ഒന്നും ലഭിച്ചിട്ടില്ല. ഇപ്പോൾ താങ്കളോട് ഇത് പരാമർശിക്കുന്നതിനായി മനസ്സ് അനുവദിക്കുന്നില്ലായെങ്കിലും മൗലവി സാഹിബ് ഇവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു എന്നതിനാൽ താങ്കൾ എന്താണോ ഉത്തമമായി കരുതുന്നത് അത് എനിക്കുള്ള മറുപടി കത്തിൽ എഴുതിയാലും. യഥാർഥത്തിൽ മൗലവി സാഹിബ് വളരെ യധികം സത്യസന്ധനായ സുഹൃത്തും യഥാർഥ ദൈവജ്ഞാനിയുമാണ്. അദ്ദേഹം മദ്രാസിലും ബാംഗ്ലൂരിലും സന്ദർശനങ്ങൾ നടത്തിക്കൊണ്ട് ആയിരക്കണക്കിന് ആളുകളുടെ ഹൃദയങ്ങളിൽ നിന്ന് നിഷേധത്തിന്റെയും കളവാക്കലിന്റെയും മാലിന്യത്തെ അകറ്റിയാണ് വന്നിരിക്കുന്നത്. അതുപോലെ ആയിരക്കണക്കിന് ആളുകളെ ഈ ജമാഅത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഋജുവായ മാർഗത്തിലും ഉറച്ച വിശ്വാസത്തിലും മുമ്പത്തേക്കാൾ പുരോഗതിയിലുമാണ്.

നമ്മുടെ ജമാഅത്ത് ദരിദ്രരുടെയും ബലഹീനരുടെയും ജമാഅത്താണെങ്കിലും എനിക്ക് പ്രിയം ഇതേ പണ്ഡിതന്മാരുടെയും അന്വേഷികളുടെയും ജമാഅത്ത് തന്നെയാണ്. അവരെ തന്നെയാണ് ഞാൻ ഭയഭക്തിയുള്ളവരും ദൈവഭയമുള്ളവരും യഥാർഥ ജ്ഞാനമുള്ളവരുമായി കാണുന്നത്. സത്പ്രകൃതക്കാരായ ആത്മാക്കളെയും ഹൃദയങ്ങളെയും നിത്യേന അല്ലാഹു ഇതിലേക്ക് വലിച്ചടുപ്പിക്കുന്നു. ഫൽഹംദുലില്ലാഹി അലാ ദാലിക.

വിനീതൻ

9 ഡിസംബർ 1894 — മിർസാ ഗുലാം അഹ്മദ് ഖാദിയാൻ




സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

# സേവകനോടുള്ള അനുകമ്പ

**ഹദ്റത് ശേഖ് യാഖൂബ് അലി സാഹിബ് ഇർഫാനി(റ)**


1898 ൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി ബട്ടാലയിലെ ഒരു സബ് ഇൻസ്പെക്ടറിന്റെ വക്താവായിക്കൊണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു വിജ്ഞാപനത്തെ ആധാരമാക്കി ജീവസംരക്ഷണാർഥം ആയുധത്തിനുള്ള അപേക്ഷ നൽകുകയുണ്ടായി. അതേ തുടർന്ന് പ്രസ്തുത ഇൻസ്പെക്ടർ 107 -ാം വകുപ്പ് പ്രകാ രം ഹദ്റത് മസീഹ് മൗഊദ്(അ) നെതിരിൽ സമാധാന സംരക്ഷണത്തിനായുള്ള ജാമ്യത്തിനായി റിപ്പോർട്ട് ചെയ്തു. അങ്ങനെ മുഹമ്മദ് ഹുസൈന്റെ കേസ് ആരംഭിച്ചു. ഈ കേസിന്റെ ഒരു വാദം പഠാൻകോട്ടിലായിരുന്നു.

ഞാൻ പ്രസ്തുത യാത്രയിൽ ഹുസൂറിനോടൊപ്പമുണ്ടായിരുന്നു. രാത്രിയിൽ ഞാൻ പെട്ടെന്ന് രോഗിയായി. കലശലായ വയറ് വേദന തുടങ്ങി. അതോടൊപ്പം തന്നെ മലവും മൂത്രവും തടസ്സപ്പെട്ടു. ഞാൻ കിടന്നിരുന്ന മുറിയിൽ ഹദ്റത് മൗലവി അബ്ദുൽ കരീം സാഹിബ് മർഹൂമും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രകൃതത്തിലെ കോമളതയെ കുറിച്ചറിവുള്ളതിനാൽ അദ്ദേഹത്തിന്റെ വിശ്രമത്തെ പരിഗണിച്ചു കൊണ്ട് ഞാൻ ഹായ് എന്ന ശബ്ദം പോലും ഉണ്ടാകാതിരിക്കാൻ ശ്രമിച്ചു. വേദനയാണെങ്കിൽ ഓരോ നിമിഷവും കൂടിവരുകയായിരുന്നു.

അവസാനം ഞാൻ ഗത്യന്തരമില്ലാതെ അതിനോട് ചേർന്ന മറ്റൊരു മുറിയിലേക്ക് പോന്നു. അവിടെ ഹദ്റത് നൂറുദ്ദീൻ സാഹിബ് ഉറങ്ങുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു ഭാഗത്തായി ഞാൻ കിടന്നു. അദ്ദേഹം തിരിയുമ്പോൾ കാര്യം പറയാമെന്ന് കരുതി.

അദ്ദേഹം ഇങ്ങോട്ട് തിരിഞ്ഞ് കിടന്നപ്പോൾ ഞാൻ ഹായ് എന്ന് പറഞ്ഞു. എന്റെ ഈ ശബ്ദം അടുത്ത മുറിയിൽ കിടന്നിരുന്ന ഹദ്റത് സാഹിബിന്റെ കാതിൽ എത്തി. മൗലവി സാഹിബ് എഴുന്നേൽക്കുന്നതിന് മുന്നായി തന്നെ ഹദ്റത് അഖ്ദസ് സാഹിബ് അവിടെ എത്തി. എന്നിട്ട് ചോദിച്ചു, മിയാൻ യഅ്ഖൂബ് അലി എന്ത് പറ്റി? ആ ചോദ്യത്തിൽ എനിക്കൊരിക്കലും വിസ്മരിക്കാൻ സാധിക്കാത്ത സ്നേഹവും അനുകമ്പയും പ്രകടമായിരുന്നു. ആ ചോദ്യത്തോടൊപ്പം തന്നെ ഹദ്റത് ഹക്കിം മൗലവി സാഹിബും മറ്റ് സഹോദരന്മാരും എഴുന്നേറ്റു. ഞാനെന്റെ അവസ്ഥ വിവരിച്ചു. അദ്ദേഹം മൗലവി സാഹിബിനോട് പറഞ്ഞു, ഞാൻ സ്വയം മരുന്ന് നൽകാം.

അങ്ങനെ അദ്ദേഹം എനിക്ക് ഏതാനും ഗുളികകൾ തന്നു. സംഘം പുറപ്പെടേണ്ട സമയമായപ്പോൾ ഞാൻ പറഞ്ഞു, എന്നെയും കൂടെ കൊണ്ടുപോയാലും. അല്ലെങ്കിൽ എന്നെ ലാഹോറിലേക്ക് എത്തിച്ചാലും. ഞാൻ വേദനയാൽ അസ്വസ്ഥനായിരുന്നു. മരണം ആസന്നമാണെന്ന് തോന്നുമാറ് എന്റെ അവസ്ഥ വളരെ പരിതാപകരമായിരുന്നു.



ഹദ്റത് എന്റെ അസ്വസ്ഥതയിൽ വീണ്ടും വീണ്ടും സമാധാനിപ്പിക്കുന്നുണ്ടായിരുന്നു. പറഞ്ഞു, ഞാൻ താങ്കൾക്കുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയാണ് പോകുന്നത്. താങ്കൾക്ക് തീർച്ചയായും സൗഖ്യം ഉണ്ടാകുന്നതാണ്. ഇനി താങ്കൾ പറയുകയാണെങ്കിൽ ഇന്നത്തെ യാത്ര ഞാൻ റദ്ദാക്കുന്നതാണ്.


ഈയൊരു അനുകമ്പയുടെയും വാത്സല്യത്തിന്റെയും മാതൃക ലോകത്ത് മറ്റെവിടെയെങ്കിലും കാണാൻ സാധിക്കുമോ? ഒരുക്കലുമില്ല. ഹുസൂർ തന്റെ ഒരു നിസ്സാരനായ സേവകനു വേണ്ടി എല്ലാ സംവിധാനങ്ങളും ഒരുക്കുകയും അതിലും തൃപ്തി കൈവന്നില്ലായെങ്കിൽ യാത്രപോലും മാറ്റിവെക്കാൻ തയ്യാറാകുന്നു.

അവസാനം രണ്ടു പേരെ എനിക്കരുകിൽ നിർത്തി പോകുവാൻ തീരുമാനിച്ചു. അവർ നിസ്സാരരായിരുന്നില്ല. ഹദ്റത് ഹക്കീം ഫസ്ലുദ്ദീൻ സാഹിബ് മർഹൂമും ശേഖ് അല്ലാഹ് ദിയാ സാഹിബ് മർഹൂം ലുധിയാനവി എന്നിവരായിരുന്നു അവർ. കൂടാതെ ആവശ്യമായ തുക ഹക്കീം സാഹിബിന്റെ കയ്യിൽ ഏൽപിച്ചുകൊണ്ട് രോഗശുശ്രൂഷയിൽ യാതൊരു കുറവും അശ്രദ്ധയും ഉണ്ടാകരുതെന്ന് ഓർമപ്പെടുത്തുകയും ചെയ്തു. അല്ലാഹു അനുഗ്രഹിക്കുകയും വൈകുന്നേരത്തോടെ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു. തുടർന്ന് ഖാദിയാനിൽ എത്തിച്ചേർന്നു. ( അൽഹക്കം, 07.02.34)

# ഖുർആൻ തന്റെ ദാസർക്കുള്ള അല്ലാഹുവിന്റെ കത്ത്

## ഖാദിംകളോട്

**ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)**



**കർമത്തിനായി അറിവ് അനിവാര്യം**

ഞാൻ രണ്ടാമതായി നിങ്ങളോട് ഉപദേശിക്കാൻ ആഗ്രഹിക്കുന്നത്, അറിവ് കൂടാതെ ഒരിക്കലും ശരിയായ കർമങ്ങൾ സാധ്യമല്ല എന്നതാണ്. കർമമില്ലാതെ മനുഷ്യന് യഥാർഥ ജീവിതം കരസ്ഥമാക്കാൻ സാധിക്കില്ല എന്നതിലും യാതൊരു സംശയവുമില്ല. കർമരഹിതനായ ജ്ഞാനിയുടെ ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന ഒരു കഴുതയെ പോലെയാകുന്നു. അതുപോലെ അറിവില്ലാത്ത മനുഷ്യൻ ചെയ്യുന്ന കർമങ്ങൾ ശരിയായതാകില്ല എന്നതും വാസ്തവമാണ്.

**അജ്ഞത തെറ്റിന് കാരണമാകുന്നു**

അതിന്റെ ഉദാഹരണം ഒരു കരടിയെ പോലെയാകുന്നു. ആ കരടി ഒരു മനുഷ്യനുമായി കൂട്ടു കൂടുന്നു. ആ മനുഷ്യൻ ആ കരടിയെ ഈച്ചയെ ഓടിക്കുന്നതിനായി തന്റെ മാതാവിന്റെ അരികിൽ ഇരുത്തുന്നു. അത് ആ സ്ത്രീയുടെ മുഖത്ത് നിന്ന് ഈച്ച ആട്ടിയോടിക്കുന്നു. എന്നാൽ അവ വീണ്ടും അവിടെ വന്ന് ഇരിക്കുന്നു. അപ്പോൾ പറക്കാതെ ഇരിക്കുന്ന ഈച്ചയെ കൊല്ലാം എന്ന് അത് ചിന്തിക്കുന്നു. അങ്ങനെ അത് ഒരു കല്ല് ഉയർത്തി ഈച്ചയെ അടിച്ചു. ഈച്ച ചത്തോ ഇല്ലയോ എന്നറിയില്ല പക്ഷേ മാതാവിന്റെ ജീവൻ തീർച്ചയായും നഷ്ടപ്പെട്ടു. അപ്രകാരം അജ്ഞനായ മനുഷ്യൻ പിന്നീട് പരിഹാരം ചെയ്യാ ൻ സാധ്യമല്ലാത്ത തരത്തിലുള്ള തെറ്റുകൾ ചെയ്യുന്നു. അതിനാൽ ഞാൻ ഖാദിമുകളെ ഉപദേശിച്ചു കൊണ്ട് പറയുകയാണ് അവരിൽ ആരും തന്നെ പ്രത്യേകിച്ച് വിശുദ്ധഖുർആന്റെ അർഥം അറിയാത്തവരായി ഉണ്ടാകാൻ പാടില്ല.

**നിയമങ്ങൾ അറിയേണ്ടത് അനിവാര്യം**

എല്ലാവരും വക്കീൽ ആകും എന്നത് സാധ്യമല്ല. എന്നാൽ വർത്തമാന കാലഘട്ടത്തിൽ നടപ്പിലുള്ള നിയമങ്ങളെ കുറിച്ച് എല്ലാവരും ഒരു പരിധി വരെ ബോധവാന്മാരാകാത്തിടത്തോളം രാജ്യത്ത് യഥാർഥ സമാധാനം സ്ഥാപിക്കുക സാധ്യമല്ല. എല്ലാവരും ചൗധരി നദീർ അഹ്മദോ സലാമോ ആകുകയില്ല. എന്നാൽ അല്പസ്വല്പം നിയമങ്ങൾ അറിഞ്ഞിരിക്കണം. ഉദാഹരണമായി മോഷണം നടത്തിയാൽ തനിക്ക് ശിക്ഷ ലഭിക്കുമെന്ന് അവനറിയാം. സൂക്ഷ്മനിയമ വശങ്ങൾ അവനറിയില്ലായിരിക്കാം. അതിനായി അവന് വക്കിലിന്റെ അടുക്കൽ പോകേണ്ടി വരും. അത്പോലെ വിശുദ്ധഖുർആന്റെ സൂക്ഷ്മ വശങ്ങൾ പണ്ഡിതന്മാർക്ക് വിട്ടു കൊടുക്കുക. എന്നാൽ സാധാരണ കല്പനകൾ ഓരോ വ്യക്തിയുമായും ബന്ധപ്പെട്ടിരിക്കുന്നു. അതിനെ കുറിച്ച് അറിയേണ്ടത് അവന് അനിവാര്യമാകുന്നു.

**അർഥമറിയാത്തവൻ മുസ്ലിമല്ല**

എന്റെ അഭിപ്രായത്തിൽ വിശുദ്ധഖുർആന്റെ അർഥം അറിയാത്തവൻ യഥാർഥ മുസ്ലിമല്ല. അല്ലാഹു എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് അവനറിയില്ലെങ്കിൽ പിന്നെങ്ങനെയാണ് പ്രവർത്തിക്കുക. നമസ്കാരവും നോമ്പും സക്കാത്തും ഹജ്ജും മാത്രമാണ് ഖുർആനിക കല്പനകൾ എന്നത് തെറ്റാണ്. അവ കൂടാതെ ആയിരക്കണക്കിന് കല്പനകൾ ഖുർആനിലുണ്ട്. അത് കൂടാതെ ചില പ്രകൃതപരവും ചിന്താപരവുമായ കർമങ്ങളുമുണ്ട്. പിന്നീട് അവയെ സംരക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന സ്വഭാവഗുണങ്ങളുണ്ട്. തൽസംബന്ധമായ അറിവ് ഉണ്ടാകാതിരിക്കുകയും അതിനനുസൃതമായ കർമങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്നതു വരെ നമസ്കാരം നമസ്കാരമാകില്ല, സക്കാത്ത് സക്കാത്താകില്ല.

**വിചിത്രമായ സക്കാത്ത്**

ഭൈരയിലെ പ്രസിദ്ധനായ ഒരു വ്യാപാരി കച്ചവടത്തിനായി ബുഖാറായിൽ പോകാറുണ്ടായിരുന്നു. അവിടെ നിന്നും ധാരാളം പണം സമ്പാദിച്ചിരുന്നു. അയാളുടെ പക്കൽ പണം അധികരിച്ചപ്പോൾ അത്യാഗ്രഹവും അധികരിച്ചു. സക്കാത്തിലും അലസത കാണിക്കുവാൻ തുടങ്ങി.. .. അന്നാളുകളിൽ സക്കാത്തു കൊടുക്കുന്നതിന് അവിടെ ഒരു വിചിത്രമായ രീതിയുണ്ടായിരുന്നു. അവർ പൈസയോ അല്ലെങ്കിൽ സ്വർണമോ അല്ലെങ്കിൽ വെള്ളിയോ കൊണ്ട് ഒരു കുടം നിറക്കുന്നു. അതിനു മുകളിൽ രണ്ടോ മൂന്നോ കിലോ ഗോതമ്പും ഇടുന്നു. പിന്നീട് ഏതെങ്കിലും വിദ്യാർഥിയേയോ പള്ളിയിലെ മുല്ലായേയോ വിളിക്കുന്നു. അവരെ നല്ലവണ്ണം ഭക്ഷിപ്പിച്ചതിന് ശേഷം കുടത്തിലേക്ക് ചൂണ്ടിക്കാണിച്ചു കൊണ്ട് പറയുന്നു, ഇതെല്ലാം നിങ്ങൾക്കുള്ളതാണ്. അതോടൊപ്പം തന്നെ ഇതെല്ലാം എടുത്ത് നിങ്ങൾ എങ്ങോട്ടാണ് കൊണ്ടു പോകുക, അത് എനിക്ക് തന്നെ വിറ്റ്കൊള്ളുക എന്നും പറയുന്നു. അത് തരാനൊന്നുമല്ല വെറുതെ പറയുകയാണ് എന്ന് ആ വിദ്യാർഥിക്കോ മുല്ലാക്കോ അറിയാം. അങ്ങനെ അവർ പറയും, ശരി അഞ്ചാറ് രൂപയ്ക്ക് ഞാനത് നിങ്ങൾക്ക് നൽകുന്നു. അങ്ങനെ സക്കാത്ത് കൊടുക്കലുമായി, അത് തിരിച്ചു ലഭിക്കുകയും ചെയ്യുന്നു. തങ്ങൾ സക്കാത്ത് നൽകണം എന്ന കല്പനയെ അനുസരിച്ചു എന്നവർ കരുതുന്നു.

**അജ്ഞതയുടെ പരിണതഫലം**

അഥവാ അവർ മുഴുവൻ ഖുർആനും പഠിച്ചിട്ടുണ്ടെങ്കി ൽ അവർക്ക് മറ്റ് കല്പനകളെയും കുറിച്ച് അറിവ് ലഭിച്ചിരുന്നേനെ. അപ്പോൾ തങ്ങൾ നൽകുന്നത് സക്കാത്തല്ലെന്നും ഇത് തികച്ചും പ്രകടനാത്മകമാണെന്നും അല്ലാഹുവിനെ വഞ്ചിക്കുകയാണെന്നും തങ്ങൾ ഇരട്ടി ശിക്ഷയ്ക്ക് അർഹരാകുകയാണെന്നും അവർക്ക് ബോധ്യമായേനെ.

**പലതരം നമസ്കാരം**

നമസ്കാരത്തെ സംബന്ധിച്ചും ഇതേ കല്പന തന്നെയാണുള്ളത്. ചില നമസ്കാരക്കാരെ കുറിച്ച് അവർക്ക് നാശം എന്നാണ് അല്ലാഹു പറയുന്നത്. എല്ലാ നമസ്കാരവും നമസ്കാരമായിരുന്നുവെങ്കിൽ അല്ലാഹു ഇങ്ങനെ എന്ത്കൊണ്ട് പറഞ്ഞു? യഥാർഥത്തിൽ പ്രത്യക്ഷമായ നിലയിൽ അവർ നമസ്കരിക്കുന്നുണ്ട്. എന്നാൽ അവരതിനെ കാരുണ്യത്തിന് പകരം ശിക്ഷയ്ക്ക് ഹേതുവാകുന്ന തരത്തിൽ ആക്കി തീർക്കുന്നു.

**അർഥം പഠിക്കുക**

ചുരുക്കത്തിൽ വിശുദ്ധഖുർആന്റെ അർഥം അറിഞ്ഞിരിക്കേണ്ടത് ഏവർക്കും അനിവാര്യമാണ്. അല്പം പരിശ്രമിക്കുകയാണെങ്കിൽ ഇത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. വിശുദ്ധഖുർആന്റെ സൂക്ഷ്മജ്ഞാനങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് എല്ലാവർക്കുമില്ല. അല്ലാഹുവിന്റെ അനുഗ്രഹം ഉള്ളവർക്ക് മാത്രമേ സൂക്ഷ്മജ്ഞാനങ്ങൾ കരസ്ഥമാകുകയുള്ളു...

**ഖുർആൻ അല്ലാഹുവിന്റെ കത്ത്**

ഒരു വ്യക്തി വിശുദ്ധഖുർആന്റെ അർഥം പഠിക്കുന്നില്ലെങ്കിൽ അയാൾ സ്വയം തന്നെ എങ്ങിനെയാണ് മുസ്ലിം എന്ന് വിശേഷിപ്പിക്കുന്നത് എന്ന് മനസ്സിലാക്കുന്നില്ല. അല്ലാഹു തന്റെ ദാസർക്ക് എഴുതിയ ഒരു കത്താണ് വിശുദ്ധഖുർആൻ. എന്നാൽ അത് വായിച്ചു നോക്കാത്ത പോക്കറ്റിലിട്ടു കൊണ്ടു നടക്കുന്ന മുസ്ലിം എന്ത് മുസ്ലിമാണ്?...

**അർഥം പഠിക്കുന്നതിനുള്ള എളുപ്പമാർഗം**

ഓരോ കാര്യവും നിത്യവും മനഃപ്പാഠമാക്കുക വലിയ പ്രയാസമുള്ള കാര്യമല്ല. നിത്യവും ഏതാനും ആയത്തുകൾ മനഃപ്പാഠമാക്കുകയാണെങ്കിൽ അല്പനാളുകൾ കൊണ്ട് മുഴുവൻ ഖുർആനും മനപ്പാഠമാക്കാൻ സാധിക്കുന്നതാണ്. ചില ആയത്തുകൾ വളരെ ചെറുതാണ്. അവയെ മറ്റ് ചെറിയ ആയത്തുകളുമായി ചേർത്ത് ഒരു വലിയ ആയത്താക്കി രണ്ടര മൂന്ന് വരിയായി നിത്യവും പഠിക്കുകയാണെങ്കിൽ മൂന്ന് വർഷത്തിനുള്ളിൽ നിങ്ങൾക്ക് മുഴുവൻ ഖുർആന്റെയും അർഥം പഠിക്കാൻ സാധിക്കുന്നതാണ്.... നിങ്ങൾ ഖാദിമാണ്. എന്നാൽ നിങ്ങൾക്ക് സേവനത്തിന്റെ രീതി തന്നെ അറിയില്ലായെങ്കിൽ നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും? വെള്ളം കുടിപ്പിച്ചു കൊള്ളുക, പള്ളി വൃത്തിയാക്കിക്കൊള്ളുക ഇവയെല്ലാം നല്ല കാര്യങ്ങൾ തന്നെ. എന്നാൽ വിശുദ്ധഖുർആനിൽ വേറെയും ആയിരക്കണക്കിന് കല്പനകളുണ്ട്. നിങ്ങൾക്ക് അതറിയില്ലായെങ്കിൽ എങ്ങനെയാണ് അത് പ്രാവർത്തികമാക്കുക? യജമാനന്റെ തൃപ്തി അറിഞ്ഞിരിക്കേണ്ടത് സേവകന് അനിവാര്യമാണ് . (മശ്അലെ രാഹ്, വാള്യം1)

– ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

വനിതാരംഗം

# അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം

അബൂ തബസ്സും

എന്റെ പേര് റാബിഅ. ഞാൻ എം.ബി.എ യും ഇകണോമിക്സിൽ എം.എ യും എടുത്തിട്ടുണ്ട്. വഹാബിയായ എന്റെ പിതാമഹൻ മതകാര്യങ്ങളിൽ നിഷ്കർഷത പാലിച്ചിരുന്നു. അഹ്‌ലെ ഹദീസായിരുന്ന എന്റെ പിതാവിന് മതകാര്യങ്ങളിൽ അധികം താത്പര്യം ഇല്ലായിരുന്നു. മാതാവ് സുന്നിയായിരുന്നു. അധികം മതനിഷ്കർഷതയൊന്നും ഇല്ലാത്ത വീടായിരുന്നു ഞങ്ങളുടേത്. സ്വതന്ത്ര ചിന്താഗതിക്കാരായിരുന്നു അധികവും. മാതാവ് നമസ്കരിക്കുമായിരുന്നു, എന്നാൽ പിതാവ് മറിച്ചായിരുന്നു. ഞാൻ സ്കൂളിൽ ഒരു നല്ല വിദ്യാർഥിനി ആയിരുന്നു. തുടക്കം മുതൽ എനിക്ക് മതത്തോട് താത്പര്യം ഉണ്ടായിരുന്നു. ധാരാളം വായിക്കുന്ന ശീലവുമുണ്ടായിരുന്നു. വിശേഷിച്ച് മതഗ്രന്ഥങ്ങളോട് പ്രത്യേക ആകർഷണമായിരുന്നു. 16 വയസുള്ളപ്പോൾ ഇമാം മഹ്ദിയെ സംബന്ധിച്ച ഒരു സി.ഡി ഞാൻ കണ്ടിരുന്നു. അതിൽ ഒരു ശിയാ പണ്ഡിതനുമായുള്ള ചോദ്യോത്തരമായിരുന്നു. അതിൽ പറഞ്ഞിരുന്നത് ദജ്ജാൽ ബാഹ്യമായ സ്വർഗത്തെ കാണിക്കുന്നതാണ്. എന്നാൽ ഇമാം മഹ്ദിയുടെ പക്കൽ ബാഹ്യമായ നരകമായിരിക്കും. അതിനാൽ അതിലേക്ക് കുറച്ച് പേർ മാത്രമേ പോകൂ. അത് കാണുകയും കേൾക്കുകയും ചെയ്തപ്പോൾ ഞാൻ ഭയപ്പെട്ടു. ലോകം ഇമാം മഹ്ദിയെ പ്രതീക്ഷിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പക്കൽ പ്രത്യക്ഷ നരകമാണെങ്കിൽ എന്തായിരിക്കും അവസ്ഥ? ഞാൻ ചിന്തിച്ചു. ഒരു പ്രത്യേക തരത്തിലുള്ള ഭയം എന്നിൽ ഉടലെടുത്തു. അല്ലാഹുവേ! എന്റെ ജീവിതത്തിൽ ഇമാം മഹ്ദി വെളിപ്പെട്ടാൽ അക്കാലഘട്ടത്തിലുണ്ടാകുന്ന പീഡനങ്ങളെയും, മർദ്ദനങ്ങളെയും, വർഷിക്കപ്പെടുന്ന അഗ്നിയെയും നേരിടാനുള്ള ധൈര്യം എനിക്ക് നൽകേണമേ എന്ന് പ്രാർഥിക്കാൻ തുടങ്ങി.

അതൊരു പക്ഷേ ദുആ സ്വീകാര്യതയുടെ സമയമായിരുന്നിരിക്കാം. അതിന് കൃത്യം ഒന്നര വർഷത്തിന് ശേഷം ഞാൻ ഒരു പെൺകുട്ടിയുമായി പരിചയപ്പെട്ടു. അവൾ ഞാൻ യാത്ര ചെയ്തിരുന്ന ബസിലാണ് യാത്ര ചെയ്തിരുന്നത്. താൻ അഹ്മദിയാണെന്ന് ആ പെൺകുട്ടി പറയുകയും ചെയ്തു. എനിക്ക് അവളെ കാണുമ്പോൾ എപ്പോഴും സന്തോഷമാണ് തോന്നാറുണ്ടായിരുന്നത്.

ഒരിക്കൽ അവളെ സംബന്ധിച്ച് ഞാൻ എന്റെ ഉപ്പയോട് സംസാരിച്ചു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ ഉപ്പ പറഞ്ഞു, അവൾ അമുസ്‌ലിമാണ്. ചെറുപ്പം തൊട്ടേ എനിക്ക് ആരെയും അമുസ്‌ലിം എന്ന് പറയുന്നത് ഇഷ്ടമല്ലായിരുന്നു. അഹ്മദികളുടെ വിശ്വാസത്തെ കുറിച്ച് ഉപ്പ എന്നോട് പറഞ്ഞതെല്ലാം ഞാൻ ആ അഹ്മദി പെൺകുട്ടിയോട് പറഞ്ഞു. അവൾ പറഞ്ഞു, ഇതെല്ലാം തെറ്റാണ്. അതോടൊപ്പം എനിക്ക് ഒരു വെബ് സൈറ്റിനെ സംബന്ധിച്ച് പറഞ്ഞുതരികയും ചെയ്തു. സ്ഥിരമായി ഇന്റർനെറ്റ് ഉപയോഗിക്കാറുണ്ടായിരുന്ന ഞാൻ അങ്ങനെ ആ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കാൻ തുടങ്ങി. തത്ഫലമായി സത്യം അന്വേഷിച്ചറിയാനുള്ള ആകാംക്ഷ എന്നെ അസ്വസ്ഥയാക്കാൻ തുടങ്ങി.

അങ്ങനെയിരിക്കെ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ വഫാത്തെ മസീഹിനെ സംബന്ധിച്ചുള്ള ഒരു ചോദ്യോത്തര സദസ്സ് കേൾക്കാനിടയായി. അത് എന്നിൽ കൂടുതൽ അന്വേഷണത്വര സംജാതമാക്കി. കൂടുതലായി ഞാൻ ഇന്റർനെറ്റിൽ അന്വേഷണം ആരംഭിച്ചു. വീട്ടുകാരോട് പോലും സംസാരിക്കുന്നത് കുറവായി. പിന്നീട് ഖതമെനുബുവ്വത്തിനെ സംബന്ധിച്ചുള്ള ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ മറ്റൊരു ചോദ്യോത്തര സദസ്സിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചു. അത് എന്റെ എല്ലാ പഴയ വിശ്വാസങ്ങളെയും തെറ്റാണെന്ന് സ്ഥാപിച്ചു. അക്കാലഘട്ടത്തിൽ ലാഹോരി ജമാഅത്തിന്റെ വെബ്സൈറ്റും ഞാൻ കണ്ടു. അതെന്നെ കൂടുതൽ അസ്വസ്ഥയാക്കി. എന്റെ ഉറക്കം പോലും നഷ്ടപ്പെടാൻ തുടങ്ങി. അങ്ങനെ ആറേഴ് മാസം കടന്ന് പോയി. അഹ്മദിയ്യത്ത് സത്യമാണെന്ന് ബോധ്യമായെങ്കിലും തീരുമാനം എടുക്കാനുള്ള ധൈര്യം കിട്ടിയില്ല. അന്നേരം 40 ദിവസം നിരന്തരമായി ദുആ ചെയ്താൽ വിജയം ലഭിക്കുന്നതാണെന്ന് ആരോ പറഞ്ഞതായി എനിക്ക് ഓർമ വന്നു. അങ്ങനെ ഞാൻ ദുആയിൽ മുഴുകി.

ഒരു രാത്രി ഞാനൊരു സ്വപ്നം കണ്ടു. നബി (സ) തിരുമേനി ഒരു കസേരയിൽ ഇരിക്കുന്നു. അദ്ദേഹം ഇങ്ങനെ പറയുകയാണ്.

When they are given the truth, they deny it.

അതായത് അവർക്ക് സത്യം പറഞ്ഞു കൊടുത്താൽ അതിനെ നിഷേധിക്കുന്നു. ഇത് യാദൃശ്ചികമല്ല മറിച്ച് ദൈവീക സഹായമാണെന്ന് എനിക്ക് ബോധ്യമായി. പിന്നീട് തുടർന്നും ദുആയുടെയും സ്വപ്നങ്ങളുടെയും പരമ്പര തുടർന്നു കൊണ്ടിരുന്നു.

അവസാനം ഞാനാഗ്രഹിച്ചത് കരസ്ഥമാകുന്ന സന്ദർഭം വന്നെത്തി. ലാഹോറിലുള്ള ആന്റി ശുക്കൂർ സാഹിബയുമായി കണ്ടുമുട്ടി. അവരെ സംബന്ധിച്ച് എന്റെ കൂട്ടുകാരി എന്നോട് പറഞ്ഞിരുന്നു. ബയ്അത്തിന്റെ പത്ത് നിബന്ധനകൾ വായിച്ചപ്പോൾ, ആരാണ് ഇതിനെ നിഷേധിക്കുക എന്ന് അനിയന്ത്രിതമായി സ്വയം പറഞ്ഞുപോയി. ഞാൻ വളരെ സന്തോഷത്തോടും സത്യഹൃദയത്തോടും കൂടി അതിൽ ഒപ്പ് വച്ചു. ഇതേ സത്യത്തേയും യാഥാർഥ്യത്തേയുമാണ് ഞാൻ ആഗ്രഹിച്ചതെന്നും അന്വേഷിച്ചതെന്നും എന്റെ മനസ്സ് പറഞ്ഞു.

വീട്ടിൽ എതിർപ്പുണ്ടാകുമെന്നറിയാമായിരുന്നത് കൊണ്ട് ഞാൻ ആരോടും തൽസംബന്ധമായി പറഞ്ഞില്ല. പിന്നീട് വലിയ സഹോദരനുമായി പലപ്പോഴും അതിനെ സംബന്ധിച്ച് പറയുകയും തർക്കിക്കുകയും വഴക്കിടുകയും ചെയ്യാൻ തുടങ്ങി. അങ്ങനെ ഒരിക്കൽ ധൈര്യം സംഭരിച്ച് ഉപ്പയോട് കാര്യം തുറന്ന് പറഞ്ഞു. നീയെന്താണ് ചെയ്തത്, അവർ ശരിയല്ല എന്നെല്ലാം പറഞ്ഞു. ഞാൻ ഉപ്പയുടെ തെറ്റിദ്ധാരണ നീക്കാൻ ശ്രമിച്ചു. ഉപ്പ എനിക്കായി അനഹ്മദികളുടെ ഗ്രന്ഥങ്ങൾ കൊണ്ടുവന്നു തന്നു. എന്നാൽ അതൊന്നും സത്യത്തിൽ നിന്നെന്നെ പിന്തിരിപ്പിച്ചില്ല. ഞാൻ അഹ്മദിയ്യത്തിൽ തന്നെ ഉറച്ചു നിന്നു. എതിർപ്പിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ആന്റി ശുക്കൂർ ദുആയിലേക്ക് എന്റെ ശ്രദ്ധയെ തിരിച്ചു. ഞാൻ ദുആ ചെയ്തു കൊണ്ടിരുന്നു. ആന്റി ശുക്കൂർ സാഹിബ എനിക്കായി വിവാഹബന്ധവും കൊണ്ടു വന്നു. അതിനിടയിൽ മാതാവ് രോഗിയാകുകയും പിന്നീട് അത്ഭുതകരമായ നിലയിൽ ഭേദമാകുകയും ചെയ്തു. ഭേദമായപ്പോഴാണ് മാതാവിനോട് ഞാൻ അഹ്മദിയായ വിവരം പറഞ്ഞത്. ആദ്യം എതിർത്തെങ്കിലും പിന്നീട് നിന്റെ ഇഷ്ടം എന്ന് പറഞ്ഞ് ഒഴിഞ്ഞു.

വിവാഹബന്ധത്തിൽ ആദ്യം വീട്ടുകാർ എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും പിന്നീട് സമ്മതം അറിയിച്ചു. വരന്റെ വീട്ടുകാരും ആദ്യം തയ്യാറായില്ലെങ്കിലും അവർക്കുണ്ടായ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അവർ വിവാഹത്തിന് തയ്യാറാകുകയുണ്ടായി. അങ്ങനെ ആ വിവാഹം മംഗളകരമായി നടന്നു. വിവാഹം കഴിഞ്ഞ് ഒന്നര വർഷം കഴിഞ്ഞു. സന്തോഷകരമായ ജീവിതം കഴിച്ചു കൂട്ടുന്നു. ഒരു വയസ്സുള്ള ഒരു മകനുണ്ട്. എല്ലാ നിലയിലും ഞാനിന്ന് സന്തോഷവതിയാണ്. (അന്നൂർ അമേരിക്ക, 2012)




# മദ്യപാനിയായ സുഹൃത്ത്

ഒരിക്കൽ പഞ്ചാബിലെ ഗുജറാൻ വാലയിലെ ഹദ്റത്ത് മുൻശി അഹ്മദ് ദീൻ സാഹിബ് (റ) തന്റെ ഒരു മദ്യപാനിയായ അനഹ്മദി സുഹൃത്തിനേയും കൊണ്ട് ഖാദിയാനിൽ വന്നു. ഭക്ഷണം കഴിക്കുമ്പോൾ പോലും മദ്യം കഴിക്കുന്ന അവസ്ഥയിലെത്തിയിരുന്നു അയാൾ. മുൻശി സാഹിബ് കുറേ കാലമായിട്ട് ഇദ്ദേഹത്തെ ഇതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പ്രയത്നത്തിലെല്ലാം അദ്ദേഹം പരാജയപ്പെട്ടിരുന്നതിനാൽ മസീഹ് മൗഊദ്(അ)ന്റെയും മറ്റു മഹാത്മാക്കളുടെയും ദുഃആയാലും അനുഗ്രഹത്താലും ഇത് ഉപേക്ഷിക്കുമായിരിക്കും എന്ന് കരുതിയാണ് ഖാദിയാനിൽ വന്നത്.

അക്കാലത്ത് ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) ഖുർആന്റെ ദർസ് എടുത്തുകൊണ്ടിരുന്നു. ആദ്യം ഇവർ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) ന്റെ അടുത്തെത്തി കാര്യങ്ങളെല്ലാം പറഞ്ഞു. അന്നത്തെ ദർസും ആകസ്മികമായി മദ്യപാനത്തെ പറ്റി തന്നെയായിരുന്നു. മദ്യപാനത്തെ പറ്റിയുള്ള ഖുർആനിക വചനങ്ങൾ, അതിന്റെ ദൂഷ്യഫലങ്ങൾ, ആത്മീയവും സ്വഭാവപരവും ശാരീരികവും മാനസികവും ശാസ്ത്രീയവുമായ വശങ്ങൾ അദ്ദേഹം വിശദീകരിച്ചു.

ദർസ് കഴിഞ്ഞ് വക്കീലായ അനഹ്മദി സുഹൃത്തിനോട് ചോദിച്ചു: എന്തെങ്കിലും പ്രയോജനമുണ്ടോ? മറുപടിയായി വക്കീൽ സാഹിബ് പറഞ്ഞു: ഇദ്ദേഹത്തിന്റേത് പോലുള്ള ഒരു ക്ലാസ്സ് ഇത്വരെ ഞാൻ കേട്ടിട്ടില്ല. മദ്യപാനത്തിന്റെ എല്ലാ ദൂശ്യങ്ങളും എനിക്ക് മനസ്സിലായി, എന്നാൽ അത് ഒഴിവാക്കാൻ എന്റെ ശീലം എന്നെ അനുവദിക്കുന്നില്ല.

തിരിച്ചുപോകാൻ ഒരുങ്ങുന്ന ഇദ്ദേഹത്തോട് മുൻശി സാഹിബ് (റ) പറഞ്ഞു. നിൽക്കൂ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കണ്ട് യാത്ര പറഞ്ഞ് പോകാം. മസീഹ് മൗഊദ്(അ)നെ ഒരാൾ കാണാൻ വരുന്നത് അറിയിച്ചപ്പോൾ അദ്ദേഹം വരാൻ പറഞ്ഞു, എന്നിട്ട് അദ്ദേഹത്തെ അടുത്ത് ഇരുത്തി. ഈ സുഹൃത്തിനെ പറ്റി ഒന്നും പറയുന്നതിനു മുമ്പ് തന്നെ മസീഹ് മൗഊദ് (അ) ചില കാര്യങ്ങൾ പറയാൻ തുടങ്ങി. മനുഷ്യന്റെ ഉള്ളിലെ ബലഹീനകളാണ് പല തിൻമകൾക്കും കാരണം, അല്ലാഹു ശുദ്ധപ്രകൃതിയിലാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. അതിനാലാണ് നാം പരിശ്രമിക്കുമ്പോൾ ഇത്തരം തിന്മകളിൽ നിന്നും രക്ഷപ്പെടുന്നത്. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു കഥ പറഞ്ഞു.

മണ്ണ് തിന്നുകയും അതിനെ പുകഴ്ത്തിപ്പറയുകയും ചെയ്തിരുന്ന ഒരു രാജാവുണ്ടായിരുന്നു. രാജാവിന്റെ പുകഴ്ത്തൽ കേട്ട് കൊണ്ട് ദർബാറിലുള്ള എല്ലാവരും മണ്ണിനെ പുകഴ്ത്തിപ്പറയാൻ തുടങ്ങി. മണ്ണ്, ഖജവാനാണ്, അത്ഭുതമാണ്, നമ്മുടെ ഭക്ഷണം അവിടുന്ന് തന്നെയാണ് വരുന്നത്, മനുഷ്യനെ സൃഷ്ടിച്ചതും മണ്ണിൽ നിന്നാണ്, പിന്നെ എങ്ങനെ മണ്ണ് നഷ്ടമുണ്ടാക്കും.

കുറച്ച്കാലം കഴിഞ്ഞപ്പോൾ രാജാവിന്റെ ശരീരത്തിൽ മണ്ണിന്റെ മോശമായ പ്രതികരണങ്ങൾ ഉണ്ടാവാൻ തുടങ്ങി. ശ്വസിക്കാൻ പോലും പ്രയാസമുണ്ടാവാൻ തുടങ്ങി. ഇതിനെ തുടർന്ന് വീണ്ടും ദർബാറിലെത്തി. രാജാവ് പറഞ്ഞു: ഞാൻ മണ്ണ് തിന്നു എന്ന് മാത്രമല്ല മണ്ണ് എന്നെയും തിന്നിരിക്കുന്നു. തനിക്ക് വന്ന ബുദ്ധിമുട്ടൊക്കെ വിശദീകരിച്ചു. ഇതോടെ ദർബാറിലുള്ളവർ മണ്ണിനെ കുറിച്ച് മോശമാക്കിപ്പറയാൻ തുടങ്ങി. മണ്ണിനേക്കാൾ മോശമായ വസ്തു ഏതാണ്. എല്ലാ അവശിഷ്ടവും പതിക്കുന്നത് ഈ മണ്ണിലാണ്. എല്ലാവരുടെയും ചെരുപ്പ് പതിക്കുന്നതും ഈ മണ്ണിലാണ്. അങ്ങനെ പലതും പറയാൻ തുടങ്ങി.

രാജാവ് പറഞ്ഞു: കഴിഞ്ഞത് കഴിഞ്ഞു എന്നെ എത്രയും വേഗം ചികിത്സിച്ച് ശരിയാക്കണം ഈ ശീലം എനിക്ക് ഉപേക്ഷിക്കാൻ കഴിയുന്നില്ല. ചികിത്സക്കുള്ള ഏർപ്പാട് ചെയ്യുക. അങ്ങനെ പലരും വന്ന് ചികിത്സിക്കാൻ തുടങ്ങി. രാജാവ് പറഞ്ഞു: ഈ ശീലം മാറ്റാൻ പറ്റാത്തതായിരിക്കുന്നു, അതിനാൽ പ്രസംഗമോ, ഉപദേശമോ, അല്ലാത്ത മറ്റു വല്ല മരുന്നിലൂടെയോ ഭക്ഷണത്തിലൂടെയോ മാറ്റിയെടുക്കണം. അതിനോട് വെറുപ്പ് തോന്നണം. ചികിത്സ തുടർന്നു കൊണ്ടിരുന്നു രാജാവ് മണ്ണ് തിന്നുകൊണ്ടിരുന്നു. ഈ ശീലം മാറ്റാനായില്ല. കുറച്ച് കഴിഞ്ഞ് ഈ പട്ടണത്തിൽ ഒരു സഞ്ചാരിവന്നു. ഇദ്ദേഹത്തിന് രാജാവിന്റെ ഇപ്പഴത്തെ അവസ്ഥയും മണ്ണ് തിന്നുന്ന ശീലം മാറ്റാനാവാത്ത കാര്യവും കേൾക്കാനിടയായി. അദ്ദേഹം പറഞ്ഞു: ഇത് മാറ്റുക വളരെ എളുപ്പമല്ലേ? ഈ വാർത്ത എല്ലാവരിലുമെത്തി. അങ്ങനെ ദർബാറിലുമെത്തി. അങ്ങനെ അടുത്ത ദിവസം രാജാവ് ദർബാറിലെത്തിയപ്പോൾ ഈ കാര്യം പറഞ്ഞു. അപ്പോൾ രാജാവ് അയാളെ കണ്ടുപിടിക്കാൻ പറഞ്ഞു. ആ സഞ്ചാരി വന്നുകൊണ്ട് രാജാവിനോട് ഞാൻ കേട്ടതൊക്കെ ശരിയാണോ എന്ന് ചോദിച്ചു. രാജാവ് സമ്മതിച്ചപ്പോൾ സഞ്ചാ രി പെട്ടെന്ന് മാറ്റിത്തരാം എന്ന് പറഞ്ഞു. സഞ്ചാരി ചോദിച്ചു: ചികിത്സ പരസ്യമായി ചെയ്യണോ, രഹസ്യമായി ചെയ്യണോ? രാജാവ് അൽപം ചിന്തിച്ചതിനുശേഷം പറഞ്ഞു: രഹസ്യമായി മതി.

ചികിത്സ തുടങ്ങി. സഞ്ചാരി പറഞ്ഞു. ആദ്യം നിങ്ങൾ ഭരണം ഒഴിവാക്കുക. രാജാവ് അത്ഭുതപ്പെട്ട് കൊണ്ട് ചോദിച്ചു: എന്തിന്? സഞ്ചാരി പറഞ്ഞു. രാജാക്കന്മാർ തമ്മിൽ യുദ്ധം ചെയ്യേണ്ടതായി വരുന്നു, നിങ്ങൾക്ക് ചെരുപ്പിന്നടിയിലെ മണ്ണിനെ നേരിടാൻ കഴിയാത്ത സ്ഥിതിക്ക്, അതിനോട് പരാജയപ്പെടുന്ന സ്ഥിതിക്ക്, വലിയ ഒരു സൈന്യത്തെ എങ്ങനെ നേരിടാൻ കഴിയും? അതുമൂലം നിങ്ങളുടെ അന്തസും ജീവനും നഷ്ടപ്പെടില്ലേ. അതിനേക്കാൾ ഉത്തമം നല്ല ഒരാൾക്ക് ഈ സ്ഥാനം നൽകണം. കഴിവുണ്ടാവുമ്പോൾ നിങ്ങൾക്ക് ഭരിക്കാം. രാജാവ് പറഞ്ഞു: അല്ലാഹുവാണെ ഇന്ന് മുതൽ ഒരിക്കലും ഞാൻ മണ്ണ് തിന്നില്ല. ദർബാറിൽ വന്ന് രാജാവ് പറഞ്ഞു. ഞാൻ മണ്ണ്തീറ്റി നിർത്തിയിരിക്കുന്നു. മരുന്ന് നമ്മുടെ ഉള്ളിൽ തന്നെ ഉണ്ടായിരുന്നു, അതിന്റെ ശരിയായ ഉപയോഗമായിരുന്നു വേണ്ടിയിരുന്നത്, ആ കടമ ആ സഞ്ചാരി നിർവ്വഹിച്ചു.

മസീഹ് മൗഊദ്(അ) ന്റെ ശ്രദ്ധയും, അനുഗ്രഹവും മൂലം ഈ കഥ വക്കീൽ സാഹിബിൽ വലിയ പ്രഭാവം ചെലുത്തി. എന്നിട്ട് അനഹ്മദിയായ വക്കീൽ സുഹൃത്ത് പറഞ്ഞു: ഹുസൂർ ഇന്ന് മുതൽ ഞാൻ ഈ മദ്യപാനത്തിൽ നിന്നും മുക്തനാവുകയാണ്. എനിക്ക് വേണ്ടി ദുഃആ ചെയ്യുക. മസീഹ് മൗഊദ്(അ) നോട് ഒന്നും പറയാതെ തന്നെ ഈ വക്കീലിന്റെ മദ്യപാനത്തെ അദ്ദേ ഹം ഒഴിവാക്കിപ്പിച്ചു. അൽഹംദുലില്ലാഹ്.

സമ്പാദനം: ടി. ജംശാദ് മുക്കം.

# വിശുദ്ധഖുർആന്റെ 10 സവിശേഷതകൾ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)



حٰمٓ ۚ﴿۲﴾ تَنۡزِیۡلٌ مِّنَ الرَّحۡمٰنِ الرَّحِیۡمِ ﴿۳﴾ ۚ کِتٰبٌ فُصِّلَتۡ اٰیٰتُہٗ قُرۡاٰنًا عَرَبِیًّا لِّقَوۡمٍ
یَّعۡلَمُوۡنَ ﴿۴﴾ ۙ بَشِیۡرًا وَّنَذِیۡرًا ۚ فَاَعۡرَضَ اَکۡثَرُہُمۡ فَہُمۡ لَا یَسۡمَعُوۡنَ ﴿۵﴾

*അല്ലാഹു സ്വയം വിശുദ്ധഖുർആനിൽ തന്നെ ഈ മഹദ്വചനങ്ങളിലൂടെ അതിന്റെ ശ്രേഷ്ഠതയേയും, പ്രതാപത്തേയും, ഗുണങ്ങളെയും, ആത്മീയ പ്രഭാവങ്ങളെയും സംബന്ധിച്ച് വിവിധ രീതിയിൽ വളരെ ശക്തമായ നിലയിലും പ്രകടമായ നിലയിലും വിശദമായ നിലയിലും പരാമർശിച്ചിച്ചുണ്ട്. ഈ സംക്ഷിപ്ത വചനത്തിൽ അല്ലാഹു വിശുദ്ധഖുർആന്റെ 10 സവിശേഷ ഗുണങ്ങൾ പ്രതിപാദിച്ചിരിക്കുകയാണ്.*

**1. തൻസീലുൻ മിനർറഹ്മാനിർറഹീം**

റഹ്മാനായ അല്ലാഹുവിൽ നിന്നാണ് ഇത് ഇറക്കപ്പെട്ടത് എന്നതാണ് ഒന്നാമത്തെ സവിശേഷത. കാരുണ്യവാനായ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്ന മാർഗങ്ങളെ കുറിച്ച് ഇതിൽ വിവരിച്ചിട്ടുണ്ട്. റഹ്മാൻ എന്നത് അല്ലാഹുവിന്റെ ഒരു സവിശേഷ ഗുണമാകുന്നു. അർഹരല്ലാതിരുന്നിട്ടും തന്റെ ദാസരുടെ മേൽ കാരുണ്യം ചൊരിയുന്നവൻ എന്നാണ് അതിന്റെ അർഥം.

മനുഷ്യൻ ഭൂമിയിൽ ജന്മം എടുക്കുന്നതിനു മുമ്പേ തന്നെ, മനുഷ്യന്റെ യാതൊരു കർമവും ആരംഭിക്കുന്നതിനു മുമ്പു തന്നെ അല്ലാഹുവിന്റെ അദൃശ്യ ജ്ഞാനത്തിൽ മനുഷ്യനെ ആത്മീയോന്നതികളിലേക്കെത്തിക്കുന്ന വിശുദ്ധഖുർആനെ പോലെയുള്ള പരിപൂർണവും സമഗ്രവുമായ ഒരു ഗ്രന്ഥം ഉണ്ടായിരുന്നു എന്നതാണ് അല്ലാഹു ഇവിടെ സൂചിപ്പിക്കുന്നത്.

ഇതിന് മറ്റൊരർഥവുമുണ്ട്. അതായത് ഇതിൽ പറയപ്പെട്ടിട്ടുള്ള നിർദേശങ്ങളെയും, സ്മരണകളെയും, ദൈവസ്തുതിയുടെ മാർഗങ്ങളെയും അവലംബിക്കുകയാണെങ്കിൽ മനുഷ്യൻ കാരുണ്യവാനായ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നവനായിത്തീരുന്നതാണ്. കൂടാതെ കർമങ്ങൾ പരിമിതങ്ങളായിട്ടുകൂടി അനന്തമായ പ്രതിഫലത്തിന് അർഹരായിത്തീരുന്നതുമാണ്.

ഹിന്ദുമതത്തിൽ, വികലമാക്കപ്പെട്ട രൂപത്തിലുള്ള അല്ലാഹുവിനെ റഹ്മാനായി വിശ്വസിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. അത് കൊണ്ട് അവരുടെ വിശ്വാസം, മനുഷ്യന് ഈ അല്പകാല ജീവിതത്തിൽ ചെയ്യുന്ന കർമങ്ങൾക്ക് പ്രതിഫലം റഹീമായ ദൈവമാണ് നൽകുക എന്നാണ്. റഹ്മാനായ ദൈവത്തെ കുറിച്ച് അവരുടെ മതത്തിൽ സങ്കൽപമേ ഇല്ല. ഈ കർമങ്ങൾ പരിമിതങ്ങളായതിനാൽ അതിന്റെ പ്രതിഫലവും പരിമിതമായിരിക്കും. പരിമിത കർമങ്ങൾക്ക് പരിമിതമായ പ്രതിഫലം മനുഷ്യന് ലഭിക്കുമ്പോൾ പിന്നെ ഒരു പുതിയ ജീവിതചംക്രമണത്തിൽ അകപ്പെടുത്തി അവനെ വീണ്ടും ഈ ഭൂമിയിലേക്ക് അയക്കുന്നു. കൂടുതൽ അനുഗ്രഹങ്ങൾ കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ വീണ്ടും ഭൂമിയിൽ പോയി കർമങ്ങൾ ചെയ്താൽ വീണ്ടും അനുഗ്രഹം ലഭിക്കും എന്ന് പറയുന്നു.

എന്നാൽ ഇവിടെ അല്ലാഹു പറയുന്നത് വിശുദ്ധഖുർആനെ ഇറക്കിയ പരിശുദ്ധനും മാന്യനും സർവശക്തിമാനുമായ അസ്തിത്വം കാരുണ്യം എന്ന ഗുണത്താൽ വിഭൂഷിതനാണ്. അതിൽ വിവരിച്ചിരിക്കുന്ന നിർദേശങ്ങളെയും കല്പനകളെയും കടമകളെയും ദുആകളെയും അല്ലാഹുവിനെ സ്തുതിക്കുന്നതിനുള്ള മാർഗങ്ങളെയും പ്രാവർത്തികമാക്കുകയാണെങ്കിൽ കാരുണ്യവാനായ അല്ലാഹു തൃപ്തനായി തീരുന്നതാണ്. നിങ്ങളുടെ പരിമിതങ്ങളായ കർമങ്ങൾക്ക് പരിമിതികളില്ലാത്ത പ്രതിഫലം നൽകുന്നതുമാണ്.

**2. തൻസീലുൻ മിനർറഹീം**

അതായത് ഇത് ഇറക്കിയിട്ടുള്ള ദൈവത്തിന്റെ ഒരു സവിശേഷഗുണം റഹീമിയ്യത്ത് എന്നതാണ്. ഇവിടെ പ്രതീക്ഷ നൽകിക്കൊണ്ട് അല്ലാഹു പറയുന്നത്, അവന്റെ തൃപ്തിക്കായി നാം ചെയ്യുന്ന കർമങ്ങൾക്ക്, അവന്റെ തൃപ്തിക്കായി നാം ചെയ്യുന്ന ത്യാഗങ്ങൾക്ക്, അവനുവേണ്ടി മാത്രമായി ലോകത്തിന് മുമ്പിൽ നാം സമർപ്പിക്കുന്ന സമർപ്പണത്തിന്റെ മാതൃകകൾക്ക് പ്രതിഫലം നൽകാനുള്ള കഴിവ് സർവശക്തനായ അല്ലാഹുവിന് ഉണ്ട് എന്നതാണ്....

ഇവിടെ അല്ലാഹു പറയുന്നത്, പ്രതിഫലം നൽകാൻ കഴിവില്ലാത്ത ഒരു അസ്തിത്വത്തിനുവേണ്ടിയല്ല നാം നിങ്ങളോട് ത്യാഗങ്ങളും സമർപ്പണങ്ങളും ചെയ്യാൻ പറയുന്നത്. മറിച്ച് വിശുദ്ധഖുർആന്റെ നിർദേശമനുസരിച്ച് നിങ്ങൾ സഹിക്കുന്ന ഓരോ പ്രയാസങ്ങളും, നിങ്ങളുടെ എല്ലാ പ്രയത്നങ്ങളും, എല്ലാ ത്യാഗങ്ങളും അധികരിപ്പിച്ച് പ്രതിഫലം നൽകാൻ കഴിവുള്ള കരുണാമയനായ അല്ലാഹുവിന് വേണ്ടിയായിരിക്കും. കാരണം റഹീമിയത്തിനോടൊപ്പം സൽകർമങ്ങളെ അധികരിപ്പിക്കുക എന്നത് ബന്ധപ്പെട്ടിരിക്കുന്നു....

അല്ലാഹു പറയുന്നു, ഇതൊരു സവിശേഷ ഗ്രന്ഥമാണ്. ഇത് റഹീമായ അല്ലാഹുവിൽ നിന്ന് ഇറങ്ങിയ കാരണത്താൽ വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള ഏത് നിർദേശത്തെയും പ്രാവർത്തികമാക്കുകയാണെങ്കിൽ അത് പാഴാക്കപ്പെടുന്നതല്ല. നിങ്ങൾക്ക് അതിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. വളരെ ഉത്തമമായ പ്രതിഫലം ലഭിക്കുന്നതാണ്.

**3. കിതാബുൻ ഫുസ്സിലത്ത് ആയാത്തുഹു**

ഇതിലെ കല്പനകളും നിർദേശങ്ങളും സംക്ഷിപ്തവും സംഗ്രഹവുമായിട്ടല്ല പ്രതിപാദിച്ചിട്ടുള്ളത്. ഒരു കാര്യത്തെ എത്രത്തോളം സംഗ്രഹിക്കുന്നുവോ അതിനെ മനസ്സിലാക്കാൻ അത്ര തന്നെ ഉൾക്കാഴ്ചയും ബുദ്ധിശക്തിയും ജാഗ്രതയും അനിവാര്യമാകുന്നു. ഒരു ദൈവീക ഗ്രന്ഥം വളരെ സംക്ഷിപ്തമാണെങ്കിൽ, അല്ലാഹുവേ! നിന്റെ മാർഗദർശന ഗ്രന്ഥം ലഭിച്ചു. എന്നാൽ എന്റെ ചെറിയ ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്ത നിലയിൽ സംക്ഷിപ്തമായിട്ടായിരുന്നു അത് വിവരിച്ചിരുന്നത്. അക്കാരണത്താൽ ഞങ്ങൾ അതിന്റെ അനുഗ്രഹത്തിൽ നിന്നും പിന്തള്ളപ്പെട്ടു എന്ന് മനുഷ്യന് ദൈവത്തിന് മുന്നിൽ കാരണം ബോധിപ്പിക്കാൻ സാധിക്കുന്നതാണ്.

ഇവിടെ ഒന്നാമതായി അല്ലാഹു പറയുന്നത്, ഇതിൽ പരാമർശിച്ചിരിക്കുന്ന കല്പനകൾ എല്ലാം തന്നെ വളരെ നല്ല നിലയിൽ വ്യക്തമാക്കി വിശദീകരിച്ചാണ് പരാമർശിച്ചിരിക്കുന്നത്.

വിശദമായി സ്പഷ്ടമായി പരമാർശിക്കുന്നതിനായി അല്ലാഹു രണ്ടു മാർഗമാണ് മുഹമ്മദി സമുദായത്തിൽ നിലനിർത്തിയിരിക്കുന്നത്. ഒന്നാമതായി സ്വയം ഖുർആന്റെ വാക്കുകൾ വളരെ വിശദമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നവയാണ്. രണ്ടാമതായി, വിശുദ്ധഖുർആന്റെ വാക്കുകൾ അറബിയിലായത് കൊണ്ട് അതിനെ കുറിച്ച് അന്വേഷിച്ച് മനസ്സിലാക്കി ഗ്രഹിക്കാനുള്ള കഴിവ് ഞങ്ങൾക്കില്ല എന്ന് പറയാൻ സാധിക്കുന്നതാണ്. അതിനാൽ അല്ലാഹു നബി തിരുമേനി(സ)യെയും ആ മഹാത്മാവിന് ശേഷം അദ്ദേഹത്തിന്റെ പ്രതിരൂപത്തെയും ഈ സമുദായത്തിൽ ജനിപ്പിച്ചു. അവർ അവരവരുടെ കാലഘട്ടത്തിൽ കാലാനുസൃതമായി വിശുദ്ധഖുർആന്റെ അർഥത്തെ തങ്ങളുടെ നാഥനിൽനിന്ന് കരസ്ഥമാക്കുകയും വളരെ സ്പഷ്ടമായ നിലയിൽ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുന്നു. ഹദീസുകളിൽ സമാഹരിക്കപ്പെട്ടിരിക്കുന്ന നബിതിരുമേനി(സ)യുടെ ലക്ഷക്കണക്കിന് വചനങ്ങൾ യഥാർഥത്തിൽ വിശുദ്ധ

ഖുർആന്റെ വിശദീകരണങ്ങളാണ്. ലോകത്ത് അല്ലാഹു സ്വയം വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ പഠിപ്പിച്ചു കൊടുക്കുന്നവർ ജനിച്ചുകൊണ്ടിരിക്കുമെന്നും അവർ ഖുർആനിക വചനങ്ങളുടെ വിശദീകരണങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതാണെന്നും അല്ലാഹു വിധിച്ചിരിക്കുന്നു എന്നതാണ് ഈ വചനത്തിന്റെ മറ്റൊരു വിവക്ഷ..

**4. ഖുർആനൻ**

മുൻ ആകാശീയ ഗ്രന്ഥങ്ങളിലെ അടിസ്ഥാനതത്ത്വങ്ങളും നിർദേശങ്ങളും സമാഹരിച്ചിരിക്കുന്ന ഗ്രന്ഥം എന്നതാണ് ഖുർആന്റെ അർഥം. കൂടാതെ സർവജ്ഞാനങ്ങളുടെയും അടിസ്ഥാനതത്ത്വം പരാമർശിച്ചിരിക്കുന്ന ഗ്രന്ഥം എന്നതും ഖുർആന്റെ അർഥമാണ്....

അല്ലാഹു പറയുന്നു, ഇതിൽ എല്ലാ മുൻ ദൈവീക ഗ്രന്ഥങ്ങളിലെയും അടിസ്ഥാനതത്ത്വങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ എല്ലാ ഭൗതീക ജ്ഞാനങ്ങളുടെയും അടിസ്ഥാനതത്ത്വങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനാൽ ആത്മീയവും ഭൗതീകവുമായ പുരോഗതി ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ നിലയിലും ഖുർആനായ ഈ ഖുർആനെ അനുധാവനം ചെയ്യുന്നവരും അതിൽനിന്ന് പ്രയോജനം എടുക്കുന്നവരും ആയിത്തീരേണ്ടത് നിങ്ങൾക്ക് അനിവാര്യമാകുന്നു.

**5. അറബിയ്യുൻ**

അറബി എന്നതിന്റെ ഒരർഥം, ഇത് സത്യത്തെ സത്യമായും അസത്യത്തെ അസത്യമായും വെളിപ്പെടുത്തുന്നതായിരിക്കും എന്നതാണ്. ഇതിന്റെ മറ്റൊരർഥം കാലഹരണപ്പെടുത്തുന്ന ഗ്രന്ഥം എന്നാണ്.

അല്ലാഹു പറയുന്നു, ഇത് ഖുർആനായ ഖുർആനാകുന്നു. അതായത് എല്ലാ മുൻ ആകാശീയ ഗ്രന്ഥങ്ങളിലെയും അടിസ്ഥാനതത്ത്വങ്ങളെ ഇതിൽ സമാഹരിച്ചിരിക്കുന്നു. യഥാർഥത്തിൽ മുൻ ആകാശീയ ഗ്രന്ഥങ്ങളിലെ എല്ലാ അടിസ്ഥാന യാഥാർഥ്യങ്ങളും വിശുദ്ധഖുർആന്റെ തന്നെ ഭാഗമാണ്. മുൻകഴിഞ്ഞവർക്ക് ആവശ്യാനുസരണം വിശുദ്ധഖുർആന്റെ ഒരു ഭാഗം അല്ലാഹു നൽകുകയായിരുന്നു.

അല്ലാഹു പറയുന്നു, മുൻ വേദഗ്രന്ഥങ്ങളിലെ ചില യാഥാർഥ്യങ്ങൾ മുഴുവനായും ഈ ഖുർആനിൽ പരാമർശിക്കാമായിരുന്നു. അതായത് വിശുദ്ധഖുർആന്റെ ഒരു ഭാഗം തന്നെയാണ് മുൻ കഴിഞ്ഞ സമുദായത്തിന് നൽകപ്പെട്ടത്. എന്നാൽ അത് കൂടാതെയുമുള്ള ഈ ഖുർആന്റെ ഭാഗമായ ചില യാഥാർഥ്യങ്ങളുമുണ്ടായിരുന്നു. എന്നാൽ അവയെ അവർക്ക് മനസ്സിലാക്കാൻ സാധിക്കില്ലായിരുന്നു. അതിനാൽ അതവർക്ക് നൽകിയില്ല. എന്നാൽ ഈ വിശുദ്ധഖുർആൻ പരിപൂർണവും സമഗ്രവുമായ നിലയിൽ മുസ്‌ലിം സമുദായത്തിന് നൽകപ്പെടുകയുണ്ടായി...അതിനാൽ ഈ ഖുർആൻ എല്ലാ മുൻ ഗ്രന്ഥങ്ങളെയും കാലഹരണപ്പെടുത്തുന്നതാകുന്നു......

വിശുദ്ധഖുർആനെ സംബന്ധിച്ച് അല്ലാഹു പറയുന്നു, ഇത് ലോകത്തുള്ള എല്ലാ മുൻ ഗ്രന്ഥങ്ങളെയും കാലഹരണപ്പെടുത്തിയിരിക്കുന്നു. ഇനി അവയെ അനുധാവനം ചെയ്തുകൊണ്ട് നിങ്ങളിൽ നിന്നാർക്കും തന്നെ എന്നിലേക്ക് എത്തിപ്പെടാൻ സാധിക്കില്ല. എന്റെ തൃപ്തിയുടെ മാർഗത്തെ അന്വേഷിക്കുന്നുവെങ്കിൽ, എന്റെ സാമീപ്യത്തെ തേടുന്നുവെങ്കിൽ വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ള നേർമാർഗത്തിലൂടെ മാത്രമേ എന്നിലേക്ക് എത്തിച്ചേരുകയുള്ളു. മുൻഗ്രന്ഥങ്ങൾക്ക് ഇനി അതിനുള്ള കഴിവില്ല. കാരണം, മനുഷ്യന്റെ ആരോപണം പുരാതന മതഗ്രന്ഥങ്ങളെ ആപത്കരവും നാശകരവുമാക്കി മാറ്റിയിരിക്കുന്നു.

**6. ലിഖൗമിൻ യഅ്‌ലമൂൻ**

ഇത് കിതാബുൻ ഫുസ്സിലത്ത് ആയാത്തുഹുവും ആകുന്നു, റഹ്മാനും റഹീമും ആയ അല്ലാഹുവിൽ നിന്ന് ഇറങ്ങിയതും ആകുന്നു, ഖുർആനും ആകുന്നു, അറബിയും ആകുന്നു. എന്നിരുന്നാലും എല്ലാവർക്കും മനസിലാകുന്ന ഗ്രന്ഥമല്ല. അതായത് ഇക്കാരണം കൊണ്ടെല്ലാം തന്നെ എല്ലാവർക്കും അതിലേക്ക് എത്തിപ്പെടാം എന്നർഥമില്ല. കാരണം ആത്മീയജ്ഞാനം ഉള്ളവർക്ക് മാത്രമേ ഈ ഗ്രന്ഥം ഉപകാരപ്പെടുകയുള്ളു. ഇതിൽ **ലാ യമസ്സുഹു ഇല്ലൽ മുത്വഹ്ഹറൂൻ** എന്ന വിഷയം മറ്റൊരു നിലയിൽ പരാമർശിച്ചിരിക്കുകയാണ്....

അല്ലാഹു പറയുന്നു, നമ്മുടെ ഖൂർആൻ പ്രകാശഭരിതമാണ്. എന്നാൽ അതിലെ ചില കിരണങ്ങൾ പരിശുദ്ധരല്ലാത്തവരിലേക്കും ആത്മീയതയില്ലാത്തവരിലേക്കും എത്തിപ്പെടുകയില്ല.... ചുരുക്കത്തിൽ, അല്ലാഹു പറയുന്നു, ഇത് ലിഖൗമിൻ യഅ്‌ലമൂൻ ആകുന്നു. അതായത് ആത്മീയജ്ഞാനം ഉള്ളവർക്കാണ് ഇത് ഉപകാരപ്പെടുക. ആത്മീയതയിലേക്ക് അല്പം പോലും ചായ്‌വില്ലാത്തവർക്ക് ഇത് പ്രയോജനപ്പെടുകയില്ല.

**7. ബശീർ**

ഇന്നത് ചെയ്താൽ നിങ്ങൾക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നതാണെന്ന ആയത്തുകൾ അതിൽ നിറഞ്ഞു കിടക്കുന്നു... നൂറുകണക്കിനും ആയിരക്കണക്കിനും സുവാർത്തകൾ വിശുദ്ധഖുർആന്റെ അനുയായികൾക്ക് അല്ലാഹു നൽകുന്നു. ആ അർഥത്തിൽ ഈ ഗ്രന്ഥം ബശീർ (സുവാർത്ത നൽകുന്നത്) ആകുന്നു. കാരണം എന്നെ അനുധാവനം ചെയ്യുന്നതായാൽ നിങ്ങൾക്ക് അനുഗ്രഹങ്ങൾക്കു മേൽ അനുഗ്രഹം ലഭിച്ചു കൊണ്ടിരിക്കുന്നതാണെന്ന് ഇത് വിളംബരം ചെയ്യുന്നു.

**8. നദീർ**

പറയുന്നു, അഥവാ നിങ്ങൾ അനുധാവനം ചെയ്യുന്നില്ലായെങ്കിൽ ഞാൻ പറഞ്ഞ മാർഗത്തിലൂടെ ചലിക്കുന്നില്ലായെങ്കിൽ, എന്നിലേക്ക് ശ്രദ്ധിക്കാതെ പുറം തിരിഞ്ഞ് നിന്ന് എന്നിൽ നിന്ന് അകലുകയാണെങ്കിൽ നിങ്ങൾക്ക് പല വിധത്തിലുള്ള വിപത്തുകളും, പരീക്ഷണങ്ങളും, ദു:ഖങ്ങളും, വേദനകളും, ദൈവകോപവും, ശാപവും ഉണ്ടാകുന്നതാണ്.... ലോകത്തിലെ ശിക്ഷകളെ സംബന്ധിച്ച് അല്ലാഹുവിന്റെ ഭയാനകമായ അടയാളങ്ങളെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകളാൽ ഈ ഗ്രന്ഥം നിറഞ്ഞിരിക്കുന്നു. അതിനാൽ ഈ വചനത്തിൽ വിശുദ്ധഖുർആന്റെ ഒരു വിശേഷണം നദീർ എന്ന് വച്ചിരിക്കുന്നു.

**9. ഫ അഅ്‌റള അക്സറുഹും**

അവരിൽ അധികം പേരും ഇതിലേക്ക് ശ്രദ്ധിക്കില്ല. ഈ മനോഹരമായ അദ്ധ്യാപനത്തിൽ നിന്ന് മുഖം തിരിക്കുന്നു. പ്രത്യക്ഷമായ നിലയിൽ ഇതിൽ നമുക്ക് ഒരു വിശേഷണവും മനസിലാകില്ല. എന്നാൽ യഥാർഥത്തിൽ ഇതിൽ പറഞ്ഞിരിക്കുന്നത്, ഇത് ഏറ്റവും മനോഹരമായ അദ്ധ്യാപനമാകുന്നു, അതിനെ നോക്കുന്നവർ ആകർഷിക്കപ്പെട്ടു എന്നാണ്. ഈ അദ്ധ്യാപനം ഹൃദയത്തെ മോഹിപ്പിക്കുന്നു. ഇതിലേക്ക് യഥാർഥത്തിൽ ശ്രദ്ധിക്കുകയും പിന്നീട് തങ്ങളുടെ ഉൾക്കാഴ്ചയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നവരുടെ ഹൃദയത്തെ ഖുർആന്റെ സൗന്ദര്യം പ്രഭാവിതമാക്കാതിരിക്കും എന്നത് സംഭവ്യമല്ല....

ഈ വചനത്തിൽ, മുഖം തിരിക്കുന്നവരുടെ അവസ്ഥയാണ് വിവരിച്ചിരിക്കുന്നതെങ്കിലും അതിൽ വിശുദ്ധഖുർആന്റെ സൗന്ദര്യത്തെ വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പറയുന്നു, ഇത് വളരെ മനോഹരമായ അദ്ധ്യാപനമാകുന്നു. കണ്ണുള്ളവർ തങ്ങളുടെ കണ്ണുകളും ഉൾക്കാഴ്ചയാലും നോക്കുന്നതായാൽ അവരൊരിക്കലും തന്നെ അതിന്റെ പ്രേമിയാകാതിരിക്കുന്നതല്ല.

**10. ഫഹും ലാ യസ്മഊൻ**

അവരതിനെ കേൾക്കുന്നില്ല. യഥാർഥത്തിൽ ഈ വചനത്തിൽ ഖുർആന്റെ ഒരു വിശേഷണമാണ് പ്രതിപാദിച്ചിരിക്കുന്നത്. അതിനെ കേൾക്കുന്നവർ പ്രഭാവിതരാകാതിരിക്കില്ല എന്ന യാഥാർഥ്യമാണ് വെളിപ്പെടുത്തിയിരിക്കുന്നത്. അല്ലാഹു പറയുന്നു, നാം അവർക്ക് നൽകിയ കാതുകൾകൊണ്ട് അവർ ശരിയായ രീതിയിൽ കേൾക്കുകയും, വിശുദ്ധഖുർആന്റെ മനോഹരങ്ങളായ അദ്ധ്യാപനങ്ങളെ വിവരിച്ചിരിക്കുന്ന മനോഹരങ്ങളായ വാക്കുകളെ ശ്ര ദ്ധിക്കുകയും ചെയ്താൽ നിശ്ചയമായും ഈ അദ്ധ്യാപനങ്ങൾ അവരിൽ സ്വാധീനം ചെലുത്തുന്നതാണ്.. അതിന് സ്പഷ്ടമായ ഒരു ഉദാഹരണം ഹദ്റത് ഉമർ(റ) ന്റെ ഇസ്‌ലാം ആശ്ലേഷണമാണ്.


ചുരുക്കത്തിൽ പത്താമത്തെ വിശേഷണമായി അല്ലാഹു പറയുന്നു, വിശുദ്ധഖുർആൻ വളരെ മനോഹരങ്ങളായ വാക്കുകളിൽ വളരെ സുന്ദരങ്ങളായ അദ്ധ്യാപനങ്ങൾ ലോകത്തിന് മുന്നിൽ സമർപിക്കുന്നു. അഥവാ ലോകം ഈ അദ്ധ്യാപനങ്ങളെ ശ്രവിക്കാൻ സന്നദ്ധരായാൽ അവരതിനെ അംഗീകരിക്കിന്നതിന് നിർബന്ധിതരായിത്തീരുന്നതാണ്. **(ഖുത്വുബ ജുമുഅ: 22.07.66)**




പുസ്തക പരിചയം

പി. എം. ബി

# ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും





***അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും***
***വാഗ്ദത്ത മസീഹി(അ)ന്റെ***
***അഞ്ചാം ഖലീഫയുമായ***

***മിർസാ മസ്റൂർ അഹ്മദ്*** (അയ്യദഹുല്ലാഹു)

***നടത്തിയ പ്രഭാഷണങ്ങളുടെയും***
***വൻ രാഷ്ട്രത്തലവൻമാർക്ക്***
***അദ്ദേഹം അയച്ച എഴുത്തുകളുടെയും***
***സമാഹാരം***

പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിലൂടെ ലോകം കടന്നുപോകുമ്പോൾ ഗൗരവാവഹമായ വിപത്തുകളാണ് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. രണ്ടാം ലോക മഹായുദ്ധത്തിനു തൊട്ടുമുമ്പ് സംജാതമായ സ്ഥിതിവിശേഷങ്ങൾ വീണ്ടും തലപൊക്കുമ്പോൾ അതിഭയാനകമായ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ സൂചനകളാണ് വെളിപ്പെടുന്നത്. ലോക അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹല്ലാഹു) മുന്നോട്ടു വെച്ച മാർഗദർശനങ്ങളാണ് ഈ കൃതിയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നത്. തന്റെ കണ്ടെത്തലുകൾ ഈ പ്രഭാഷണങ്ങളിലൂടെയും കത്തുകളിലൂടെയും അദ്ദേഹം അവതരിപ്പിക്കുന്നു. ലോകം ഈ വിപൽസന്ധിയിൽ എങ്ങനെ എത്തിച്ചേർന്നുവെന്നും അതിൽ നിന്നുള്ള രക്ഷയെങ്ങനെയെന്നും അദ്ദേഹം വിശദീകരിക്കുന്നു. അഹ്മദിയ്യാ ഖലീഫ സമാധാനം ഉറപ്പു വരുത്താനായി നിർദ്ദേശിക്കുന്ന പാത, വിനയവും നീതിയും കൈക്കൊണ്ട് ദൈവത്തിലേക്ക് തിരിയുക എന്നതത്രേ. മനുഷ്യൻ കരുണാദ്രനാവാൻ ബലവാൻ ദുർബ്ബലനോട് അന്തസ്സോടെയും ബഹുമാനത്തോടെയും നീതിയോടെയും പെരുമാറേണ്ടതുണ്ട്. ദുർബ്ബലരും ദരിദ്രരും കൃതജ്ഞത കാണിക്കുകയും സത്യത്തിന്റെയും സാത്വികതയുടെയും വഴികൾ കൈക്കൊള്ളേണ്ടതുമുണ്ട്. എല്ലാവരും പൂർണ്ണവിനയത്തോടും ആത്മാർത്ഥതയോടും തങ്ങളുടെ സ്രഷ്ടാവിലേക്ക് തിരിയേണ്ടതുണ്ട്.

# മഹ്ദി ഇമാം വെളിപ്പെട്ടു





ഇമാം മഹ്ദിയെക്കുറിച്ചുള്ള അടയാളങ്ങളും അതു സംബന്ധമായി ഹദ്റത്ത് അഹ്മദ്(അ) ന്റെ വാദങ്ങളുമാണ് ഈ ചെറിയ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

പ്രമുഖപണ്ഡിതനും വാഗ്മിയും എഴുത്തുകാരനുമായ മൗലാനാ മുഹമ്മദ് ഉമർ സാഹിബാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്.

# യസ്സർനൽ ഖുർആൻ

## (സാഹിബ് സാദാ പീർ മൻസൂർ മുഹമ്മദ്)




വിശുദ്ധഖുർആൻ ഒരു കുട്ടിക്ക് വളരെ അനായാസം പഠിക്കാൻ സഹായകമാകുന്നതും 1904 മുതൽ പ്രചാരത്തിലിരിക്കുന്നതുമായ ഖാഇദയാണ് യസ്സർനൽ ഖുർആൻ. പാരായണമുറയുടെ എല്ലാ നിയമവശങ്ങളും ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. ഗ്രന്ഥകർത്താവ് ഈ ഖാഇദ രചനയോടൊപ്പം തന്നെ ഖാഇദ പഠിക്കുന്നവർക്ക് തെറ്റ് വരാതിരിക്കാനായി അക്ഷരങ്ങളുടേയും, അക്ഷരസംയോഗങ്ങളു(ഇഅ്റാബ്) ടെയും ഒരു പ്രത്യേക എഴുത്ത് രീതിയും ആവിഷ്കരിച്ചിട്ടുണ്ട്. മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബാണ് ഈ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.

**ശതാബ്ദം**
**1914 സെപ്റ്റംബർ**
എ.എം

• ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) 1914 സെപ്തംബർ 16 ന് ഭോപ്പാലിന്റെ ഭരണാധികാരിയായിരുന്ന നവാബ് സുൽത്താൻ ജഹാൻ ബേഗമിന് ഒരു തബ്‌ലീഗീ കത്തെഴുതി ഹദ്റത് മിയാൻ മിഅ്റാജ് ദീൻ സാഹിബ് ഉമറിന്റെ കൈവശം കൊടുത്തയച്ചു. അതിൽ നവാബ് സിദ്ദീഖ് ഹസൻ ഖാൻ സാഹിബിന്റെ വ്യക്തിത്വത്തിൽ ഭോപ്പാലിൽ പൂർത്തിയായ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ അടയാളത്തെ കുറിച്ച് പരാമർശിച്ചു കൊണ്ട്, താൽപര്യമുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയുന്നതിനായി ജമാഅത്തിലെ ഏതാനും പണ്ഡിതന്മാരെ ഭോപ്പാലിലേക്ക് അയക്കാമെന്നും അറിയിച്ചു. (താരീഖെ അഹ്മദിയ്യത്ത്)

**ഗോൾ പോസ്റ്റ്**

സഫ്‌വാൻ വാഴക്കാല

# ഇന്റർവ്യൂ എന്ന കടമ്പ

സിവിൽ സർവീസ് പരീക്ഷയുടെ അന്തിമ ഘട്ടം ഇന്റർവ്യൂ അഥവാ വാചാപരീക്ഷയാണ്. സാധാരണഗതിയിലുള്ള അഭിമുഖ പരീക്ഷയിൽ നിന്നു വ്യത്യസ്തമായി ഉദ്യോഗാർത്ഥിയുടെ വ്യക്തിത്വ സവിശേഷതകളുടെ പരിശോധനയാണ് ഇവിടെ നടക്കുക. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഇതൊരു പേഴ്സണാലിറ്റി ടെസ്റ്റ് ആണ്.

എത്ര മിടുക്കനായാലും, എത്ര തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇന്റർവ്യൂ എന്നു കേൾക്കുമ്പോൾ ചെറിയ തോതിൽ ടെൻഷൻ ഉണ്ടാവാൻ സാധ്യതയുണ്ട്. ചെറിയ ടെൻഷൻ നല്ലതാണെങ്കിലും അത് അധികമായാൽ കാര്യങ്ങളൊക്കെ അവതാളത്തിലാകും. അതുകൊണ്ട് ആശങ്കകൾക്കും ഉത്കണ്ഠകൾക്കും അവധി നൽകി സമചിത്തതയോടെ അഭിമുഖ പരീക്ഷയെ സമീപിക്കുകയാണു വേണ്ടത്. കാരണം ഇന്റർവ്യൂവിൽ ലഭിക്കുന്ന മാർക്കിനു നിങ്ങളുടെ വിജയപരാജയത്തെ നിർണയിക്കാൻ കഴിയും. റാങ്കിങ്ങിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മൊത്തം 2025 മാർക്കിൽ 275 മാർക്ക് ഇന്റർവ്യൂവിനാണുള്ളത്. അതായത് മൊത്തം മാർക്കിന്റെ 13.5 ശതമാനം ഇന്റർവ്യൂവിൽ നിന്നു ലഭിക്കുമെന്നു സാരം.

സിവിൽ സർവീസ് അഭിമുഖത്തിന്റെ ഉദ്ദേശ്യം പൊതുസേവനമെന്ന കരിയർ നിങ്ങൾക്ക് എത്ര മാത്രം അനുയോജ്യമാണെന്ന് കണ്ടെത്തുക എന്നതാണ്. വിശാലമായ അർത്ഥത്തിൽ നിങ്ങളുടെ ധൈഷണിക കഴിവുകൾക്കൊപ്പം സാമൂഹിക ഗുണസവിശേഷതകളെയും ആനുകാലിക വിജ്ഞാനത്തിലുള്ള നിങ്ങളുടെ താത്പര്യത്തെയും വൈദഗ്ധ്യവും പരിചയസമ്പത്തും നിക്ഷ്പക്ഷതയും കൈമുതലായുള്ള ഇന്റർവ്യൂ ബോർഡ് വിലയിരുത്തുന്നു. ഇന്റർവ്യൂ ബോർഡ് നിങ്ങളെ സമ്മർദ്ദത്തിലാക്കിക്കൊണ്ട് നിങ്ങളുടെ നേരെ ചോദ്യങ്ങളുടെ ശരങ്ങളെയ്യുന്നില്ല. മറിച്ച് സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിച്ചുക്കൊണ്ട് സ്വഭാവിക രീതിയിൽ ഉദ്ദേശ്യാടിസ്ഥാനത്തിലുള്ള സംഭാഷണത്തിലൂടെ നിങ്ങളുടെ മാനസിക ഗുണസവിശേഷതകളെ മനസ്സിലാക്കുകയാണ് അവർ ചെയ്യുന്നത്. നിങ്ങൾക്കു ചുറ്റിലും, രാജ്യത്തിനു അകത്തും പുറത്തും നട ക്കുന്ന സംഭവവികാസങ്ങളിലും, ആധുനിക ചിന്താധാരകളിലും നവീന കണ്ടുപിടുത്തങ്ങളിലും മറ്റും നിങ്ങളെടുക്കുന്ന ബുദ്ധിപരമായ താത്പര്യം എത്രമാത്രമുണ്ടെന്ന് അവർ വിലയിരുത്തുന്നു. കൂടാതെ നിങ്ങളുടെ മാനസിക ഊർജസ്വലത, കാര്യങ്ങളെ മനസ്സിലാക്കാനും സ്വാംശീകരിക്കാനുമുള്ള കഴിവ്, വ്യക്തവും യുക്തിപരവുമായ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാനുള്ള ശേഷി, നേതൃത്വം കൊടുക്കാനും മറ്റുള്ളവരുമായി സഹകരിച്ചു പ്രവർത്തിക്കാനുമുള്ള കഴിവ്, വ്യത്യസ്തവും ആഴത്തിലുള്ളതുമായ താത്പര്യം, ധൈഷണികവും ധാർമ്മികവുമായ സത്യസന്ധത തുടങ്ങിയവയും പരീക്ഷിക്കപ്പെടും.

സിവിൽ സർവീസ് ഇന്റർവ്യൂവിന്റെ പ്രാധാന്യവും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മനസ്സിലാക്കിക്കൊണ്ട് ഗൗരവത്തോടെയാവണം നാം അതിനെ സമീപിക്കേണ്ടത്. അലസ സമീപനത്തിലൂടെ ഈ കടമ്പ എളുപ്പത്തിൽ ചാടികടക്കാൻ കഴിയില്ലെന്ന് ഓർമ്മ വെക്കേണ്ടതാണ്. മികച്ച രീതിയിലുള്ള തയ്യാറെടുപ്പു ഇതിന് അത്യന്താപേക്ഷിതമാണ്. നൂറു മീറ്റർ ഓട്ടമത്സരത്തിലെ ജേതാവിനെ പോലെയായിരിക്കണം തയ്യാറെടുപ്പുകൾ നടത്തേണ്ടത്. സെക്കന്റ്സിന്റെ വ്യത്യാസത്തിലായിരിക്കും അയാൾ മത്സരത്തിൽ വിജയിയാവുന്നത്. എന്നാൽ ആ വ്യത്യാസം അയാൾ നേടിയെടുക്കുന്നത് വർഷങ്ങളുടെ പരിശീലനത്തിലൂടെയായിരിക്കും. അതുപോലെ ഇന്റർവ്യൂവിനു മുന്നോടിയായുള്ള തയ്യാറെടുപ്പ് വളരെ നേരത്തെ തന്നെ തുടങ്ങുന്നതാണു ഉചിതം. ദീർഘകാല അടിസ്ഥാനത്തിൽ ഭാഷാനൈപുണ്യം, ആശയവിനിമയശേഷി, കാര്യങ്ങൾ യുക്തിപൂർവ്വം അവതരിപ്പിക്കാനുള്ള കഴിവ് തുടങ്ങിയവ ആർജ്ജിച്ചെടുക്കാനുള്ള ശ്രമങ്ങൾ വേണം. മെയിൻ പരീക്ഷ കഴിയുമ്പോഴേക്കും യുദ്ധകാലാടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷത്തെ ദേശീയ അന്തർദേശീയ സംഭവവികാസങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും അവയെക്കുറിച്ച് ശരിയായ ധാരണ ഉണ്ടാക്കുകയും വേണം. കൂടാതെ സാധ്യതാചോദ്യങ്ങളെക്കുറിച്ചൊരു ധാരണയിലെത്തുകയും വേണം.

മെയിൻ പരീക്ഷക്കുള്ള അപേക്ഷയിൽ നിങ്ങൾ നൽകിയിട്ടുള്ള നിങ്ങളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ, ഹോബി ഉൾപ്പെടെയുള്ള വിശദമായ വ്യക്തിഗത വിവരങ്ങൾ ഇന്റർവ്യൂ ബോർഡിന്റെ കൈവശമുണ്ടാവും. ഒരു പക്ഷേ അതിൽ നിന്നു ചോദ്യങ്ങൾ ചോദിച്ചു ഇന്റർവ്യൂ ആരംഭിക്കാം. അതുകൊണ്ട് നൽകിയ വിവരങ്ങൾക്കുള്ള വ്യക്തമായ മറുപടികൾ തയ്യാറാക്കിവെക്കേണ്ടതാണ്. ചില സാഹചര്യങ്ങൾ നൽകിക്കൊണ്ട് അത്തരം സന്ദർഭങ്ങളിൽ നിങ്ങളെങ്ങനെ പെരുമാറുമെന്നു ചോദിക്കാം. സാധ്യതാ ചോദ്യങ്ങൾ തയ്യാറാക്കുകയാണെങ്കിൽ ഇത്തരം ചോദ്യങ്ങളെ നേരിടാൻ കഴിയും.

ഇന്റർവ്യൂമായി ബന്ധപ്പെട്ടുകൊണ്ട് പൊതുവായ ചില കാര്യങ്ങൾ ശ്രദ്ധയിൽ വെക്കുന്നത് ഉചിതമായിരിക്കും. മാന്യമായ വിധത്തിലുള്ള വസ്ത്രമായിരിക്കണം ഇന്റർവ്യൂവിനു ധരിക്കേണ്ടത്. തിളക്കമുള്ളതോ കടുംനിറങ്ങളിലോ ഉള്ളതുമായ വേഷവിധാനം ഒഴിവാക്കുന്നതാണ് നല്ലത്. പ്രസന്നവദനനായിവേണം ഇന്റർവ്യൂ ബോർഡിനെ സംബോധന ചെയ്യാൻ. അനുവാദം ലഭിച്ചതിനുശേഷമെ ഇരിക്കാൻ പാടുള്ളൂ. അത്യാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ മാത്രം കയ്യിൽ കരുതുക. ശ്രദ്ധയോടെ കേൾക്കുകയും ചോദ്യം മനസ്സിലായില്ലെങ്കിൽ ഒന്നുകൂടി ആവർത്തിക്കാൻ നിങ്ങൾക്കു ആവശ്യപ്പെടാവുന്നതാണ്. തിടുക്കത്തിൽ ഉത്തരം പറയാതെ സമചിത്തതോടെയാവണം ചോദ്യത്തെ കൈകാര്യം ചെയ്യേണ്ടത്. അറിയില്ലെങ്കിൽ അറിയില്ലെന്ന് പറയാൻ സന്നദ്ധനായിരിക്കണം. നിങ്ങളുടെ ശരീരഭാഷയും സംസാരവും ഒത്തുചേർന്നുപോകുന്നതായിരിക്കണം. നിങ്ങൾ സംസാരിക്കുമ്പോൾ ബോർഡംഗങ്ങളുടെ കണ്ണിൽ നോക്കി സംസാരിക്കാൻ ശ്രദ്ധിക്കണം. വിവാദവിഷയങ്ങളിൽ സന്തുലിതമായ നിലപാടായിരിക്കണം എടുക്കേണ്ടത്. ബോർഡംഗങ്ങൾ നിങ്ങളെ പ്രകോപിതനാക്കാൻ ശ്രമിച്ചാൽ ശാന്തതയോടെയാവണം പെരുമാറേണ്ടത്.

സാധ്യമാവുന്നത്ര മോക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കൽ അനിവാര്യമാണ്. അതു നിങ്ങളുടെ തെറ്റുകൾ തിരുത്താനും ചേഷ്ടാവിശേഷങ്ങളിലെ വൈകല്യങ്ങൾ ഒഴിവാക്കാനുമൊക്കെ സഹായിക്കും. നിരന്തരാഭ്യാസം ഒരാളെ പൂർണ്ണനാക്കുന്നുവെന്നാണ് പറയാറുള്ളത്. അതുകൊണ്ട്തന്നെ ശരിയായ പരിശീലനത്തിലൂടെ ഇന്റർവ്യൂ എന്ന കടമ്പ വളരെ എളുപ്പത്തിൽ ഒരാൾക്ക് ചാടികടക്കാൻ കഴിയും. സാമാന്യബോധം കലർന്ന ഒരൽപം ആത്മവിശ്വാസം കൈമുതലായുണ്ടായാൽ മതി. ഒരു ശ്രീറാമിനോ, ഹരിതയ്ക്കോ, ആൽബിക്കോ കഴിയുമെങ്കിൽ പിന്നെ എനിക്കെന്തുക്കൊണ്ട് കഴിയില്ലെന്ന ചിന്ത അതൊന്നുമാത്രം മതി നിങ്ങൾ കണ്ട സ്വപ്നം യാഥാർത്ഥ്യമാവാൻ.

(കരിയർ/കോഴ്സ് സംബന്ധമായ നിങ്ങളുടെ സംശയങ്ങളും വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും alhaqeditor@gmail.com ലേക്ക് എഴുതി അറിയിക്കാൻ താത്പര്യപ്പെടുന്നു.)

# ഖുദ്ദാമുൽ അഹ്മദിയ്യാ
# കേരള സ്റ്റേറ്റ് ഇജ്തിമ 2014

NEWS TIME

**ആഗസ്റ്റ് 16,17. ബൈത്തുൽ ഖുദ്ദൂസ് കോഴിക്കോട്**

Majlis Khuddamul Ahmadiyya & Atfalul Ahmadiyya
Kerala State Ijtema 2014
Aug-16th & 17th CALICUT

കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് ജില്ലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബിന്റെ അധ്യക്ഷതയിൽ സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് റഫീഖ് അഹ്മദ് സാഹിബ് ബേഗ് ഇജ്തിമ ഉദ്ഘാടനം ചെയ്തു.






ജില്ലാ നാസിം അൻസാറുല്ല എം. റഫി അഹ്മദ് സാഹിബ് ആശംസ അർപിച്ചു. മൗലവിമാരായ ഇസ്മാഈൽ സാഹിബ്, സുൽത്താൻ നസീർ സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ ഇൻസ്പെക്ടർ (കേരള, തമിഴ്നാട്) ഹാരിസ് സാഹിബ്, ജില്ലാ ഖാഇദുമാർ, സദ്ർ ഇജ്തിമ കമ്മിറ്റി എന്നിവർ സന്നിഹിതരായിരുന്നു. സമാപന സമ്മേളനത്തിൽ മലപ്പുറം ജില്ലാ അമീർ ടി.കെ. അമീറലി സാഹിബ്, പാലക്കാട് ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ് എന്നിവർ ആശംസകൾ അർപിച്ചു.




**6 ജില്ലകളിൽ നിന്നായി 800 ാളം ഖുദ്ദാം അത്ഫാൽ സഹോദരങ്ങൾ ഇജ്തിമയിൽ പങ്കെടുത്തു. മൊത്തം മത്സരങ്ങളിൽ പാലക്കാട് ജില്ല ഓവറോൾ ചാമ്പ്യന്മാരായി**






The Ahmadiyya Muslim Communitty
PEACE
CONFERENCE 2014

# പീസ് കോൺഫറൻസ്

NEWS TIME

കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് **16-08-2014** ന് വൈകിട്ട് 5 മണി മുതൽ 8 മണിവരെ പീസ് കോൺഫറൻസ് സംഘടിപ്പിച്ചു. ഇതിൽ സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതും മറ്റു വിശിഷ്ട വ്യക്തികളും പങ്കെടുത്തു. ചടങ്ങിൽ സദ്ർ സാഹിബ് **'WORLD CRISIS AND PATH WAY TO PEACE'** എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം എം.കെ. രാഘവൻ എം.പി.ക്ക് നല്കി പ്രകാശനം ചെയ്തു. തുടർന്ന് വിശിഷ്ട വ്യക്തികൾ പ്രസംഗിച്ചു.











# പാലക്കാടിന് ഓവറോൾ കിരീടം

**കോഴിക്കോട്:** ആഗസ്റ്റ് 16,17 (ശനി, ഞായർ) ദിവസങ്ങളിൽ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നടന്ന മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമയിൽ പാലക്കാട് ജില്ലാ ഓവറോൾ ചാമ്പ്യന്മാരായി. പാലക്കാട് ജില്ലയെ പ്രതിനിധീകരിച്ച്കൊണ്ട് പാലക്കാട്, കൊടുവായൂർ, മണ്ണാർക്കാട്, മുറിയക്കണ്ണി, അലനല്ലൂർ, തിരുവിഴാം കുന്ന്, കാവശേരി, ചേലക്കര, ചാവക്കാട് ജമാഅത്തുകളിലെ ഖുദ്ദാം അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു.













# ദാഊ ഇലല്ലാഹ് ക്യാമ്പും പൊതുയോഗവും

**തിരുവിഴാംകുന്ന് :** ദഅ്വത്തെ ഇലല്ലാഹ് ജുനൂബി ഹിന്ദിന്റെ നിർദ്ദേശപ്രകാരം പാലക്കാട് ജില്ലയുടെ ആഭിമുഖ്യത്തിൽ തിരുവിഴാം കുന്ന് ജമാഅത്തിന്റെ അങ്കണത്തിൽ വച്ച് ദാഊഇലല്ലാഹ് ക്യാമ്പും പൊതുയോഗവും നടക്കുകയുണ്ടായി. മൗലവി.ടി.മുഹമ്മദ് മൻസിൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ അമീർ എച്ച്.സുലൈമാൻ സാഹിബ് ഉദ്ഘാടനം നിർവ്വഹിച്ചു.

യോഗത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ചു കൊണ്ട് മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി മുഹമ്മദ് റഷീദ് സാഹിബ്, മുള്ളുർക്കര മുഹമ്മദുണ്ണിമുസ്ല്യാർ, മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിക്കുകയുണ്ടായി. ജില്ലാ സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ് ടി. കുഞ്ഞീതുമാസ്റ്റർ സാഹിബ് നന്ദി പറയുകയും ചെയ്തു. ജില്ലയിലെ വിവിധ ജമാഅത്തുകളിൽ നിന്ന് 200ൽ പരം അംഗങ്ങൾ പങ്കെടുത്തു.

**കരുളായി :** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മലപ്പുറം ജില്ലയുടെ ആഭിമുഖ്യത്തിൽ കരുളായി




ജമാഅത്തിൽ വച്ച് ദാഊ ഇലല്ലാഹ് പരിശീലന ക്യാമ്പും ചന്തക്കുന്ന് ബസ്സ് സ്റ്റാന്റിൽ വച്ച് പൊതുയോഗവും നടക്കുകയുണ്ടായി. ജില്ലാ അമീർ ടി.കെ.അമീറലി സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് ( മുബല്ലിഗ് ദഅ്വത്തെ ഇലല്ലാഹ്) ഉദ്ഘാടനം ചെയ്തു.

വിവിധ വിഷയങ്ങളെ അധികരിച്ചു കൊണ്ട് മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി എം.നാസിർ അഹ്മദ് സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി ഗുലാം അഹ്മദ് ഇസ്മാഈൽ സാഹിബ് എന്നിവർ പ്രസംഗിക്കുകയുണ്ടായി. ജില്ലാ സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ് അൻവർ സാദത്ത് സാഹിബ് സ്വാഗതവും, മുഅല്ലിം ടി.കെ. മഹ്മൂദ്




സാഹിബ് നന്ദിയും പറഞ്ഞു. ജില്ലയിലെ വിവിധ ജമാഅത്തുകളിൽ നിന്ന് 200ൽ പരം അംഗങ്ങൾ പങ്കെടുത്തു. ദാഊ ഇലല്ലാഹ് പരിശീലനക്യാമ്പിൽ 85 ദാഊ ഇലല്ലമാർ പങ്കെടുത്തു

# മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് - തൃശ്ശൂർ ജില്ലാ ഇജ്തിമാഅ് - 2014

**മുറിയക്കണ്ണി:** മൗലവി മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂരിന്റെ ഖുർആൻ പാരായണത്തോടുകൂടി ആരംഭിച്ച ഇജ്തിമായുടെ ഉദ്ഘാടനം ജില്ലാ അമീർ ജനാബ് എച്ച്.സുലൈമാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഭാരത് നാഇബ് സദർ ജനാബ് പി.പി.നാസറുദ്ദീൻ സാഹിബ് നിർവ്വഹിച്ചു. സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്ന സാമൂഹ്യതിന്മകളിൽ നിന്നും അനാചാരങ്ങളിൽ നിന്നും വിട്ടു നിൽക്കാനും ഭാവിതലമുറയെ സംരക്ഷിക്കുവാനും അൻസാറുകൾ ജാഗ്രത പാലിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. മലപ്പുറം ജില്ലാ നാസിം ജനാബ് സി.എച്ച്. സിദ്ധീഖ് സാഹിബ്, പാലക്കാട് ജില്ലാ ഖാഇദ് ലിയാക്കത്ത് സാഹിബ് എന്നിവർ സംസാരിച്ചു. ജില്ലാ നാഇബ് നാസിം ഉമൂമി മുനീർ അഹമ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു.

മൗലവിമാരായ മുഹമ്മദ് റഷീദ് സാഹിബ്, സൈനുൽ ആബിദിൻ സാഹിബ്,നജീബ്ഖാൻ സാഹിബ്, മൻസിൽ സാഹിബ് എന്നിവരും പ്രൊഫ. അബ്ദുൽ കരീം സാഹിബ്, ഷമീം സാഹിബ് എന്നിവരും ക്ലാസ്സുകൾ എടുത്തു.


ജില്ലാ നായിബ് ജനാബ് താജുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപന




സെഷനിൽ മത്സരവിജയികൾക്ക് ജില്ലാ അമീർ സാഹിബ്, ജില്ലാ നാസിം സാഹിബ്, മുറിയക്കണ്ണി പ്രസിഡണ്ട് സാഹിബ് എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. മുതിർന്ന അൻസാറുകളെ ഉപഹാരങ്ങൾ നല്കി ആദരിക്കുകയും ചെയ്യുകയുണ്ടായി. ഇജ്തിമാഅ് കമ്മിറ്റി ചെയർമാൻ കെ.ഉണ്ണീൻ സാഹിബ് നന്ദി പറഞ്ഞു.

മുറിയക്കണ്ണി സയിം എ.പി.മുഹമ്മദ് ഇസ്മയിൽ സാഹിബ്, ഖായിദ് ജലീൽ സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ അൻസാറുകളും ഖാദിമീങ്ങളും ഇജ്തിമാഅ്ക്ക് വേണ്ട സൃഷ്ടി സേവനങ്ങൾ ചെയ്തു.

# തർബിയത്ത് ക്യമ്പ്




**എറണാകുളം:** മജ്‌ലിസ് അൻസാറുല്ലാ എറണാകുളം മേഖല ജില്ലാ തർബിയത്ത് ക്യാമ്പ് സംഘടിപ്പിച്ചു. സോണൽ നാസിം പി. മുഹമ്മദ് കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ അമീർ പി.കെ ശാഹുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. മൗലവി ടി.എം. മുഹമ്മദ്, മൗലവി ഹാശിം അശ്റഫ്, മൗലവി ബി.എം. ആരിഫ് മുഹമ്മദ്, ടി.കെ. അബൂബക്കർ എന്നിവർ സംബന്ധിച്ചു.

## ഒന്നാം സ്ഥാനം



**കടലായി:** Institute of Scientific Research and Training (ISRT) യുടെ National Health Programme ആയ Fun with Maths എന്ന മത്സര പരിപാടിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സാനിയ റഷീദ് ( 9 വയസ്സ്), റഷീദ് സെംലീന ദമ്പതികളുടെ മകളാണ്.



ആരോഗ്യം

സീമാ അബ്ബാസി, ജർമനി

# പല്ലും പഞ്ചസാരയും

## പഞ്ചസാര പല്ലിന്റെ ഏറ്റവും വലിയ ശത്രുവാകുന്നു.




പഞ്ചസാര കഴിക്കുമ്പോൾ അത് വായിൽ ഒരു അമ്ലം ഉൽപാദിപ്പിക്കുന്നു. ഭക്ഷണം കഴിച്ചതിന് ശേഷം ഏതാനും നിമിഷങ്ങൾക്കുള്ളിൽതന്നെ ഈ അമ്ലം ഉൽപാദിപ്പിക്കപ്പെടുന്നു. എന്നാൽ അത് ഇല്ലാതാകുന്നതിനായി ഏകദേശം ഇരുപത് മിനിറ്റ് വേണ്ടി വരുന്നു. ഈ അമ്ലം പല്ലിന്റെ മുകളിലുള്ള പാടയായ ഇനാമലിന് ദോഷം ചെയ്യുന്നു. രാസപ്രവർത്തനത്തിലൂടെ ഇത് ഇനാമലിനെ ഇല്ലാതാക്കുന്നു. എത്ര പഞ്ചസാര അല്ലെങ്കിൽ കാർബോഹൈഡ്രേറ്റ്സ് കഴിച്ചു എന്നതിനേക്കാൾ കൂടുതൽ എത്ര തവണ പഞ്ചസാര അടങ്ങിയ വസ്തുക്കൾ കഴിച്ചു എന്നതാണ് നോക്കേണ്ടത്.



കുട്ടികളുടെ പല്ല് കൂടുതൽ മാർദവമുള്ളതായിരിക്കും. അതിനാൽ മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളുടെ പല്ലുകൾക്ക് കേടു സംഭവിക്കുന്നു. പഞ്ചസാരയും മറ്റ് കാർബോഹൈഡ്രേറ്റ്സും കീടാണുക്കൾക്ക് പ്രിയങ്കരമാണ്. അവയിൽ ഈ കീടാണുക്കൾ വളരെ വേഗത്തിൽ പെരുകുന്നു.

അതിനാൽ പഞ്ചസാരയോ മിഠായിയോ മധുരപലഹാരങ്ങളോ കഴിക്കണമെങ്കിൽ ഭക്ഷണത്തിന് ശേഷം കഴിക്കുക. കാരണം ഭക്ഷണ ശേഷം ഉടൻ ബ്രഷ് ചെയ്യുന്നതിനാൽ അമ്ലത്തിന് പല്ലിനെ സ്വാധീനിക്കാൻ സാധിക്കില്ല.

ഒരു ദിവസത്തിൽ അല്പാല്പ സമയത്തിൽ പഞ്ചസാരയോ പഞ്ചസാര അടങ്ങിയ ഭക്ഷണ പദാർഥ ങ്ങളോ കഴിച്ചു കൊണ്ടിരുന്നാൽ അതിനർഥം കൂടുതൽ പല്ലുകൾ ആ അമ്ലത്താൽ പ്രഭാവിതമാകും എന്നാണ്. തൽഫലമായി പല്ലിന്റെ ഇനാമൽ നിരന്തരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കും.









*(ഹുവശ്ശശ്ശാഫി 2012)*



# ഊർ പട്ടണം
## (UR CITY)




പ്രാചീന ഇറാഖിലെ (മെസപ്പൊട്ടേമിയ) ഒരു പട്ടണമായിരുന്നു ഊർ. യൂഫ്രട്ടിസ് ടൈഗ്രിസ് നദികളുടെ ഇടയിലായിട്ടാണ് ഈ പട്ടണം സ്ഥിതി ചെയ്തിരുന്നത്. ബൈബിളിൽ ഹദ്റത് ആദം(അ)നെ സൃഷ്ടിച്ച തോട്ടത്തെ സംബന്ധിച്ച് പറയുന്നത് അതിനു യൂഫ്രട്ടിസ് ടൈഗ്രിസ് നദികൾ ജലം പകർന്നു എന്നാണ്. പ്രസ്തുത വചനത്തിൽ നിന്നും ആ തോട്ടം ഊർ പട്ടണമായിരുന്നു എന്ന് മനസ്സിലാകുന്നു. കൂടാതെ ഹദ്റത് നൂഹ് (അ)ന്റെയും അദ്ദേഹത്തിന്റെ സമുദായത്തിന്റെയും സംഭവങ്ങളും ഈ പ്രദേശവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. കൂടാതെ ഹദ്റത് ഇബ്റാഹിം (അ)ന്റെ ജന്മദേശമായും പറയപ്പെടുന്നത് ഇതേ ഊർ പ്രദേശമാണ്.



Tigris river




Sir Leonard Woolley

ആധുനിക ഗവേഷകർ ഈ പട്ടണത്തെ ഖനനം ചെയ്തതിൽ നിന്നും വെളിപ്പെടുന്നത് ഇത് വളരെ പുരാതന സംസ്കാരമായിരുന്നു എന്നാണ്. ആദ്യം ഇവിടെ ഖനനം നടത്തിയത് മിസ്റ്റർ ഹാൾ ആയിരുന്നു. പിന്നീട് 1922ൽ സർ ലിയോനാർഡ് വൂളി ഇവിടം ഖനനം ചെയ്ത് ഗവേഷണം നടത്തി. ഹദ്റത് ഈസാ (അ)ന് 3500 വർഷങ്ങൾക്ക് മുമ്പുായിരുന്ന സംസ്കാരമായിരുന്നു ഇത് എന്നവർ സ്ഥാപിച്ചിരുന്നു. പിന്നീടുള്ള ഗവേഷണങ്ങൾ അതിനേക്കാളും പുരാതന സംസ്കാരമാണെന്ന് സ്ഥാപിക്കുകയുണ്ടായി.



Ur Ziggurat



ഒരു ഭാഗത്ത് പശ്ചിമ അറേബ്യയിൽ കഅബയെപോലുള്ള അതിപുരാതന ആരാധനാലയം കാണപ്പെടുന്നു. മറുഭാഗത്ത് പൂർവ ദിക്കിൽ ഊർ പട്ടണത്തിലെ അതിപുരാതന സംസ്കാരത്തിന്റെ ശേഷിപ്പുകൾ നമുക്ക് ലഭിക്കുന്നു. ചരിത്രവിജ്ഞാനത്തിന്റെ മഹത്തായ പരിവർത്തനങ്ങളുടെ കേന്ദ്രമായി ഈ പ്രദേശത്തെ വിശേഷിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം ഹദ്റത് ആദം(അ) ന്റെ ജന്മദേശം അല്ലെങ്കിൽ മനുഷ്യസംസ്കാരത്തിന്റെ വളർച്ചയുടെ തുടക്കം ഈ പ്രദേശമാണെന്ന് ചിന്തിക്കാവുന്നതാണ്.

*(തഫ്സീറെ കബീർ, വാള്യം 1)*

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish

Chief Editor : Mohammad Najeeb Khan
Editor : Arif Mohammad
Members : Ameerudheen Sajid, T.Jamshad Ahmad

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut